# ജീവദീപ്തി



എന്നും ഇരുട്ടകറ്റുന്ന ഒരാൾ

പോണേക്കര
പരിശുദ്ധ ആരോഗ്യമാതാ
ദൈവാലയത്തിൽ

പരിശുദ്ധ കന്യകാമറിയത്തിന്റെ


# ജനനത്തിരുനാൾ

2026 സെപ്റ്റംബർ 6,7,8
(ഞായർ, തിങ്കൾ, ചൊവ്വ)
തീയതികളിൽ



**നവനാൾ നൊവേന**
2026 ആഗസ്റ്റ് 28 മുതൽ
സെപ്റ്റംബർ 5 വരെ

**തിരുനാൾ ദിനങ്ങൾ**
2026 സെപ്റ്റംബർ 6,7,8



**2026 സെപ്റ്റംബർ 6 ഞായർ**
വൈകിട്ട് 4.15 ന് : പ്രസുദേന്തി വാഴ്ച
5.30 ന് : **തിരുനാൾ കൊടികയറ്റം**
**അഭിവന്ദ്യ. ഡോ.ആന്റണി വാലുങ്കൽ**
(വരാപ്പുഴ അതിരൂപതാ സഹായ മെത്രാൻ)
തുടർന്ന്
: ആഘോഷമായ ദിവ്യബലി
വചന സന്ദേശം : റവ. ഫാ. ആന്റണി റാഫേൽ
കൊമരംചാത്ത്
(അസ്സോസിയേറ്റ് ഡയറക്ടർ ലൂർദ് ഹോസ്പിറ്റൽ)
കാഴ്ച്ചവെപ്പ് : പ്രസുദേന്തിമാരുടെ കുടുംബാംഗങ്ങൾ

എഡിറ്റോറിയൽ

# മൗനമെന്ന ആത്മീയ ഔഷധം





ഫാ. ആന്റണി റാഫേൽ
കൊമരംചാത്ത്

രാവിലെ ഉണരുമ്പോൾ കേൾക്കുന്ന അലാറത്തിന്റെ ശബ്ദത്തിൽ തുടങ്ങി രാത്രിയിലെ ഫോൺ സന്ദേശങ്ങൾ വരെ നമ്മുടെ ജീവിതം ഇന്ന് ശബ്ദകോലാഹലങ്ങളുടെ പെരുമഴക്കാലമാണ്. തിരക്കുപിടിച്ച റോഡുകൾ, ജോലിത്തിരക്കുകൾ, സോഷ്യൽ മീഡിയയിലെ അപാരമായ വിവരപ്രവാഹം... ഇതിനിടയിൽ എവിടെയോ നമുക്ക് നമ്മെത്തന്നെയും, ദൈവവുമായുള്ള അഗാധമായ ബന്ധത്തെയും നഷ്ടപ്പെടുന്നതുപോലെ തോന്നാറില്ലേ? ഇവിടെയാണ് 'മൗനം' അഥവാ ശാന്തത നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ ആത്മീയ ഔഷധമാകുന്നത്.

ഒരു തലമുറ മുൻപ് വരെ നമ്മുടെ ഗ്രാമങ്ങളും കുടുംബങ്ങളും പ്രകൃതിയുടെ ശാന്തതയാൽ സമൃദ്ധമായിരുന്നു. വെളുപ്പിന് പള്ളിയിൽ നിന്ന് കേൾക്കുന്ന മണിനാദവും, തൊടിയിലെ പക്ഷികളുടെ പാട്ടും, വൈകുന്നേരങ്ങളിൽ വരാന്തകളിൽ ഒന്നിച്ചിരുന്ന് ചൊല്ലിയിരുന്ന സന്ധ്യാപ്രാർത്ഥനകളും മാത്രമായിരുന്നു അവിടുത്തെ പ്രധാന 'ശബ്ദങ്ങൾ'. ആ ശബ്ദങ്ങൾക്ക് മനുഷ്യന്റെ മനസ്സിനെ അസ്വസ്ഥമാക്കാൻ കഴിയില്ലായിരുന്നു; പകരം, അവ കുടുംബങ്ങളിൽ വലിയൊരു സമാധാനവും ദൈവീക സാന്നിധ്യവുമാണ് നിറച്ചിരുന്നത്.

എന്നാൽ ഇന്ന് ഗ്രാമാന്തരീക്ഷങ്ങൾ പോലും നഗരവൽക്കരിക്കപ്പെട്ടിരിക്കുന്നു. വൈകുന്നേരങ്ങളിൽ പ്രാർത്ഥനയിലും കുടുംബാംഗങ്ങളുമായുള്ള ആശയവിനിമയത്തിലും സമയം കണ്ടെത്തിയിരുന്ന നാം ഇന്ന് ടെലിവിഷൻ സ്ക്രീനുകൾക്കും സ്മാർട്ട്ഫോണുകൾക്കും മുന്നിൽ തടവറയിലാണ്. ബാഹ്യമായ ശബ്ദങ്ങളേക്കാൾ വലിയൊരു കോലാഹലം ഇന്ന് ഓരോ മനുഷ്യന്റെയും ഉള്ളിൽ നടക്കുന്നുണ്ട്. എന്തൊക്കെയോ നേടിയെടുക്കാനുള്ള നെട്ടോട്ടം, ആകുലതകൾ, മറ്റ് കുടുംബങ്ങളുമായുള്ള താരതമ്യങ്ങൾ... ഇവയെല്ലാം മനസ്സിന്റെയും കുടുംബങ്ങളുടെയും സമാധാനം കെടുത്തുന്നു.

വിശുദ്ധ ഗ്രന്ഥത്തിൽ നാം കാണുന്നുണ്ട്, ഏലിയാ പ്രവാചകൻ ദൈവത്തെ കണ്ടുമുട്ടിയത് കൊടുങ്കാറ്റിലോ ഭൂകമ്പത്തിലോ തീയിലോ ആയിരുന്നില്ല; മറിച്ച്, 'മന്ദമാരുതന്റെ ശാന്തമായ സ്വനത്തിലാണ്' (1 രാജാക്കന്മാർ 19:12). ബഹളങ്ങൾക്കിടയിൽ ദൈവത്തിന് നമ്മോട് സംസാരിക്കാൻ കഴിയില്ല. ദൈവശബ്ദം കേൾക്കണമെങ്കിൽ നാം മൗനത്തിന്റെ വഴി തിരഞ്ഞെടുക്കണം. മൗനം എന്നാൽ കേവലം വാതിലടച്ചിരിക്കലോ സംസാരിക്കാതിരിക്കലോ മാത്രമല്ല; അത് മനസ്സിനെ ശാന്തമാക്കി ദൈവത്തിന് മുൻപിൽ സമർപ്പിക്കലാണ്.

പ്രഭാതത്തിൽ ഫോൺ കൈയിലെടുക്കുന്നതിന് മുൻപ് ഒരു നിമിഷം ദൈവത്തോട് നന്ദി പറഞ്ഞു കൊണ്ടുണരുന്ന ആ നിശ്ശബ്ദത... അല്ലെങ്കിൽ സന്ധ്യാസമയത്ത് പ്രാർത്ഥനാമുറിയിൽ, ദിവ്യകാരുണ്യ നാഥന്റെ തിരുമുൻപിൽ തനിച്ചിരുന്ന് മനസ്സ് തുറക്കുന്ന ആ കുറച്ചു നിമിഷങ്ങൾ... ഈ ശാന്തതയിലാണ് നമ്മുടെ ആത്മാവിന് പുതിയ കരുത്ത് ലഭിക്കുന്നത്.

മൗനം നമ്മെ ദൈവത്തിലേക്കും നമ്മിലേക്ക് തന്നെയും തിരിച്ചുവിളിക്കുന്നു. പുറത്തെ ശബ്ദങ്ങൾ നിലയ്ക്കുമ്പോഴാണ് ഉള്ളിലെ ദൈവീക സന്ദേശങ്ങൾ നാം കേട്ടുതുടങ്ങുന്നത്. നാം ആരാണെന്നും, ഈ ലോകത്തിൽ നമ്മുടെ ദൗത്യമെന്തെന്നും തിരിച്ചറിയാൻ ഈ നിശ്ശബ്ദത സഹായിക്കും. ക്ഷമയും സ്നേഹവും നിറഞ്ഞ സൽക്കർമ്മങ്ങൾ ചെയ്യാനും, തീരുമാനങ്ങൾ കൂടുതൽ വ്യക്തതയോടെ എടുക്കാനും ശാന്തമായ ഒരു മനസ്സിന് കഴിയും.

നമുക്ക് ചുറ്റുമുള്ള പ്രകൃതി ദൈവത്തിന്റെ വലിയൊരു സമ്മാനമാണ്. പച്ചപ്പും കാറ്റും പുഴകളും നമ്മോട് പറയുന്നത് ദൈവീക ശാന്തതയിലേക്ക് മടങ്ങിവരാനാണ്. ജീവിതത്തിലെ ഏറ്റവും മനോഹരമായ ആത്മീയ അനുഭവങ്ങൾ പലതും സംഭവിക്കുന്നത് നിശ്ശബ്ദതയിലാണ്. പ്രണയം, കരുണ, പ്രാർത്ഥന, സർഗ്ഗാത്മകത ഇവയൊക്കെ മൗനത്തിന്റെ ആത്മീയ മണ്ണിലാണ് പൂത്തുലയുന്നത്.

വരൂ, ഈ തിരക്കുപിടിച്ച ദിനചര്യകൾക്കിടയിൽനിന്ന് നമുക്ക് ഒരു നിമിഷം മാറിനിൽക്കാം. ഫോണുകൾ മാറ്റിവെച്ച്, ചിന്തകളെ ശാന്തമാക്കി, കർത്താവിന്റെ തിരുമുൻപിൽ മൗനമായിരിക്കാം. കാരണം, ആ ശാന്തതയിലാണ് നമ്മുടെ കുടുംബങ്ങളുടെ സൗന്ദര്യവും ആത്മാവിന്റെ യഥാർത്ഥ സമാധാനവും ഒളിഞ്ഞിരിക്കുന്നത്. 'ശബ്ദങ്ങൾ നിറഞ്ഞ ഈ ലോകത്ത്, ദൈവത്തിന്റെ ഏറ്റവും മനോഹരമായ ഭാഷ നിശ്ശബ്ദതയാണ്.

# ജീവദീപ്തി

J E E V A D E E P T H I

September 2026 Vol 16 Book 09



രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

സഹരക്ഷാധികാരി
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

മാനേജിംഗ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

ചീഫ് എഡിറ്റർ
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

സഹപത്രാധിപർ
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

സർക്കുലേഷൻ മാനേജർമാർ
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

രൂപകല്പന
ടാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

ഓഫീസ് മാനേജർ
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്



ഓഫീസ്
90720 26577
jeevadeepthi@gmail.com


06





01

## മൗനമെന്ന ആത്മീയ ഔഷധം

രാവിലെ ഉണരുമ്പോൾ കേൾക്കുന്ന അലാറത്തിന്റെ ശബ്ദത്തിൽ തുടങ്ങി രാത്രിയിലെ ഫോൺ സന്ദേശങ്ങൾ വരെ നമ്മുടെ ജീവിതം ഇന്ന്



## വല്ലാർപാടം ദേവാലയവും പള്ളിവീട്ടിൽ മീനാക്ഷിയമ്മയും

എ.ഡി. 1524-ൽ പോർച്ചുഗീസ് മിഷനറിമാർ വല്ലാർപാടത്ത് ഒരു ദേവാലയം സ്ഥാപിച്ചു, അതിൽ



04

## പരിശുദ്ധാത്മാവും പരിശുദ്ധ മറിയവും ഒരുമിച്ചു വാഴുന്ന പുണ്യഗേഹം

വല്ലാർപാടം ബസിലിക്കയുടെ മഹത്വങ്ങൾ പലകാരണങ്ങളാൽ വർണ്ണിക്കാമെങ്കിലും ബസിലിക്കയുടെ മഹിത വർണ്ണനയിൽ




## ഷെവലിയർ പദവി: അൽമായർക്കുള്ള ആദരവും സഭാ ദൗത്യവും

കത്തോലിക്കാ സഭയുടെ വളർച്ചയിലും ആത്മീയ മുന്നേറ്റത്തിലും അൽമായർ

09


മഹനീയം അദ്ധ്യാപനം....15
ജനകീയതയുടെ വെള്ളിനക്ഷത്രം....19
ഹൃദയസംരക്ഷണം....21
മദർ തെരേസയ്ക്ക് മരണമില്ല....23
പ്രതീക്ഷയുടെ പ്രകാശവും ....24
ആവേ... മരിയ....25
ആരോഗ്യത്തിന്റെ അടിത്തറ ....26
കുരിശിനെ സ്നേഹത്തിന്റെ ....27
ആർച്ച് ബിഷപ്പ് ബെർണാർഡിൻ ബെച്ചിനെല്ലി....29
വരാപ്പുഴ അതിരൂപത 140-ൽ....31
പുലർവെട്ടം....33
വാർത്തകൾ....35
ബൈബിൾ വിചിന്തനം....38
പിൻമൊഴി....40

# പരിശുദ്ധാത്മാവും പരിശുദ്ധ മറിയവും ഒരുമിച്ചു വാഴുന്ന പുണ്യഗേഹം



**ബിഷപ്പ് ആന്റണി വാലുങ്കൽ**
സഹായമെത്രാൻ,
വരാപ്പുഴ അതിരൂപത



**വല്ലാർപാടം ബസിലിക്കയുടെ മഹത്വങ്ങൾ പലകാരണങ്ങളാൽ വർണ്ണിക്കാമെങ്കിലും ബസിലിക്കയുടെ മഹിത വർണ്ണന യിൽ വളരെ പ്രാധാന്യമർഹി ക്കുന്ന ഒന്നാണ്, വല്ലാർപാടം ബസിലിക്ക പരിശുദ്ധാരൂപിയു ടെയും അതോടൊപ്പം പരിശുദ്ധ കന്യകാമറിയത്തിന്റെയും രണ്ടു ദൈവാലയങ്ങൾ ഒന്നിച്ചു ചേരുന്ന താണ് എന്നത്.**

1524-ലാണ് പരിശുദ്ധ ദൈവമാതാ വിന്റെ തിരുച്ചിത്രം പോർച്ചുഗീസ് മിഷനറിമാർ വല്ലാർപാടത്ത് നില വിലുണ്ടായിരുന്ന പരിശുദ്ധാരൂപി യുടെ ദൈവാലയത്തിൽ കൊണ്ടു വന്ന് പ്രതിഷ്ഠിച്ചത്. മരിയഭക്ത രായ പോർച്ചുഗീസുകാർ ഇതേ കാലഘട്ടത്തിൽ തന്നെയാണ് പള്ളിപ്പുറം മഞ്ഞുമാതാവിന്റെയും വൈപ്പിനിലൂടെ പ്രത്യാശാമാതാവി ന്റെയും മട്ടാഞ്ചേരിയിൽ ജീവമാ

താവിന്റെയും, സൗദിയിൽ ആരോഗ്യമാതാവിന്റെയും ദൈവാലയത്തിനു തുടക്കമിട്ടത്. വല്ലാർപാടത്തെ ദൈവാലയത്തിൽ സ്ഥാപിച്ച മരിയ ചിത്രത്തെ അവർ വിമോചകനാഥ എന്നുവിളിക്കുകയും ചെയ്തു. ഇവയിൽ വല്ലാർപാടത്തിന്റെ സവിശേഷത വല്ലാർപാടം പള്ളിയിൽ പരിശുദ്ധാരൂപിയുടെ മാധ്യസ്ഥ്യവും, പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യവും ഒരുമിക്കുന്നുവെന്നതാണ്.

പൗരസ്ത്യ പാരമ്പര്യത്താൽ ബന്ധിതമാണ് പരിശുദ്ധാരൂപിയുടെ ദൈവാലയം. വല്ലാർപാടം ബസിലിക്കയുടെ നിർമ്മാണ ഘടനയും, മുന്നിലുള്ള കൽക്കുരിശും ഈ പാരമ്പര്യത്തിന്റെ തുടർച്ചയാണ്. 1599-ൽ നടന്ന ഉദയംപേരൂർ സുന്നഹദോസിൽ പങ്കെടുത്ത ഈ ഇടവക അതോടുകൂടി ലത്തീൻ വിശ്വാസപാരമ്പര്യം സ്വീകരിച്ചുവെന്നാണ് കരുതപ്പെടുന്നത്. 1556 മുതൽ 1597 വരെ അങ്കമാലി ഭദ്രാസനത്തിന്റെ ചുമതലക്കാരനായിരുന്നു മാർ അബ്രഹാം നെസ്തോറിയൻ ചിന്താഗതി പുലർത്തുന്നവനായിരുന്നെങ്കിലും അദ്ദേഹം പോർച്ചുഗീസ് മിഷനറിമാരോട് അനുരഞ്ജിതനാവുകയും ത്രെന്തോസ് സുന്നഹദോസിന്റെ ആരാധനക്രമ പരിഷ്കാരങ്ങളും, പൗരോഹിത്യ ബ്രഹ്മചാര്യവും നമ്മുടെ നാട്ടിൽ നടപ്പിലാക്കുകയും, 1587-ൽ പോർച്ചുഗീസ് മിഷനറിമാരുടെ നേതൃത്വത്തിൽ വൈപ്പിൻ കോട്ട സെമിനാരി സ്ഥാപിച്ചുകൊണ്ട് കേരള സഭയെ യഥാർത്ഥ ക്രൈസ്തവ വിശ്വാസത്തിലൂടെ മുന്നോട്ടുനയിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ താല്പര്യത്തിലാണ് വല്ലാർപാടം ഇടവക ലത്തീൻ ആരാധനക്രമം സ്ഥിരീകരിക്കാൻ ഇടയായത് എന്നാണ് നിഗമനം.

യേശു തന്റെ മരണത്തിനു തൊട്ടുമുൻപായി തന്റെ ശിഷ്യന്മാരോട് താൻ പോകുന്നത് നല്ലതാണെന്നും, താൻ പോയിക്കഴിഞ്ഞാൽ സഹായകനായ പരിശുദ്ധാത്മാവിനെ അയയ്ക്കുമെന്നും (യോഹ. 14,16; 14,26; 15,26; 16,7) വാഗ്ദാനം ചെയ്യുകയുണ്ടായി.

യോഹന്നാന്റെ സുവിശേഷം 19-ാം അധ്യായത്തിൽ യേശു മരണസമയത്ത് തലചായ്ച് ആത്മാവിനെ സമർപ്പിച്ചു (യോഹ 19,30) എന്നു നാം വായിക്കുന്നു. തുടർന്ന് ഉത്ഥാനാനന്തരം അപ്പസ്തോലന്മാർക്ക് പ്രത്യക്ഷപ്പെട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ എന്ന് അരുൾചെയ്തു (20,22). ഇങ്ങനെ യേശുവിന്റെ മരണവേളയിലെ ഒരു സമ്മാനമാണ് പരിശുദ്ധാത്മാവെങ്കിൽ, യേശു മരണവേളയിൽ ശിഷ്യർക്കു വാഗ്ദാനം ചെയ്ത മറ്റൊരു സമ്മാനമാണ് പരിശുദ്ധ ദൈവമാതാവ്.

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ കുരിശിൽ കിടക്കുന്ന യേശുവിന്റെ ചാരെ പരിശുദ്ധ അമ്മയെ യോഹന്നാനോടൊപ്പം കണ്ടപ്പോൾ യേശു അമ്മയോടു പറഞ്ഞു: 'സ്ത്രീയേ ഇതാ നിന്റെ മകൻ'. അനന്തരം അവൻ യോഹന്നാനോടു പറഞ്ഞു: 'ഇതാ നിന്റെ അമ്മ'. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു (യോഹ 19, 26 -27).

ഈ പരിശുദ്ധ മാതാവാണ് അപ്പസ്തോലന്മാരെ ഒരുമിച്ചു നിർത്തുകയും മാതൃസ്നേഹത്തിലൂടെ അവരെ ദൈവാത്മാവിനെ സ്വീകരിക്കുവാൻ സജ്ജരാക്കുകയും ചെയ്തത്. പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന സ്നേഹത്തിന്റെ മൂർത്തീഭാവമാണ് പരിശുദ്ധാത്മാവ്. യേശു ജിവിതാനന്തരം പിതാവിനോടും പുത്രനോടും ബന്ധത്തിലാകുവാൻ നമ്മെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. പിതാവിനെക്കുറിച്ചും പുത്രനെക്കുറിച്ചുമുള്ള അറിവിന്റെ പൂർണ്ണതയിലേക്ക് പരിശുദ്ധാത്മാവ് നമ്മെ നയിക്കും. അങ്ങനെ ദൈവമക്കളെന്ന നിലയിൽ ക്രിസ്തുവിന്റെ രക്ഷാകരമായ കൃപകൾ ഉൾക്കൊണ്ട് യഥാർത്ഥമായ ക്രിസ്തുബന്ധിത ജീവിതം നയിക്കുവാനും പിതാവായ ദൈവത്തിന്റെ സ്നേഹാനുഭവത്തിൽ എന്നും നിലനില്ക്കുവാനും പരിശുദ്ധാത്മാവ് നമ്മെ പ്രാപ്തരാക്കുന്നു. ഈ പരിശുദ്ധാത്മാവിലുള്ള ബന്ധം ശക്തിപ്പെടുത്തുവാൻ ഇടവക വികാരിയായിരുന്നപ്പോൾ പരിശുദ്ധാത്മ ദൈവാലയം എന്നെ സഹായിച്ചിട്ടുണ്ട്. അവിടെ കടന്നുവരുന്ന പല മക്കളും ഈ ആത്മനിർവൃതിയിൽ വളരുന്നതും പെന്തക്കുസ്താ തിരുനാളിനോടനുബന്ധമായി കാണാൻ ഇടവന്നിട്ടുണ്ട്. മദ്ധ്യകേരളത്തിലെ പരിശുദ്ധാത്മാവിനു പ്രതിഷ്ഠിതമായ ദൈവാലയം വല്ലാർപാടത്തുണ്ടെന്നുള്ളത് വല്ലാർപാടം ബസിലിക്കയുടെ മഹത്വമായിട്ടാണ് എനിക്ക് മനസ്സിലായിട്ടുള്ളത്.

കർത്താവായ യേശു തന്റെ മരണവേളയിൽ തന്റെ അമ്മയെ നമുക്കു മാതാവായി നല്കി. ദൈവപുത്രനായ ഒരുവന് വളരുവാൻ ഏറ്റവും ഉചിതമായ അമ്മയാണ് മറിയമെന്ന ഈശോയുടെ അനുഭവം അവനിൽ വിശ്വസിക്കുന്നവരും സ്വന്തമാക്കുവാൻ യേശു ആഗ്രഹിക്കുന്നതാണ് ഈ വെളിപ്പെടുത്തലിനു പിന്നിൽ എന്ന് ഗ്രഹിക്കാവുന്നതാണ്. നമ്മുടെ ഭൗമികമായ അമ്മമാർ നിശ്ചിതകാലം വരെയേ നമ്മോടു കൂടെയുണ്ടാവൂ. എന്നാൽ ജീവിതം മുഴുവനും നമ്മോടു കൂടെയുള്ള ഒരമ്മയെ കൂടി നമ്മുടെ കർത്താവ് വാഗ്ദാനം ചെയ്യുകയാണ്. "ഇതാ നിന്റെ അമ്മയെന്ന" വാക്കുകളിലൂടെ. കൂടാതെ നമ്മുടെ ഈ ലോകത്തിലെ അമ്മമാർക്ക് മാനുഷികമായ ബലഹീനതകൾ സ്വാഭാവികമാണല്ലോ. അത്തരത്തിലുള്ള അമ്മമാരുടെ പിരിമിതികളാൽ മുറിവേറ്റ മക്കൾക്ക് സൗഖ്യദായകമായ മാതൃത്വാനുഭവം നൽകുന്നതിനുവേണ്ടി കൂടിയാണ് യേശു തന്റെ അമ്മയെ, കുരിശിൽ കിടന്നുകൊണ്ട് നമുക്ക് അമ്മയായി നല്കിയത്.

ത്രിത്വൈക ദൈവവുമായുള്ള ബന്ധത്തിൽ ഒരമ്മയെന്ന നിലയിൽ ശരിയായ ദിശയിലൂടെ നമ്മെ നയിക്കുവാൻ കഴിവുള്ളവളാണ് പരിശുദ്ധ കന്യകാമറിയം. അങ്ങനെ ഒരു ക്രൈസ്തവന്റെ ആത്മീയ ജീവിതപാതകൾ ശരിയായി നയിക്കുവാൻ പ്രാപ്തി നല്കുന്ന ഈ ദ്വിവിധ ബന്ധങ്ങൾ പൂർണ്ണമാക്കാനുള്ള സൗകര്യം വല്ലാർപാടം ബസിലിക്കയിൽ സംലഭ്യമാണെന്നത് വല്ലാർപാടം ബസിലിക്കയെ സവിശേഷമാക്കുന്നു.

# വല്ലാർപാടം ദേവാലയവും പള്ളിവീട്ടിൽ മീനാക്ഷിയമ്മയും



**യു.ടി. പോൾ**
**വല്ലാർപാടം**

എ.ഡി. 1524-ൽ പോർച്ചുഗീസ് മിഷനറിമാർ വല്ലാർപാടത്ത് ഒരു ദേവാലയം സ്ഥാപിച്ചു, അതിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ഒരു ചിത്രം സ്ഥാപിച്ചതിൽ പിന്നെ 228 വർഷങ്ങൾക്ക് ശേഷമായിരുന്നു  വല്ലാർപാടത്ത് രണ്ടാമത്തെ അത്ഭുതം സംഭവിച്ചത്. ജാതിമതഭേദമെന്യേ സകലരും ഭക്തിവിശ്വാസത്തോടെ വണങ്ങുന്ന പരിശുദ്ധ വല്ലാർപാടത്തമ്മയുടെ വിശ്വാസിയായിരുന്ന പള്ളിവീട്ടിൽ മീനാക്ഷി എന്ന ഹൈന്ദവ യുവതി തന്റെ കടിഞ്ഞൂൽ പുത്രന് ചോറൂട്ടു കർമ്മം നിർവ്വഹിക്കുവാനായി ഒരു തുഴവള്ളത്തിൽ കൊച്ചി കായലിലൂടെ മട്ടാഞ്ചേരി പഴയ്യന്നൂർ ഭഗവതി ക്ഷേത്രത്തിലേക്ക് യാത്ര ചെയ്യുകയായിരുന്നു. ഏറെ ആഴവും വിസ്തൃതിയുമുള്ള ആ കായലിലൂടെയുള്ള യാത്ര ഏതാണ്ട് പാതിദൂരമെത്തിയപ്പോഴാണ് അപ്രതീക്ഷിതമായുണ്ടായ കാറ്റിലും കോളിലുംപെട്ട് വഞ്ചി മറിഞ്ഞത്. മരണ വെപ്രാളത്തിൽ തന്റെ കുഞ്ഞിനെ മാറോടണച്ചുകൊണ്ട്, അങ്ങ് ദൂരെ വല്ലാർപാടം പള്ളിയിലെ വല്ലാർപാടത്തമ്മയുടെ ചിത്രത്തെ മനസിൽ ധ്യാനിച്ച് 'അമ്മേ... എന്നേയും കുഞ്ഞിനേയും രക്ഷിക്കണേ.... ഞങ്ങൾ അമ്മയ്ക്ക് അടിമകളായി ഇരുന്നോളാം' എന്ന് ഉച്ചത്തിൽ പ്രാർത്ഥിച്ചുകൊണ്ട് കായലിന്റെ അഗാധതയിലേക്ക് താണുപോയി. പിന്നീട് മൂന്ന് ദിനങ്ങൾക്ക് ശേഷമാണ് അന്നത്തെ വികാരിയച്ചന് ലഭിച്ച സ്വപ്നദർശനമനുസരിച്ച് അമ്മയും കുഞ്ഞും കായലിന്റെ അഗാധതയിൽ ജീവനോടെയിരുക്കുന്നുവെന്ന് മനസിലാക്കി, വലവീശി ഇരുവരേയും വീണ്ടെടുക്കുന്നത്.

മീനാക്ഷിയമ്മ തന്റെ നേർച്ച പാലിച്ചു. ശിഷ്ടകാലം മുഴുവൻ അവർ കുഞ്ഞിനോടൊപ്പം പരിശുദ്ധ അമ്മയുടെ സന്നിധിയിൽ തന്നേ കഴിഞ്ഞു.

പള്ളിയുടെ മുന്നിൽ ഒരു കുടിൽ വച്ച്കെട്ടി തന്റെ കുഞ്ഞിനോടൊപ്പം അവിടെ താമസിച്ചുകൊണ്ട് വല്ലാർപാടത്തമ്മയ്ക്ക് അടിമയായി, പള്ളിയും പരിസരവും അടിച്ചുവാരി ദിനരാത്രങ്ങൾ കഴിച്ചു. പള്ളിവീട്ടിൽ ഇന്ന് ജീവിച്ചിരിക്കുന്നവരിൽ ഏറ്റവും പ്രായമേറിയ മണിയമ്മ എന്ന വിളിപ്പേരുള്ള കല്യാണിക്കുട്ടിയമ്മ 2024-ൽ വല്ലാർപാടം പള്ളിയുടെ അഞ്ഞൂറാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ ഒരു വീഡിയോ അഭിമുഖത്തിൽ ഈ സംഭവം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

പിന്നീട് ഈ അത്ഭുതത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി പള്ളിയുടെ അൾത്താരയിൽ സ്ഥാപിച്ചിരുന്ന കന്യകാമറിയത്തിന്റെ പോർച്ചുഗൽ ചിത്രത്തിന്റെ ഇടത് താഴെ ഭാഗത്തായി ഒരു ഇന്ത്യൻ ചിത്രകാരൻ മീനാക്ഷിയുടേയും കുഞ്ഞിന്റേയും ചിത്രം കൂടി വരച്ചു ചേർത്തതോടെ ലോകം അന്നുവരെ ദർശിച്ചിട്ടില്ലാത്ത മഹത്തായ ഒരു മതസൗഹാർദ്ദ സംസ്കാരത്തിന് തുടക്കമായി. ഒപ്പം വല്ലാർപാടം പള്ളിയും പള്ളിവീട്ടിൽ കുടുംബവുമായും നാളിതുവരേ തുടർന്ന് വരുന്ന പവിത്രമായൊരു ബന്ധത്തിനും ആരംഭമായി.

### *പള്ളി വീട്ടിൽ നിന്നൊരു തിരുനാൾ പ്രസുദേന്തി*

1983 സെപ്റ്റംബർ മാസത്തിലെ വല്ലാർപാടത്തമ്മയുടെ തിരുനാൾ ദിനങ്ങളിലാണ് പള്ളിവീട്ടിൽ കുടുംബത്തിലെ സുലോചനയുടെ ഭർത്താവ് താമരാക്ഷ മേനോന് വല്ലാർപാടത്തമ്മയുടെ തിരുനാൾ ഏറ്റെടുത്ത് നടത്തണമെന്ന് ഒരു സ്വപ്ന ദർശനമുണ്ടാകുന്നത്. എന്നാൽ ഒരു ഹൈന്ദവന് ക്രിസ്തീയ ദേവാലയത്തിലെ തിരുനാൾ പ്രസുദേന്തിയാവുകയെന്നത് മതപരമായ ചട്ടക്കൂടുകൾക്കിടയിൽ സാധ്യമാണോ എന്ന ആശങ്കയാൽ, അദ്ദേഹം കുടുംബാംഗങ്ങളുമൊത്ത് അന്നത്തെ പള്ളി വികാരി യായിരുന്ന ഫാ. തോമസ് ചിങ്ങന്തറയെ സമീപിച്ചു. പള്ളിവീട് തറവാടും ദേവാലയവുമായി നൂറ്റാണ്ടുകളായി തുടർന്ന് വന്നിരുന്ന ബന്ധത്തിന്റെ പശ്ചാത്തലത്തിൽ കാനോൻ നിയമപരമായ തടസങ്ങളെല്ലാം മാറ്റിനിർത്തി താമരാക്ഷമേനോനെ തിരുനാൾ പ്രസുദേന്തിയാക്കുവാൻ



അതിമെത്രാസന മന്ദിരം അനുമതി നല്കി. അങ്ങിനെ പള്ളിവീട്ടിൽ താമരാക്ഷമേനോൻ ക്രിസ്തീയ മുറപ്രകാരവും കൊമ്പ്രേര്യ തിരുസംഘത്തിന്റെ ചിട്ടകൾക്കനുസരിച്ചും ഓപ്പയും മൂശയും എന്ന സ്ഥാനവ സ്ത്രമണിഞ്ഞ് പ്രസുദേന്തിയായി വാഴിക്കപ്പെടുകയും, 1984 സെപ്റ്റംബർ മാസത്തിലെ വല്ലാർപാടത്തമ്മയുടെ തിരുനാൾ തികഞ്ഞ ഭക്തിവിശ്വാസത്തോടെ ആഘോഷിക്കുകയും, ചന്ദന മരത്തിൽ തീർത്ത പരിശുദ്ധ മതാവിന്റെ ഒരു രൂപം ഈ തിരുനാളാഘോഷത്തിന്റെ സ്മരണയ്ക്കായി ദേവാലയ ത്തിലേക്ക് നല്കുകയും ചെയ്തു.

### *തിരുനാൾ ദിനത്തിലെ മോര് വിതരണം*

എല്ലാ വർഷവും സെപ്റ്റംബർ മാസത്തിലെ തിരുനാളാഘോ ഷങ്ങളിൽ പങ്കെടുക്കുവാൻ മൈലുകൾ താണ്ടിയെത്തുന്ന ആയിരക്കണക്കിന് വിശ്വാസി കൾക്ക് ദാഹശമനത്തിനായി മോര് വിതരണം ചെയ്യുന്ന ഒരു ചടങ്ങ് പള്ളി വീട്ടിൽ തറവാട്ടുകാരുടെ നേതൃത്വത്തിൽ നടന്നുവന്നിരുന്നു. 1996 സെപ്റ്റംബർ 24 ന് അന്നത്തെ വികാരിയായിരുന്ന ഫാ. ഐസക് കുരിശിങ്കലിന്റെ നേതൃത്വത്തിൽ ഒരു വഞ്ചി പണിത് പള്ളിവീട്ടിൽ തറവാട്ടിൽനിന്നും വാദ്യഘോഷ ങ്ങളുടെ അകമ്പടിയോടെ ദേവാല യത്തിലേക്ക് കൊണ്ടുവരുകയും ആ വഞ്ചിയിൽ സംഭാരം നിറച്ച് തിരുനാൾദിവ്യബലിയുടെ മുഖ്യ കാർമ്മികൻ പ്രസ്തുത മോര് (സംഭാരം) ആശീർവദിച്ച് പകർന്ന് പള്ളിവീട്ടിലെ കാരണവൻമാർക്കും കുടുംബാംഗങ്ങൾക്കും നല്കു കയും ചെയ്തിരുന്നു. പിന്നീട് എല്ലാ വർഷവും തിരുനാൾ ദിനത്തിൽ വൈദികരുടേയും പള്ളിവീട്ടിൽ കുടുംബാംഗങ്ങളു ടേയും നേതൃത്വത്തിൽ മോര് കലശം ആഘോഷ പൂർവ്വം ദേവാലയത്തിലേക്ക് കൊണ്ടുവരി കയും പ്രത്യേകം രൂപീകരിച്ച കമ്മിറ്റിയംഗങ്ങളുടെ നേതൃ ത്വത്തിൽ വിശ്വാസികൾക്ക് മോര് വിതരണം ചെയ്യുകയുമാണ് പതിവ്. തിരുനാൾ ദിനങ്ങളിലെ ദിവ്യബലി യിലും അനുബന്ധ കർമ്മങ്ങളിലുമെല്ലാം പള്ളിവീട്ടി ലെ കുടുംബാംഗങ്ങൾ എല്ലാവരും സജീവമായി പങ്കെടുത്തുവരുന്നു.

### *കുരുത്തോലയിൽ വിരിയുന്ന മതസൗഹാർദം*

വർഷം 1993. അന്നത്തെ പള്ളിവികാരിയും ചരിത്രാന്വേഷ കനുമായിരുന്ന ഫാ. ഐസക് കുരിശിങ്കലിന്റെ മനസിലുദിച്ച നവ്യമായൊരാശയമായിരുന്നു വിശുദ്ധ വാരത്തിലെ തിരുക്കർമ്മങ്ങളിൽ പള്ളിവീട്ടിൽ തറവാടിന്റെ സാന്നിധ്യമുറപ്പിക്കു കയെന്നത്. ഇതിനായി ആ വർഷം ഏപ്രിൽ 4-ാം തീയതി ഓശാന ഞായറാഴ്ച്ചയിലെ കുരുത്തോല വെഞ്ചിരിപ്പും, പ്രദക്ഷിണവും പള്ളിവീട്ടിൽ മീനാക്ഷിയമ്മയുടെ തറവാട്ട് മുറ്റത്തുനിന്ന് ആരംഭിക്കുവാൻ തീരുമാനിച്ചു. ആശീർവദിച്ച കുരു ത്തോലക ളിലൊന്ന് പള്ളിവീട്ടിലെ മുതിർന്ന അംഗത്തിന് നല്കിയാണ് അന്നത്തെ ഓശാന തിരുക്കർ മ്മങ്ങൾ ആരംഭിച്ചത്. വിശ്വാസ സമൂഹത്തിന്റേയും മാധ്യമപ്രവർ ത്തകരുടേയും കലവറയില്ലാത്ത പിന്തുണയും സഹകരണവും ഈ ചടങ്ങിന് ലഭിച്ചു. മതസൗഹാർദ ത്തിന്റെ ഉത്തമ മാതൃകയായ ഒരു ആത്മീയ കർമ്മമായി ഓശാന ഞായറാഴ്ച്ചയിലെ കുരുത്തോല പ്രദക്ഷിണം ഇന്നും തുടർന്നു പോരുന്നു.

### *'ദി ഗ്ലോറിഫൈയിംഗ് മദർ'*

വല്ലാർപാടം ദേവാലയത്തിന്റെ ഉത്ഭവവും പരിണാമവും, മീനാക്ഷിയമ്മയുടെ ചരിത്രവും കോർത്തിണക്കി 'ദി ഗ്ലോറി ഫൈയിംഗ് മദർ' എന്ന പേരിൽ ഒരു ഡോക്യുമെന്ററി പള്ളി വീട്ടിലെ പിൻതലമുറക്കാരനായ രവി മേനോൻ നിർമ്മിക്കുകയു ണ്ടായി. മരിയാസ് വിഷൻ എന്ന ബാനറിലാണ് ഇത് നിർമ്മിച്ചത്.

**ചിന്താകവിത; കവിതാ ചിന്ത**

***അറിയാംഅങ്കിൾ, ഇരുപതിനായിരംരൂപ!***

*നഗരത്തിലെ വിശ്രുതനായ സർജന്റെ വീട്ടിലെ ഡോർബെൽ അടിച്ചപ്പോൾ, അകത്തുനിന്ന് പത്തുപന്ത്രണ്ടു വയസ്സു തോന്നിക്കുന്ന ഒരു പെൺകുട്ടി വന്ന് വാതിൽതുറന്നു. ഗുഡ്മോണിങ് അങ്കിൾ!!*

*ആഗതനായ മാന്യന് സന്തോഷമായി. മാനേഴ്സ് അറിയാവുന്ന കുട്ടി. മാന്യൻ ചോദിച്ചു: ഡോക്ടർ അകത്തുണ്ടോ?*

*ഇല്ല. ഡാഡി ഹോസ്പിറ്റലിൽ ഒരു അപ്പെൻഡെക്ടമി ഓപ്പറേഷൻ അറ്റൻഡു ചെയ്യുകയാണ്, അങ്കിൾ.*

*മാന്യൻ കൗതുകത്തോടെ തിരക്കി:*

*ഓ, വലിയ മെഡിക്കൽ ടേമൊക്കെയാണല്ലോ മോളു പറയുന്നത്. ആ വാക്കിന്റെ അർഥം മോൾക്കറിയുമോ?*

*അറിയാം അങ്കിൾ; ഇരുപതിനായിരംരൂപ!*

*എന്നാറേ, മാന്യൻ അന്തംവിട്ട് കുന്തംവിഴുങ്ങി വായുംപിളർന്ന് നിന്നുപോയി...*

**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി**

പുട്ടപർത്തിയിലെ സത്യസായി ബാബയുടെ ഭക്തനും അനുയായിയുമാണ് പള്ളി വീട്ടിൽ അരവിന്ദാക്ഷമേനോന്റേയും കരുണാമയിയുടേയും മകനായ രവിമേനോൻ. ചിത്രം നിർമ്മിക്കുന്ന ബാനറിന് 'മരിയാസ് വിഷൻ' എന്ന പേര് നിർദ്ദേശിച്ചത് സത്യസായി ബാബയായിരുന്നു. ആ പേരിൽ പരിശുദ്ധ അമ്മയുമായി ബന്ധപ്പെട്ട ഒരു മതസൗഹാർദസന്ദേശം ഒളിഞ്ഞിരിക്കുന്നുണ്ട്. MARIAS എന്ന ഇംഗ്ലീഷ് പദം തിരിച്ചു വായിച്ചാൽ "SAI RAM" എന്ന് ഉച്ചരിക്കാം.

ഏതായാലും 2011 ഡിസംബർ 4 ന് ബഹുമാനപ്പെട്ട തോമസ് പുളിക്കലച്ചൻ ബസിലിക്ക റെക്ടറായിരിക്കുന്ന സമയത്ത് അന്നത്തെ മേയറും ഇന്നത്തെ വൈപ്പിൽ MLA യുമായ ടോണി ചമ്മിണി സ്വിച്ച്ഓൺ കർമ്മം നിർവ്വഹിച്ച് പ്രസ്തുത ഡോക്യുമെന്ററിയുടെ ഷൂട്ടിംഗ് ആരംഭിച്ചു. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, സ്പാനിഷ്, ഫ്രഞ്ച് തുടങ്ങിയ ആറ് ഭാഷകളിൽ ചിത്രം നിർമ്മിക്കുകയെന്നതായിരുന്നു ലക്ഷ്യം. ഷൂട്ടിംഗ്, എഡിറ്റിംഗ് എന്നീ ഘട്ടങ്ങൾ വല്ലാർപാടത്തും ബോംബെയിലെ ജെ കെ സ്റ്റുഡിയോയിലുമായി പൂർത്തിയായ സമയത്താണ് സ്പെയിൻ സ്വദേശിയും രവിമേനോന്റെ അടുത്ത സുഹൃത്തുമായ ഡോ. ജോൺ കൊർണേയൂസ് ഈ ചിത്രത്തേക്കുറിച്ച് അറിയുന്നതും വിവിധ ഭാഷകളിൽ അത് ഡബ്ബ് ചെയ്യുന്ന ഉത്തരവാദിത്തം ഏറ്റെടുക്കുന്നതും.

സ്പെയിനിൽ വെച്ച് 2012 ജനുവരി മാസത്തിൽ സ്പാനിഷ് ഭാഷയിൽ ഈ ചിത്രം റിലീസ് ചെയ്തെങ്കിലും ദൗർഭാഗ്യമെന്ന് പറയട്ടെ അസുഖ ബാധിതനായ ഡോ. ജോണിന് ഇന്ത്യയിലേക്ക് തിരിച്ചു വരുവാൻ കഴിഞ്ഞില്ല. അദ്ദേഹത്തിൽ നിന്ന് ഈ ചിത്രം ഏഃുവിധേനയും തിരിച്ചെടുത്ത് ഇന്ത്യൻ ഭാഷകളിൽ റീമേക്ക് ചെയ്യുവാൻ ശ്രീ രവിമേനോൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ പരിശ്രമം വിജയം കണ്ടാൽ വല്ലാർപാടം ദേവാലയവും പള്ളി വീട്ടിൽ കുടുംബവുമായി നൂറ്റാണ്ടുകളായി തുടർന്നുവരുന്ന ബന്ധത്തിന് അത് കൂടുതൽ ദൃഢത പകരുമെന്നതിൽ തെല്ലും സംശയമില്ല.

***പള്ളിവീട്ടിൽ തറവാട് ഇന്ന് വല്ലാർപാടത്തമ്മയുടെ ചരിത്രസ്മാരകം***

മരുമക്കത്തായം നിലനിന്നിരുന്ന പള്ളിവീട്ടിൽ തറവാട്ടിലെ കൂട്ടുകുടുംബത്തിൽ നിന്ന് ഒരോ കുടുംബവും പ്രത്യേകം താമസമാക്കിയതോടെ തറവാട്ടിൽ അംഗസംഖ്യ കുറഞ്ഞുതുടങ്ങി. തങ്ങളുടെ ഭവനം മറ്റൊരാളുടെ അധീനതയിലാവുന്നതിനേക്കാൾ വല്ലാർപാടം പള്ളിയ്ക്ക് കൈമാറണമെന്ന അഭിപ്രായമുള്ളവരായിരുന്നു മീനാക്ഷിയമ്മയുടെ പിൻതലമുറക്കാർ. ദൈവഹിതമെന്ന് പറയട്ടെ, വർഷങ്ങളായി വല്ലാർപാടം പള്ളിക്ക് ഒരു ചരിത്രസ്മാരകം അത്യാവശ്യമാണെന്നും ആയത് മീനാ ക്ഷിയമ്മയുടെ തറവാട് കെട്ടിടമാണെങ്കിൽ, വല്ലാർപാടം ഇടവകയ്ക്ക് അതൊരു മുതൽക്കൂട്ടായിരിക്കുമെന്ന വികാരിമാരുടെയും ഇടവക സമിതിയുടേയും ദീർഘകാലാഭിലാഷം അതോടെ സാക്ഷാത്കരിക്കപ്പെട്ടു. രണ്ടായിരത്തി 2022 ജനുവരിമാസം 14 ാം തിയ്യതി പള്ളിവീട്ടിൽ തറവാടിന്റെ പിന്തുടർച്ചാവകാശികളായ ഗീതാ നായർ, ഡിജേന്ദ്രനാഥ ഗോപിനാഥ്, സുനിത നരേന്ദ്രൻ, രാധ എൻ. നായർ, ആഷ നായർ, പള്ളിയിൽ ശ്രീകുമാർ, മണിയമ്മ എന്ന കല്യാണിക്കുട്ടിയമ്മ എന്നിവർ ഒപ്പ് വച്ച് മീനാക്ഷിയമ്മയുടെ പുരാതനമായ താവാട് കെട്ടിടവും അനുബന്ധ വസ്തുവഹകളും അന്നത്തെ ബസിലിക്ക റെക്ടറും ഇന്ന് വരാപ്പുഴ അതിരൂപതാ സഹായമെത്രാനുമായ ഡോ. ആന്റണി വാലുങ്കലിന് കൈമാറി. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളും തീർത്ഥാടകർക്ക് ചരിത്രപരമായ അറിവുകൾ ലഭിക്കേണ്ടതിനായുള്ള സംവിധാനങ്ങളും ഇപ്പോഴത്തേ റെക്ടർ ബഹുമാനപ്പെട്ട ഫാ. ജെറോം ചമ്മിണിക്കോടത്തിന്റെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

# ഷെവലിയർ പദവി: അൽമായർക്കുള്ള ആദരവും സഭാ ദൗത്യവും

*കത്തോലിക്കാ സഭയുടെ വളർച്ചയിലും ആത്മീയ മുന്നേറ്റത്തിലും അൽമായർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. ദൈവരാജ്യ ശുശ്രൂഷ വൈദികർക്കോ സന്യാസികൾക്കോ മാത്രമുള്ളതല്ലെന്നും, ലോകമധ്യത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുന്ന സാധാരണക്കാർക്കും അതിൽ വലിയ ഉത്തരവാദിത്തമുണ്ടെന്നും സഭ വ്യക്തമാക്കുന്നു. തങ്ങളുടെ കുടുംബജീവിതത്തിലും തൊഴി ലിടങ്ങളിലും ക്രിസ്തീയ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് സഭയ്ക്കും സമൂഹത്തിനും നിഷ്കാമ സേവനം ചെയ്യുന്ന അൽമായരെ പരിശുദ്ധ പാപ്പ നേരിട്ട് നൽകി ആദരിക്കുന്ന ഉന്നതമായ പാപ്പൽ ബഹുമതികളിലൊന്നാണ് **'ഷെവലിയർ'.***

*ഫ്രഞ്ച് ഭാഷയിൽ 'നൈറ്റ്' അഥവാ പോപ്പിന്റെ യോദ്ധാവ് എന്ന അർത്ഥം വരുന്ന ഈ പദവി, വലിയൊരു ആത്മീയ-സാമൂഹിക ദൗത്യത്തിന്റെ പ്രതീകമാണ്. വിദ്യാഭ്യാസ മേഖല, ജീവകാരുണ്യ പ്രവർത്തനങ്ങൾ, സാംസ്കാരിക ദൗത്യം, മാധ്യമപ്രവർത്തനം, സഭാ ശുശ്രൂഷകൾ എന്നിവയിൽ മാതൃകാപരമായ അർപ്പണബോധം പുലർത്തുന്ന വ്യക്തികളെ രൂപതാ മെത്രാന്റെ പ്രത്യേക ശുപാർശ പ്രകാരമാണ് വത്തിക്കാൻ ഇതിനായി തിരഞ്ഞെടുക്കുന്നത്.*

*ഔദ്യോഗിക പട്ടയവും പ്രത്യേക അങ്കിയും മെഡലും അടങ്ങുന്നതാണ് ഈ ആദരം. ഈ പദവി ലഭിക്കുന്ന വ്യക്തികൾ ബഹുമതി സ്വീകർത്താക്കളാകുന്നതിന് പകരം, തങ്ങളുടെ കുടുംബത്തിലും ഇടവകയിലും പൊതുസമൂഹത്തിലും സത്യസന്ധതയും ക്രിസ്തീയ സാക്ഷ്യവും കാത്തു സൂക്ഷിക്കാൻ കടപ്പെട്ടവരാണ്. അൽമായരുടെ അർപ്പണബോധത്തിന് സഭ നൽകുന്ന വലിയൊരു അംഗീകാരവും, ക്രിസ്തുവിന്റെ സ്നേഹം ലോകത്തിൽ പ്രകാശിപ്പിക്കാനുള്ള പ്രോത്സാഹനവുമാണ് **ഷെവലിയർ പദവി.***

# സഭാസ്നേഹിയും മാധ്യമ സുഹൃത്തുമായ ഇഗ്നേഷ്യസ് ഗൊൺസാൽവസ്

*പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ ഷെവലിയർ പദവി (Knighthood of the Order of St. Sylvester Pope) നൽകി ആദരിച്ച വരാപ്പുഴ അതിരൂപതാംഗങ്ങളായ പ്രഫ. ഡോ. ഇഗ്നേഷ്യസ് ഗൊൺസാൽവസ് (ഇൻഫന്റ് ജീസസ് ഇടവക, എറണാകുളം), ജോസ് ആന്റണി പുത്തൻവീട്ടിൽ (മൗണ്ട് കാർമ്മൽ ഇടവക, ചാത്യാത്ത്) എന്നിവരുമായി ജീവദീപ്തി ലേഖകൻ നടത്തിയ അഭിമുഖത്തിൽ നിന്ന്...*



**സിബി ജോയ്**





മാധ്യമപ്രവർത്തനം സത്യത്തോടും സമൂഹത്തോടും സഭയോടുമുള്ള പ്രതിബദ്ധതയാണെന്ന് ജീവിതംകൊണ്ട് തെളിയിച്ച വ്യക്തിത്വമാണ് ഷെവലിയർ ഇഗ്നേഷ്യസ് ഗൊൺസാൽവസിന്റേത്. പതിറ്റാണ്ടുകളായി മാധ്യമരംഗത്തും അധ്യാപന രംഗത്തും നിസ്വാർത്ഥ സേവനവും മൂല്യാധിഷ്ഠിത പരിശീലനവും കാഴ്ചവച്ച അദ്ദേഹത്തിന്റെ സംഭാവനകൾ സഭയും സമൂഹവും ഒന്നുപോലെ ആദരിച്ചിട്ടുണ്ട്.

ചരിത്രകാരൻ, വാഗ്മി, എഴുത്തുകാരൻ, അധ്യാപകൻ, പത്രാധിപർ എന്നീ വിവിധ തല

ങ്ങളിലൂടെ കടന്നുപോയ ഇഗ്നേഷ്യസ് ഗൊൺസാൽവ സിന്റെ ജീവിതം കേരളത്തിലെ ആധുനിക പത്രപ്രവർത്തന ത്തിന്റെ വളർച്ചയുടെ ഒരു അധ്യായം കൂടിയാണ്.

1976-ൽ കേരള ടൈംസ് ദിനപത്ര ത്തിൽ സബ് എഡിറ്ററായി ചേർന്നുകൊണ്ടാണ് അദ്ദേഹ ത്തിന്റെ മാധ്യമജീവിതത്തിന് തുടക്കം കുറിച്ചത്. 1979-ൽ മലയാള മനോരമയിലെത്തിയ തോടെ ആ യാത്രയ്ക്ക് പുതിയ വ്യാപ്തി ലഭിച്ചു. വാർത്തയെ ഴുത്തിന്റെ വിവിധ തലങ്ങൾ അനുഭവിച്ചറിഞ്ഞ അദ്ദേഹം റിപ്പോർട്ടറായും എഡിറ്റോറിയൽ പ്രവർത്തകനായും ബ്യൂറോ മേധാവിയായും പ്രവർത്തിച്ചു. 1999 മുതൽ മൂന്നുവർഷം മലയാള മനോരമയുടെ കൊച്ചി ബ്യൂറോ മേധാവിയായി പ്രവർത്തിച്ചു. അസിസ്റ്റന്റ് എഡിറ്ററായിരുന്ന കാലത്ത് 2002-ൽ കോട്ടയത്ത് മനോരമ സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ (MASCOM) ആരംഭിച്ചപ്പോൾ പ്രൊഫസറും കോഴ്സ് കോ-ഓർഡിനേറ്ററു മായും ചുമതലയേറ്റു. വിവിധ സെമിനാറുകളിലും ദേശീയ-അന്തർദേശീയ വേദികളിലും പ്രബന്ധങ്ങൾ അവതരിപ്പിക്കുക യും നിരവധി രാജ്യങ്ങൾ സന്ദർശിക്കുകയും ചെയ്തു.

ബെനഡിക്ട് പതിനാറാമൻ പാപ്പായെക്കുറിച്ച് അദ്ദേഹം രചിച്ച ബെനഡിക്ട് പതിനാറാമൻ എന്ന ജീവചരിത്രം മലയാളത്തിൽ ഒരു മാധ്യമപ്രവർത്തകൻ രചിച്ച ബെനഡിക്ട് പാപ്പായുടെ ആദ്യകാല ജീവചരിത്രങ്ങളിൽ ശ്രദ്ധേയമായിരുന്നു. ദൈവദാസൻ മോൺ. ഇമ്മാനുവൽ ലോപ്പസി നെക്കുറിച്ചുള്ള മോൺ. ഇമ്മാ നുവൽ ലോപ്പസ്, ധന്യനായ തിയോഫിനച്ചന്റെ ജീവചരിത്രം പറയുന്ന മനുഷ്യസ്നേഹി, മംഗലപ്പുഴ സെമിനാരിയുടെ കഥ, ഫുട്പ്രിന്റ്സ് ആൻഡ് മൈൽസ്റ്റോൺസ്, ദി സ്റ്റോറി ഓഫ് എ മസ്റ്റാർഡ് സീഡ്, ജേർണലിസം അണ്ടർ ഡ്യൂറസ്, ദി റെയിൻബോ എന്നിവയാണ് മറ്റു കൃതികൾ. കേരളത്തിലെ റോമൻ ലത്തീൻ കത്തോലിക്ക ചരിത്രം രേഖപ്പെടുത്തുന്നതിലും അദ്ദേഹം അഭിനന്ദനാർഹമായ പങ്കുവഹിച്ചിട്ടുണ്ട്.

കേരള ലത്തീൻസഭയുടെ മുഖപത്രമായി 2005-ൽ ജീവനാദം വാരിക ആരംഭിച്ചതു മുതൽ 2017 വരെ മുഖ്യപത്രാധിപരും ഷെക്കീന ടിവിയുടെ സ്ഥാപക ചീഫ് ന്യൂസ് എഡിറ്ററും ആയി സേവനം ചെയ്തിട്ടുണ്ട്. ഇന്ത്യൻ കാത്തലിക് പ്രസ് അസോസിയേഷന്റെ പ്രസിഡന്റായി ഏകകണ്ഠമായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, സംഘടനയുടെ ആറു പതിറ്റാണ്ട് നീണ്ട ചരിത്രത്തിൽ ആ സ്ഥാനത്തെത്തുന്ന കേരളത്തിൽ നിന്നുള്ള ആദ്യ അല്മായനെന്ന പ്രത്യേകതയും അദ്ദേഹത്തിന് ലഭിച്ചു.

തുടർച്ചയായി രണ്ട് തവണയാണ് അദ്ദേഹം ഐസിപിഎയുടെ പ്രസിഡണ്ടായി ചുമതലയേറ്റത്. കീൻ അൽഫോൺസയാണ് ഭാര്യ. മക്കൾ: നോയൽ ഫ്രാൻസിസ്, നീൽ ആന്റണി.

*അനുഭവങ്ങളുടെ സമ്പത്തും വിശ്വാസത്തിന്റെ വെളിച്ചവും മാധ്യമധർമ്മത്തിന്റെ ആഴവും പങ്കുവയ്ക്കുന്ന ഇഗ്നേഷ്യസ് ഗോൺസാൽവസ് സംസാരിക്കുന്നു...*

***കത്തോലിക്ക സഭയിൽ അൽമായർക്കു ലഭിക്കാവുന്ന പരമോന്നത ബഹുമതി ലഭിച്ച വേളയിൽ അങ്ങേയ്ക്ക് എന്താണു പങ്കുവയ്ക്കാനു ള്ളത്?***

മാധ്യമ ശുശ്രൂഷയുടെ ജീവൽ പ്രാധാന്യത്തെയും, ആ ശുശ്രൂഷ യിൽ ഏർപ്പെട്ടിരിക്കുന്നവരെയും, സഭ ഇതിലൂടെ അംഗീകരിച്ചിരി ക്കയാണ് എന്നാണ് എന്റെ കാഴ്ചപ്പാട്. അതുകൊണ്ടുതന്നെ അനൽപ്പമായ സന്തോഷവും അഭിമാനവും തോന്നി. മാധ്യമ പ്രവർത്തനമെന്നത് സത്യാന്വേ ഷണവും സത്യത്തിന്റെ പ്രഘോ ഷണവും സത്യം ഡോക്യുമെന്റ് ചെയ്യലും ആണല്ലോ. അതുകൊ ണ്ടുതന്നെ അത് ആലങ്കാരികമായി മാത്രമല്ല, അക്ഷരാർത്ഥ ത്തിൽത്തന്നെ വചനശുശ്രൂഷയാ ണല്ലോ. ഷെവലിയർ പദവിയിൽ ഇതിനുമുമ്പ് ഏതെങ്കിലും മാധ്യമ പ്രവർത്തകൻ ആദരിക്കപ്പെ ട്ടിട്ടുണ്ടോ എന്ന് എനിക്ക് അറി ഞ്ഞുകൂടാ. വർക്കിംഗ് ജേർണലിസ്റ്റ് സ് ആക്ടിന്റെ നിർവചന പ്രകാരമുള്ള മാധ്യമ പ്രവർത്തകരെ യാണ് ഇവിടെ ഞാൻ ഉദ്ദേശി ക്കുന്നത്. എനിക്ക് ഈ ഉന്നത പദവി കൽപ്പിച്ചനുവദിച്ച പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പായോടും, ഇതിലേക്ക് എന്നെ ശുപാർശ ചെയ്ത ജോസഫ് കളത്തിപ്പറമ്പിൽ പിതാവിനോടും വിവിധ തലങ്ങളിൽ പരിശോധ നയും വിലയിരുത്തലും നടത്തി ആ ശുപാർശ പരിശുദ്ധ സിംഹാസനത്തിലേക്കു സമർപ്പിച്ച മുൻ നൂൺഷ്യോ ലെയോപ്പോൾ ദോ ജിറേല്ലി പിതാവിനോടുമുള്ള നിസ്സീമമായ കടപ്പാട് ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു.

***മാധ്യമ പ്രവർത്തനരംഗത്ത് ദീർഘകാല അനുഭവമുള്ള അങ്ങേയ്ക്ക് ഈ മേഖലയിൽ സഭയുടെ ഇടപെടലുകളെയും കാഴ്ചപ്പാടുകളെയും കുറിച്ച്?***

സഭ എക്കാലവും ഇക്കാര്യത്തിൽ മുമ്പേ പറക്കുന്ന പക്ഷിയായിരുന്നു എന്ന വസ്തുതയാണ് എനിക്ക് ആദ്യമേ നിരീക്ഷിക്കാനുള്ളത്. ഗുട്ടൻബർഗ് കണ്ടുപിടിച്ച പ്രസ്സിൽ ആദ്യം അച്ചടിച്ചത് ശുദ്ധമാന വേദപുസ്തകത്തിന്റെ ഒരു ഭാഗമാ ണല്ലോ. മാർക്കോണി റേഡിയോ കണ്ടുപിടിച്ചപ്പോൾ അദ്ദേഹത്തെ വത്തിക്കാനിലേക്കു വിളിച്ചുവരു ത്തി വത്തിക്കാൻ റേഡിയോയ്ക്കു തുടക്കമിട്ടതു പീയൂസ് പതിനൊ ന്നാമൻ പാപ്പയത്രേ. ടെലിഫോൺ ഉൾപ്പെടെ കമ്മ്യൂണിക്കേഷൻ രംഗത്ത് ഉണ്ടായ മറ്റു കണ്ടുപിടി ത്തങ്ങളുടെ കഥയും മറ്റൊന്നല്ല. ഇങ്ങു കേരളത്തിലാണെങ്കിൽ സത്യനാദ കാഹളത്തിന്റെയും മറ്റും ചരിത്രം ഏതൊരു ക്രൈസ്ത വന്റെയും അന്തരംഗത്തെ അഭിമാന പൂരിത മാക്കാൻ കെൽപ്പുള്ളതാണ്. അൽപ്പം വൈകിയാണെങ്കിലും

ടിവി ഉൾപ്പെടെ ഇലക്ട്രോണിക്ക് മാധ്യമരംഗത്തേക്കും സഭ സധൈര്യം കടന്നുവന്നു. തുടങ്ങിയപ്പോഴുണ്ടായ ഊർജ്ജവും ആർജവവും തുടർന്നും നിലനിർത്താനായോ എന്നതാണ് കാതലായ ചോദ്യം. അച്ചടി മാധ്യമത്തിന്റെ കാര്യമെടുക്കാം. ഇംഗ്ലീഷിൽ ഒരെണ്ണം ഉൾപ്പെടെ അഞ്ചു ദിനപ്പത്രങ്ങൾ സ്വന്തമായി ഉണ്ടായിരുന്ന ഒരു സമൂഹമാണ് കേരളത്തിലെ കത്തോലിക്കാ സമൂഹം. അതൊരു ലോക റെക്കോർഡാണെന്നോർക്കുക! ദീപിക, സത്യനാദകാഹളത്തിന്റെ പുനരവതാരമായി വന്ന കേരളടൈംസ്, തൊഴിലാളി, സദ്വാർത്ത, ഇന്ത്യൻ കമ്മ്യൂണിക്കേറ്റർ എന്നിവയാണ് ഈ ദിനപത്രങ്ങൾ. ഇതിൽ ദീപിക മാത്രം മുടന്തിയും നിരങ്ങിയും മുന്നോട്ടുപോകുന്നുണ്ട്. ബാക്കി നാലും കഥാവശേഷമായി! ശ്രദ്ധേയമായ മറ്റൊരു കാര്യം ഈ പശ്ചാത്തലത്തിൽ എടുത്തു പറയേണ്ടതുണ്ട്. വത്തിക്കാന്റെ വാർത്താവിനിമയ കാര്യാലയം കൂടുതൽ കൂടുതൽ അൽമായവൽകൃതമായിക്കൊണ്ടിരിക്കുന്നു എന്നതാണത്. ഡോ. യൊവാക്കിം നവാഹോ വാൾസ് എന്ന അൽമായനെ തന്റെയും സാർവത്രിക സഭയുടെയും വക്താവായി നിയമിച്ചുകൊണ്ട് വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായാണ് അതിനു തുടക്കം കുറിച്ചത്. തുടർന്നുള്ള പരിശുദ്ധ പിതാക്കന്മാർ, വിശേഷിച്ചു ഫ്രാൻസിസ് പാപ്പാ, ആ അൽമായവൽകരണം തുടർന്നു. അന്ദ്രേയ ടൊർണിയേല്ലി, മത്തേയോ ബ്രൂണി, ലെറ്റീസിയാ സൊബേറോൺ തുടങ്ങിയ അൽമായ പ്രൊഫഷണലുകളാണ് ഇന്ന് നമ്മുടെ കമ്മ്യൂണിക്കേഷൻസ് ഡിക്കാസ്റ്ററിയെ നയിക്കുന്നത്. സഭാ മാധ്യമങ്ങളിൽ മാത്രമല്ല, സെക്കുലർ മാധ്യമങ്ങളിലും കസറിയവരാണ് ഇവർ.

***പത്രപ്രവർത്തന രംഗത്തും മാധ്യമ പരിശീലന രംഗത്തും ഒന്നുപോലെ ശോഭിച്ച വ്യക്തിത്വമാണ് അങ്ങയുടേത്. മാധ്യമ പരിശീലനരംഗത്തെ നൂതന രീതികളെക്കുറിച്ചു പറയാമോ?***

ശരിയാണ്. രണ്ടു മേഖലകളിലും സജീവമായി ദീർഘകാലം പ്രവർത്തിക്കാനുള്ള ഭാഗ്യം എനിക്ക് ഉണ്ടായി. പരിമിതമായ തോതിലാണെങ്കിലും സ്വദേശത്തും വിദേശങ്ങളിലും അത് തുടരുകയും ചെയ്യുന്നു. അടിസ്ഥാന പ്രമാണങ്ങൾ അവഗണിക്കപ്പെടുകയും അവമതിക്കപ്പെടുകയും, അതേസമയം പുത്തൻ സാങ്കേതികവിദ്യകളുടെ കുത്തൊഴുക്കിലും പളപളപ്പിലും സകലരും അഭിരമി ക്കുകയും ചെയ്യുന്ന ദുരവസ്ഥയിലാണ് ഇന്ന് മാധ്യമലോകം. അതുകൊണ്ടാണ് 'Back to the basics, Back to Scholl' എന്ന മുദ്രാവാക്യത്തിന് ഇക്കാലഘട്ടത്തിൽ പ്രസക്തിയേറുന്നത്. മാധ്യമ പരിശീലകൻ എന്ന നിലയിൽ ഈ അടിസ്ഥാന പ്രമാണത്തിലാണ് ഞാൻ എന്നും ഊന്നിയിട്ടുള്ളത്. കേരള പ്രസ്സ് അക്കാദമി വഴിയും മനോരമ സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ (MASCOM) വഴിയും യൂണിവേഴ്സിറ്റികൾ ഉൾപ്പെടെ ഇതര സ്ഥാപനങ്ങൾ വഴിയും സമ്പന്നമായൊരു ശിഷ്യസമ്പത്തുണ്ടെനിക്ക്. അടിസ്ഥാന പ്രമാണങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് സെക്കുലർ മാധ്യമങ്ങളിലും സഭാ മാധ്യമങ്ങളിലും അവർ മികവാർന്ന സേവനം നടത്തുന്നു. അവരെ ഓർത്ത് ഞാൻ അഭിമാനിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്യുന്നു. ജീവനാദം വാരികയുടെ സ്ഥാപക ചീഫ് എഡിറ്റർ എന്ന നിലയിൽ ഞാൻ പരിശീലിപ്പിച്ചു വളർത്തിയവരാണ് ഇന്ന് കേരളത്തിലെ പല സഭാ മാധ്യമങ്ങളുടെയും അമരത്ത് ഉള്ളതെന്നു ഞാൻ വിനയപൂർവം ഓർക്കുന്നു. ആപ്പുകളും ടൂളുകളും വശമാക്കേണ്ടതുതന്നെ. പക്ഷേ അതിനേക്കാൾ പ്രധാനമാണ് അടിസ്ഥാന പ്രമാണങ്ങളും ധാർമികതയും ഉൾക്കൊള്ളുക എന്നത്.

***വിശുദ്ധ ജോൺ പോൾ രണ്ടാമൻ, വിശുദ്ധ മദർ തെരേസ, ഫ്രാൻസിസ് പാപ്പാ തുടങ്ങിയ വ്യക്തിത്വങ്ങളുമായി വ്യക്തിപരമായ കൂടിക്കാഴ്ച നടത്തിയിട്ടുള്ള അപൂർവം അൽമായരിൽ ഒരാളാണല്ലോ അങ്ങ്. ആ കൂടിക്കാഴ്ചകളെക്കുറിച്ചു പറയാമോ?***

ജീവിതത്തിലെ ഏറ്റവും ആനന്ദദായകങ്ങളായ അസുലഭ മുഹൂർത്തങ്ങളായിരുന്നു അവയെന്ന് നിസ്സംശയം പറയാം. മാധ്യമ പ്രവർത്തകനും എഴുത്തുകാരനും എന്ന നിലയിൽ എന്റെ ദൈവവിളിയെ കാലഘട്ടത്തിനൊത്തു പരുവപ്പെടുത്തുന്നതിൽ ഈ കൂടിക്കാഴ്ചകൾ നിർണായകമായ പങ്കുവഹിച്ചു. അതേപ്പറ്റി പറയാനാണെങ്കിൽ ഒരു പുസ്തകം തന്നെ എഴുതേണ്ടിവരും. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പായുമായി മൂന്നുവട്ടം കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. 1989, 2000, 2002 എന്നീ വർഷ ങ്ങളിലായിരുന്നു. അപ്പസ്തോലിക അരമനയിലെ സ്വകാര്യ ചാപ്പലിൽ അദ്ദേഹം അർപ്പിച്ച ഒരു ദിവ്യബലിയിൽ പങ്കുചേരാനുള്ള ഭാഗ്യവും എനിക്കുണ്ടായി. അംബാസഡർമാരും മറ്റു പ്രമുഖരുമൊപ്പം 20 പേരാണ് എന്നോടൊപ്പം ആ ദിവ്യബലിയിൽ ഉണ്ടായിരുന്നത്. ഫ്രാൻസിസ് പാപ്പായുമായി രണ്ടുതവണ കൂടിക്കാഴ്ച നടത്താൻ സാധിച്ചു. 2018-ലും 2024-ലും ആയിരുന്നു അത്. വിശുദ്ധ മദർ തെരേസയെ കണ്ടത് എറണാകുളത്ത് മിഷണറീസ് ഓഫ് ചാരിറ്റീസിന്റെ ഉദ്ഘാടനത്തിന്റെ തലേന്നാണ്. പ്രമുഖ മാധ്യമ പ്രവർത്തകൻ കെ.എം. റോയിയും എന്നോടൊപ്പം ഉണ്ടായിരുന്നു. എല്ലാം ദൈവപരിപാലനം എന്നു തിരിച്ചറിഞ്ഞ് കൈകൾ കൂപ്പാനേ എനിക്കിപ്പോൾ കഴിയൂ.

# കരുണയുടെ കൈത്താങ്ങായി, നന്മയുടെ സന്ദേശമായി ജോസ് ആന്റണി പുത്തൻവീട്ടിൽ





പ്രവാസജീവിതത്തിന്റെ വിജയപാതയിൽ വ്യക്തിമുദ്ര പതിപ്പിക്കുമ്പോഴും, സ്വന്തം നാടിനെയും നാട്ടുകാരെയും ഹൃദയത്തോട് ചേർത്തുനിർത്തിയ മനുഷ്യസ്നേഹിയാണ് ജോസ് ആന്റണി പുത്തൻവീട്ടിൽ.

ജോസ് ആന്റണി പുത്തൻവീട്ടി ലിന്റെ ജീവിതത്തെ വേറിട്ടുനിർ ത്തുന്നത് അദ്ദേഹത്തിന്റെ ബിസിനസ് വിജയങ്ങളേക്കാൾ വലുതായ മനുഷ്യസ്നേഹമാണ്.

ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായ ഇടപെടലുകൾക്ക് നേതൃത്വം നൽകുന്ന കെയർ ആൻഡ് ഷെയർ ഫൗണ്ടേഷന്റെ സ്ഥാപകനും ചെയർമാനുമായ ജോസ് ആന്റണി പുത്തൻവീട്ടിൽ, സേവനത്തെ ഒരു അവസരമായല്ല, ജീവിതദൗത്യമായാണ് കാണു ന്നത്. വീടില്ലാത്തവർക്കും നിർധ നർക്കും കൈത്താങ്ങാകുന്നതു മുതൽ പ്രകൃതിദുരന്തങ്ങളിൽ ദുരിതമനുഭവിച്ചവരുടെ പുനരധി വാസം വരെ അദ്ദേഹത്തിന്റെ സേവനപ്രവർത്തനങ്ങൾ വ്യാപിച്ചുകിടക്കുന്നു.

ദിവംഗതനായ വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ് ഡോ. ഡാനിയൽ അച്ചാരുപറമ്പിൽ പിതാവിന്റെ അനുഗ്രഹാശംസക ളോടെ 2003-ൽ ആരംഭിച്ച കെയർ ആൻഡ് ഷെയർ ഫൗണ്ടേഷൻ, സമൂഹത്തിലെ നിരാലംബർക്കായി കരുതലിന്റെ കരങ്ങൾ നീട്ടുന്ന വലിയൊരു സേവന പ്രസ്ഥാന മായി വളർന്നു. എറണാകുളം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നിർധനരായ കുടുംബങ്ങൾക്ക് 16 വീടുകൾ നിർമ്മിച്ചു നൽകിയത് ഈ സേവനയാത്രയിലെ ശ്രദ്ധേയമായ അധ്യായമാണ്.

ലാത്തൂർ ഭൂകമ്പത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കായി 140-ലധികം വീടുകളും വാട്ടർ ടാങ്കും നിർമ്മിച്ചുനൽകിയതും സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെട്ടതും അദ്ദേഹത്തിന്റെ സേവനത്തിന്റെ വിശാലത വ്യക്തമാക്കുന്നു.

എറണാകുളം ലൂർദ് ആശുപത്രി യിലെ ലാബിനു വേണ്ടി ടെസ്റ്റിംഗ് മെഷീൻ, വടുതല ഡോൺ ബോസ്കോ സ്കൂൾ ഓഡിറ്റോറിയം, വടുതല തട്ടാഴം, പള്ളിയിലെ കൊടിമരം, മരട് പി.എസ്. മിഷൻ ആശുപത്രിയിലെ കിഡ്നി ചികിത്സക്കുള്ള മെഷീൻ, കളമശേരി സെന്റ് പോൾസ് കോളേജ് ഓഡിറ്റോറിയത്തിലെ സൗണ്ട് സിസ്റ്റം, വൈപ്പിൻ കരുണ സ്പെഷ്യൽ സ്കൂൾ വാഹനം എന്നിവയ്ക്ക് ധനസഹായം നൽകാനും കെയർ ആൻഡ് ഷെയർ സംഘടനയിലൂടെ സാധിച്ചിട്ടുണ്ട്.

എയ്ഡ്സ് ബോധവൽകരണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും അന്താരാഷ്ട്ര വേദികളിൽ വിഷയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു. 2004 ഡിസംബറിൽ ഇന്തോ-പാക് സമാധാന ദൗത്യ സംഘത്തിൽ പങ്കെടുത്ത് അന്നത്തെ പാകി സ്ഥാൻ പ്രധാനമന്ത്രി ഷൗക്കത്ത് അസീസ്, കോൺഗ്രസ് നേതാവ് സോണിയഗാന്ധി തുടങ്ങിയ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തി. ജീവകാരു ണ്യത്തെ അതിരുകളില്ലാത്ത മനുഷ്യസ്നേഹത്തിന്റെ ഭാഷയാക്കി മാറ്റുകയായിരുന്നു.

അമേരിക്കൻ മണ്ണിൽ കഠിനാധ്വാ നത്തിലൂടെ സംരംഭകത്വത്തിന്റെ ഉയരങ്ങൾ കീഴടക്കിയ അദ്ദേഹം, തന്റെ വിജയത്തിന്റെ ഒരു പങ്ക് സമൂഹത്തിലെ പിന്നാക്കം നിൽക്കുന്നവർക്കും അശരണർ ക്കും ദുരിതമനുഭവിക്കുന്നവർ ക്കുമായി സമർപ്പിച്ചുകൊണ്ടാണ്

വ്യത്യസ്തനാകുന്നത്.

ഇമിഗ്രന്റ് എന്റർപ്രണർ അവാർഡ്, കാരുണ്യ അവാർഡ്, ഔട്ട്സ്റ്റാൻഡിംഗ് ബിസിനസ്സ്മാൻ ഓഫ് ദി ഇയർ, നാഷണൽ അവാർഡ് ഫോർ എക്സലൻസ് (വിസ്കോൺസിൻ), ഡിസ്റ്റിംഗ്വിഷ്ഡ് സൺ ഓഫ് ഇന്ത്യ അവാർഡ്, കമ്മ്യൂണിറ്റി ആക്ടിവിസ്റ്റ് തുടങ്ങിയ നിരവധി പുരസ്കാരങ്ങൾ ജോസ് ആന്റണിയുടെ സംരംഭക മികവിനും സാമൂഹിക പ്രതിബദ്ധതയ്ക്കും ലഭിച്ച അംഗീകാരങ്ങളാണ്.

എറണാകുളം സെന്റ് ആൽബർട്സ് കോളജിൽ നിന്ന് ബി. എസ്.സി. ബിരുദം നേടി. 1972-ൽ ഉപരിപഠനത്തിനായി അമേരിക്കയിലെത്തിയ ഒരു യുവാവിൽ നിന്ന് സമൂഹത്തിന് താങ്ങാകുന്ന സംരംഭകനിലേക്കുള്ള അദ്ദേഹത്തിന്റെ യാത്ര ഏറെ പ്രചോദനാത്മകമാണ്. YMCAയിലെ ഹൗസ് കീപ്പിംഗ്, സെക്യൂരിറ്റി ഗാർഡ് ജോലികളിൽനിന്ന് ആരംഭിച്ച അധ്വാനത്തിന്റെ പാത മെഡിക്കൽ ലബോറട്ടറിയിലേക്കും സെയിൽസ്-മാർക്കറ്റിംഗ് രംഗത്തേക്കും പിന്നീട് വിവിധ ബിസിനസുകളിലേക്കും വളർന്നു. 1974-ൽ ഷിക്കാഗോയിൽ ഫാർമസിയും ക്ലിനിക്കും ആരംഭിക്കുകയും, 1984-ൽ American Institute for Drug Testing സ്ഥാപിക്കുകയും ചെയ്തതിലൂടെ ബിസിനസ് രംഗത്തും അദ്ദേഹം ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചു.

പ്രവാസി സമൂഹത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ വളർച്ചയിലും ജോസ് ആന്റണി പുത്തൻവീട്ടിൽ പങ്കുവഹിച്ചു. 1984-ൽ ചിക്കാഗോ യിലെ ലത്തീൻ കത്തോലിക്കരായ മലയാളികളെ ഒരുമിച്ചുചേർത്ത് കേരള ലാറ്റിൻ കാത്തലിക് ലീഗ് (KLCL) രൂപീകരിച്ചതും അദ്ദേഹത്തിന്റെ സംഘടനാപാടവത്തിന്റെയും സമുദായബോധത്തിന്റെയും തെളിവാണ്.


റോട്ടറി ക്ലബിന്റെ പ്രവർത്തനങ്ങളിലും ഫെഡറേഷൻ ഓഫ് ഇന്ത്യൻ അസോസിയേഷൻസിലും ഷിക്കാഗോ-ഡൽഹി സിസ്റ്റർ സിറ്റി കമ്മിറ്റിയിലും അദ്ദേഹം വഹിച്ച വിവിധ ചുമതലകൾ പൊതുസേവന രംഗത്തെ അദ്ദേഹത്തിന്റെ സജീവസാന്നിധ്യം വ്യക്തമാക്കുന്നു. വരാപ്പുഴ അതിരൂപത ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ചെയർമാനായ മിഷൻ ഇന്ത്യ ഇന്റർനാഷണൽ ഓർഗനൈസേഷൻ സെക്രട്ടറിയായും അദ്ദേഹം നിലവിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്.

ഷിക്കാഗോയിലെ മദർ തെരേസ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലുള്ള മദർ തെരേസ സൂപ്പ് കിച്ചനിൽ വർഷത്തിലൊരിക്കൽ നന്ദിസൂചകമായി ഭക്ഷണം നൽകുന്നതും അദ്ദേഹത്തിന്റെ കാരുണ്യ ത്തിന്റെ മറ്റൊരു മനോഹരമായ മുഖമാണ്. കറുത്ത വർഗക്കാരും നിരാലംബരുമായ അനേകർക്ക് പ്രതിദിനം ഭക്ഷണം ലഭിക്കുന്ന അവിടം, വിശക്കുന്നവന്റെ മുന്നിൽ ഒരു നേരത്തെ ഭക്ഷണം വയ്ക്കു ന്നത് തന്നെ ഏറ്റവും വലിയ മനുഷ്യസേവനമാണെന്ന സന്ദേശമാണ് അദ്ദേഹം പകർന്നുനൽകുന്നത്.

ഡോ. പീറ്റർ ജോസഫ് പുത്തൻവീട്ടിൽ, ആഞ്ചല പീറ്റർ പുത്തൻവീട്ടിൽ എന്നിവരാണ് ജോസ് ആന്റണിയുടെ മാതാപിതാക്കൾ. നാല് സഹോദരിമാരും മൂന്ന് സഹോദരന്മാരും ഉൾപ്പെടെ സഹോദരങ്ങൾ. ഭാര്യ പാലാ മാളിയേക്കൽ കുടുംബാംഗം കുഞ്ഞുമോൾ (ട്രീസ). മക്കൾ: ഡോ. മനോജ് (ഡോ. പീറ്റർ ജെ. പുത്തൻവീട്ടിൽ - ഇന്റേണൽ മെഡിസിൻ ഫിസിഷ്യൻ). മഞ്ജു (ഡോ. മരിയറ്റ എബ്രഹാം - ഫാമിലി പ്രാക്ടീസ് ഫിസിഷ്യൻ). മനീഷ് (ജോസഫ് പി. പുത്തൻവീട്ടിൽ - ഇൻവെസ്റ്റ്മെന്റ് ബാങ്ക് പാർട്ണർ).

കരുണയും കരുതലും മനുഷ്യസ്നേഹവും ജീവിതത്തിന്റെ അടയാളമാക്കിയ ഈ മഹത് വ്യക്തിത്വം, ഇനിയും അനേകം ജീവിതങ്ങളിൽ പ്രതീക്ഷയുടെ വെളിച്ചമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

CARTOON **DEEPTHI** ഓണം...പാറ്റോണം John Kakkanad



# മഹനീയം അദ്ധ്യാപനം

*സെപ്തംബര്‍ 5 അദ്ധ്യാപകദിനമായി ദേശീയതലത്തില്‍ ആചരിക്കുന്ന ദിനമാണ് . അദ്ധ്യാപനത്തിന്റെ മഹത്വം ദര്‍ശിക്കുന്ന ഏതാനും അദ്ധ്യാപകാരുടെ ചിന്തകള്‍ പങ്കുവെയ്ക്കുകയാണിവിടെ...*



**ഫാ. ഷാമില്‍ ജോസഫ്**



## മാഷ്

***ജിബിന്‍ ജോയ്, ഹെഡ്മാസ്റ്റര്‍, സെന്റ് മേരീസ് യു.പി. സ്കൂള്‍, സൗത്ത് ചിറ്റൂര്‍***

വാര്‍ഷിക പരീക്ഷയില്‍ എങ്ങനെ ജയിക്കണമെന്ന് പറഞ്ഞുകൊടുക്കുന്നതിനേക്കാള്‍, ജീവിതമാകുന്ന പരീക്ഷയില്‍ എങ്ങനെ വിജയിക്കണമെന്ന് പഠിപ്പിക്കുന്നിടത്താണ് ഒരു അധ്യാപകന്റെ യഥാര്‍ത്ഥ വിജയം.

ഒരു അധ്യാപകനെ ഓര്‍ക്കുമ്പോള്‍, അദ്ദേഹം പഠിപ്പിച്ച വിഷയങ്ങളേക്കാള്‍ ഏറെ ഓര്‍മ്മിക്കപ്പെടുന്നത് അദ്ദേഹം പകര്‍ന്നുനല്‍കിയ ജീവിതപാഠങ്ങളാണ്. "എന്റെ പിന്നാലെ വരുവിന്‍; ഞാന്‍ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം" എന്ന് ക്രിസ്തുനാഥന്‍ ശിഷ്യന്മാരോട് പറഞ്ഞതുപോലെ, മനുഷ്യരുടെ ഹൃദയങ്ങളില്‍ ഇടം നേടാനും, മറ്റൊരാളുടെ കണ്ണുകളില്‍ സ്വന്തം പ്രതിരൂപം കണ്ട് സ്നേഹിക്കാനും പഠിപ്പിക്കുന്ന ഗുരുവിനെയാണ് ശിഷ്യര്‍ എന്നും അഭിമാനത്തോടെ ഓര്‍ക്കുന്നത്. അവരുടെ തലങ്ങളിലേക്ക് ഇറങ്ങിവരുക എന്നതിനപ്പുറം, കുട്ടികളുടെ തലത്തിലേക്ക് സ്വയം ഉയരാന്‍ പരിശ്രമിക്കുന്ന അധ്യാപകനാണ് യഥാര്‍ത്ഥ ഗുരു. സ്വന്തം സ്വത്വത്തിന്റെ അതിരുകള്‍ മറന്ന് കുട്ടിയുടെ ജീവിതത്തിലേക്ക് കടന്നുചെന്ന്, അവനാവാനും അവളാവാനും കഴിയുന്നിടത്താണ് അധ്യാപകന്‍ യഥാര്‍ത്ഥത്തില്‍ വിജയിക്കുന്നത്.

"മാഷേ" എന്ന വിളിയില്‍ ലഭിക്കുന്ന ആത്മബന്ധവും സ്നേഹവും "ബോസ്" എന്ന വിളിയില്‍ ഒരിക്കലും ലഭിക്കില്ലെന്ന തിരിച്ചറിവാണ് അധ്യാപകന്റെ ഏറ്റവും വലിയ സമ്പത്ത്. സ്വന്തം സ്വത്വം വെടിഞ്ഞ് കുട്ടിയുടെ ജീവിതത്തിലേക്ക് കടന്നുചെന്ന്, അവന്റെ വേദനയില്‍ വേദനിക്കാനും, അവന്റെ സന്തോഷത്തില്‍ സന്തോഷിക്കാനും, അവന്റെ സ്വപ്നങ്ങള്‍ക്ക് ചിറകാകാനും കഴിയുമ്പോഴാണ് ഒരു അധ്യാപകന്റെ ദൗത്യം പൂര്‍ണമാകുന്നത്.

കാരണം...

നമ്മള്‍ പഠിപ്പിക്കുന്നത് വിഷയങ്ങളല്ല.നമ്മള്‍ പടുത്തുയര്‍ത്തുന്നത് ജീവിതങ്ങളാണ്.

നാളെ, ജീവിതത്തിന്റെ ഏതെങ്കിലും വഴിത്തിരിവില്‍, ഒരു ശിഷ്യന്‍ തിരിഞ്ഞുനോക്കി ... മാഷേ... നിങ്ങളാണ് എന്റെ താരമെന്ന് പറയാനിട വന്നാല്‍ അതല്ലേ അധ്യാപകന്റെ യഥാര്‍ത്ഥ വിജയം. അതല്ലേ അധ്യാപനത്തിന്റെ ഏറ്റവും വലിയ മാസ്.



*മാറ്റങ്ങൾ ഉണ്ടാക്കുന്നവർ*

***ബെറ്റ്സി എം.ജെ., HST English,***
***സെന്റ് റീത്താസ് ഹൈസ്ക്കൂൾ,***
***പൊന്നുരുന്നി***

ഒരു അധ്യാപിക ആകുന്നതിന്റെ ഏറ്റവും സന്തോഷമുള്ള കാര്യം, ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിൽ നാം വരുത്തുന്ന വ്യത്യാസം കാണുക എന്നതാണ്.

ഒരു വിദ്യാർത്ഥി ഉയർന്ന മാർക്ക് നേടുമ്പോൾ മാത്രമല്ല, ഒരു വിദ്യാർത്ഥി അവൻ മനസ്സിലാക്കാൻ ബുദ്ധിമുട്ടുന്ന ഒരു കാര്യം നമ്മുടെ ഇടപെടൽ മൂലം മനസ്സിലാക്കുന്നത് കാണുമ്പോൾ...


ലജ്ജയുള്ള നാണംകുണുങ്ങിയായ ഒരു കുട്ടി പതുക്കെ ആത്മവിശ്വാസം നേടുന്നത് കാണു മ്പോൾ..

നാം അവനിൽ വിശ്വസിച്ചതിനാൽ വിലമതിക്കപ്പെടുന്നതായി ഒരു കുട്ടിക്ക് തോന്നുമ്പോൾ....

വർഷങ്ങൾക്ക് ശേഷം തിരിച്ചെത്തി, 'ടീച്ചറെ ടീച്ചറാണ് എന്റെ ജീവിതത്തിൽ നല്ല മാറ്റങ്ങൾ ഉണ്ടാകാൻ കാരണം' എന്ന് പറയുന്ന മുൻ വിദ്യാർഥികളെ കാണുമ്പോൾ എല്ലാം അദ്ധ്യാപനം മഹത്തരമാകുകയാണ്.

ഒരുപക്ഷേ ഏറ്റവും വലിയ പ്രതിഫലം, ഇന്ന് നമ്മൾ പഠിപ്പിക്കുന്ന ഒരു ചെറിയ പാഠം, നാം പറയുന്ന ഒരു ദയയുള്ള വാക്ക്, അല്ലെങ്കിൽ ഒരു ചെറിയ പ്രോത്സാഹനം എന്നിവ ആ കുട്ടി നാളെ ആരായിത്തീരുന്നു എന്നതിന്റെ ഭാഗമായി മാറിയേക്കാമെന്ന് അറിയുക എന്നതാണ്..

ഒരു അധ്യാപകനെന്ന നിലയിൽ, നാം വിഷയങ്ങൾ പഠിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്, അവരുടെ ഭാവി രൂപപ്പെടുത്താൻ സഹായിക്കുക കൂടിയാണ്. ഇതാണ് എന്റെ അഭിപ്രായത്തിൽ അധ്യാപനത്തിന്റെ ഏറ്റവും മനോഹരമായ വശം.



*തസ്മൈ ശ്രീ ഗുരവേ നമഃ*

***ഡോ. അഗസ്റ്റിൻ കെ. ജെ.,***
***വകുപ്പധ്യക്ഷൻ, മലയാള വിഭാഗം,***
***സെന്റ്. ആൽബർട്സ് കോളേജ്***
***എറണാകുളം***

ഗുരു അറിവിന്നുറവിടമാകംമെങ്കിൽ അവനാദ്യം അവന്റെ മേഖലയിലെങ്കിലും കിട്ടാവുന്നത്ര അറിവു ശേഖരിച്ച് സ്വാംശീകരിച്ച് കൃത്യമായ ബോധ്യമുള്ള ജ്ഞാനിയാകണം. ഈ ജ്ഞാനം ശിഷ്യർക്ക് ഉൾക്കൊള്ളാനാകുംവിധം പകർന്നുകൊടുക്കാനായാൽ നല്ല അധ്യാപകനായി എന്നതാണ് ലോകത്തിൽ പൊതുവായുള്ള അധ്യാപന സങ്കൽപം. എന്നാൽ ഭാരതീയ ഗുരുപാരമ്പര്യം അപ്രകാരമുള്ളതല്ല. സർവ്വ മേഖലകളിലും ജ്ഞാനിയായ ഗുരുവിനോടൊപ്പം ശിഷ്യർ കാലങ്ങളോളം താമസിച്ച് ഗുരുവിനെ കണ്ട്, കേട്ട്, അനുസരിച്ച്, അനുകരിച്ച് ,പകർന്നെടുത്ത് പ്രാവർത്തികമാക്കുന്നതാണ് വിദ്യാഭ്യാസം. ഇവിടെ ഗുരു ജ്ഞാനിയായാൽ മാത്രം പോരാ സർവ്വ മേഖലകളിലും അനുകരണീയനുമാകണം, അതായത് മാതൃകാ വ്യക്തിത്വമാകണം.

ലോകം കണ്ട ഏറ്റവും മഹാനായ ഗുരുവായ യേശുവിന്റെ ഗുരുത്വ സങ്കൽപവും ഇതിനു സമാനമായിരുന്നു. അദ്ദേഹം ശിഷ്യൻമാരെ തെരഞ്ഞെടുത്തു, കൂടെ നടത്തി, പഠിപ്പിച്ചു, സ്വന്തം പ്രവൃത്തികൾ അനുകരിക്കാനാവശ്യപ്പെട്ടു. വലിയ ജ്ഞാനം പകർന്നു കൊടുക്കുക മാത്രമല്ല പകർന്നു കൊടുത്തതിനെ ജീവിച്ചു കാണിച്ചു. അതായത് ക്രസ്തു പകർന്നുകൊടുത്ത ജ്ഞാനത്തിന്റെ ഏറ്റവും പൂർണമായ ജീവിത മാതൃക ക്രിസ്തു തന്നെയായിരുന്നു. 'ഞാനാകുന്നു വഴിയും സത്യവും ജീവനും' (യോഹ. 14:6) എന്നവന് പറയാനായതും അതുകൊണ്ടു തന്നെയാണ്. ഇതേ ഗുരു മാതൃക പിന്തുടരാൻ ശ്രമിച്ച മഹാനാണ് ഗാന്ധിജി. തന്റെ ജീവിതം ശിഷ്യർക്കുള്ള സന്ദേശമായിരിക്കണമെന്ന് അദ്ദേഹത്തിനും നിർബന്ധമുണ്ടായിരുന്നു. അതിനദ്ദേഹം ജീവിതത്തെ കഠിനമായി നിയന്ത്രിച്ച് വിധേയമാക്കി തന്റെ ദർശനങ്ങൾക്കുതകും വിധം മാതൃകാപരമാക്കി. ആധുനിക വിദ്യാർത്ഥി തലമുറ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി

അവർക്ക് പണ്ഡിതരായ അധ്യാപകരുണ്ട്, എന്നാൽ മാതൃകയായ ഗുരുക്കൻമാരില്ല എന്നതാണ്.

അതുപോലെ ആധുനിക സമൂഹം അനുഭവിക്കുന്ന വലിയ ഒരു പ്രതിസന്ധി സമൂഹത്തിൽ ഉന്നത വിദ്യാഭ്യാസമുള്ള യുവാക്കളുണ്ട്, എന്നാൽ അവരിൽ മൂല്യവത്തായ ജീവിതം നയിക്കുന്നവർ കുറവാണ് എന്നതാണ്. ആധുനിക മാധ്യമങ്ങൾ യുവതലമുറയെ സത്യാനന്തര കാലഘട്ടത്തിലേയ്ക്ക് ആകർഷിക്കുമ്പോൾ അതിനെ പ്രതിരോധിച്ച് മൂല്യങ്ങളെ മുറുകെപ്പിടിച്ച് ഒരാദർശ മാതൃകാ ജീവിതം രൂപപ്പെടുത്താൻ അവരെ പ്രചോദിപ്പിക്കുന്ന യാതൊന്നും അവരുടെ മുമ്പിലില്ല. മാതാപിതാ ദൈവതുല്യരായ ഗുരുക്കന്മാരാണ് ആ സ്ഥാനത്തു വരേണ്ടത്. ഏതു വിഷയം പഠിപ്പിക്കുന്നവനായാലും, ഗുരു മാതൃകാ ജീവിതം നയിക്കുന്നവനാകണം, സാമൂഹിക ജീവിത മൂല്യങ്ങൾ സ്വജീവിതത്തിലൂടെ പകർന്നു കൊടുക്കുന്നവനാകണം. ഇതോടൊപ്പം ഗുരു തന്റെ ഭൗതിക ലോക ജ്ഞാനം വിദ്യാർത്ഥികളിലേക്ക് പകരുമ്പോൾ ഗുരുവിന്റെ വചനങ്ങളിൽ നിന്നു വിദ്യയും ഗുരുവിന്റെ ജീവിതത്തിൽ നിന്നു മൂല്യങ്ങളും വിദ്യാർത്ഥികൾക്ക് സ്വായത്തമാക്കാനാകും.

പാണ്ഡിത്യം കൊണ്ടും അത് പകർന്നു നല്ലാനുള്ള കഴിവുകൊണ്ടും വിദ്യാർത്ഥികളെ പ്രചോദിപ്പിക്കുന്ന ഗുരുനാഥന് അദ്ദേഹത്തിന്റെ ജീവിതം കൊണ്ടും ശിഷ്യരെ സ്വാധീനിക്കാനായാൽ വിദ്യാർ ത്ഥികൾ ഗുരുവിനെ അനുകരിക്കുന്നവരാകും. അപ്പോൾ ഗുരുത്വം ദൈവത്വമാകും... ഇങ്ങനെയുള്ള ഗുരുക്കന്മാരെ മനസ്സിൽ ധ്യാനിച്ച് ശിഷ്യഗണങ്ങൾ ആത്മാർത്ഥമായി ഉരുവിടും.... തസ്മൈ ശ്രീ ഗുരവേ നമ:



## *മനുഷ്യരെ രൂപപ്പെടുത്തുക*

***ഫാ. ബിജോയ് അഗസ്റ്റിൻ മരോട്ടിക്കൽ,***
***വൈസ് പ്രസിഡൻറ് ആൻഡ് പ്രൊഫസർ, പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ആലുവ***

ഒരു പൗരസ്ത്യ പഴമൊഴി ഇങ്ങനെ പറയുന്നു: "ഒരു വർഷത്തെ ദൗത്യമാണെങ്കിൽ പൂക്കൾ വളർത്തുക; പത്ത് വർഷത്തെ ദൗത്യമാണെങ്കിൽ മരങ്ങൾ വളർത്തുക; എന്നാൽ നിത്യത്തെ ലക്ഷ്യമാക്കിയ ദൗത്യമാണെങ്കിൽ മനുഷ്യരെ രൂപപ്പെടുത്തുക." സെമിനാരിയിലെ പരിശീലനം ഈ മൂന്നാമത്തെ ദൗത്യമാണ്. ഇവിടെ ഒരു തൊഴിൽ പഠിപ്പിക്കുന്നില്ല; ഒരു ജീവിതമാണ് രൂപപ്പെടുത്തുന്നത്. സെമിനാരി രൂപീകരണത്തിന്റെ ലക്ഷ്യം അറിവുള്ള വൈദികരെ മാത്രം സൃഷ്ടിക്കുക എന്നതല്ല. ക്രിസ്തുവിന്റെ മനസ്സും ഹൃദയവും ഉള്ള അജപാലകരെ രൂപപ്പെടുത്തുക എന്നതാണ്. ഓരോ സെമിനാരി വിദ്യാർത്ഥിയും ഒരു ദൈവവിളിയുടെ വിത്താണ്. സെമിനാരിയിലെ അധ്യാപകരുടെ ഉത്തരവാദിത്വം ആ വിത്തിനെ ക്രിസ്തുവിന്റെ രൂപത്തിലേക്ക് വളരാൻ സഹായിക്കുകയാണ്.

തത്ത്വശാസ്ത്ര - ദൈവശാസ്ത്ര അറിവ് പകർന്നു കൊടുക്കുന്നവർ മാത്രമല്ല സെമിനാരിയിലെ അധ്യാപകർ. ഒരു ജീവിതത്തെ സ്പർശിക്കുകയും, അതിന് ദിശ നൽകുകയും, അതിന്റെ ഉള്ളിലെ നന്മകളെ ഉണർത്തുകയും ചെയ്യുന്നവരാണ് യഥാർത്ഥ സെമിനാരി അധ്യാപകർ. അവർ വിദ്യാർത്ഥികളുടെ ജീവിതത്തിലെ പ്രചോദനത്തിന്റെ ഉപകരണങ്ങളാണ്. അവരുടെ ക്ലാസുകളും നിർദ്ദേശങ്ങളും തിരുത്തലുകളും പ്രധാനമാണ്. എന്നാൽ അതിനേക്കാൾ പ്രധാനപ്പെട്ടത് അവരുടെ സാന്നിധ്യവും ജീവിതസാക്ഷ്യവുമാണ്. അതുകൊണ്ട് അവരുടെ ജീവിതം തന്നെ ഒരു ജീവിക്കുന്ന പാഠപുസ്തകമാണ്. അവർ അവരുടെ ജീവിതത്തിലൂടെ പറയണം: "വൈദികജീവിതം സാധ്യമാണ്. വിശ്വസ്തത സാധ്യമാണ്. വിശുദ്ധി സാധ്യമാണ്. സന്തോഷത്തോടെ ക്രിസ്തുവിനെ അനുഗമിക്കാൻ കഴിയും.'

## *കുശവനും കളിമണ്ണും*

***ഫിലോമിന എ.എ.,***
***HM (Retired)***
***സെന്റ് ഇഗ്നേഷ്യസ് ലയോള എൽ.പി.എസ്., പോണേൽ***

ഞാൻ അധ്യാപനത്തെ കാണുന്നത് ഒരു കുശവന്റെ കയ്യിലെ കളിമണ്ണു പോലെയാണ്. ഒരു അധ്യാപകൻ എത്രത്തോളം അധ്യാപനത്തിൽ തന്റെ മികവു പ്രകടിപ്പിക്കുന്നുവോ അതുപോലെ അദ്ദേഹം വാർത്തെടുക്കുന്ന കുട്ടിയും മികവുറ്റതായിരിക്കും. അധ്യാപനം എന്നത് അറിവു കൈമാറുന്ന ഒരു തൊഴിൽ മാത്രമല്ല; മറിച്ച് ഭാവിതലമുറയെ രൂപപ്പെടുത്തുന്ന മഹത്തായ ഒരു ദൗത്യം കൂടിയാണ്. കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് അവരെ




പ്രോത്സാഹിപ്പിക്കുകയും അവരുടെ സ്വപ്നങ്ങൾക്ക് ശരിയായ ദിശ നൽകാനും അധ്യാപനത്തിന് സാധിക്കണം.

വിദ്യാർഥികളെ പാഠഭാഗങ്ങൾ പഠിപ്പിക്കുന്നതിനോടൊപ്പം നല്ല ചിന്തകളും മൂല്യങ്ങളും ജീവിത നൈപുണ്യങ്ങളും വളർത്താൻ ഉതകുന്നതായിരിക്കണം നമ്മുടെ അധ്യാപനം.  ഈ യവസരത്തിൽ നെൽസൺ മണ്ടേലയുടെ വാക്കുകളാണ് ഓർമ്മയിൽ വരുന്നത്; വിദ്യാഭ്യാസമാണ് ലോകത്തെ മാറ്റാൻ ഉപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധം. കുട്ടികൾക്ക് അറിവു നൽകുന്നതിനോടൊപ്പം അവരുടെ ചിന്തകളെയും സ്വഭാവത്തെയും കഴിവുകളെയും വളർത്തുന്ന പ്രക്രിയയായി അധ്യാപനം മാറണം. അതുപോലെ ഒരധ്യാപകൻ എന്നും കുട്ടിക്ക് മാതൃകയും വഴി കാട്ടിയും ആയിരിക്കണം. എന്നെ അധ്യാപനത്തിലേക്കു നയിച്ചത് നാലാം ക്ലാസ്സിൽ എന്നെ പഠിപ്പിച്ച റോസിലി ടീച്ചറാണ്. അതിനാൽസമൂഹത്തിന് നല്ല വ്യക്തികളെ സമ്മാനിക്കാനുള്ള അവസരമായാണ് ഞാൻ അധ്യാപനത്തെ കാണുന്നത്.

*ഒരു അധ്യാപകൻ എത്രത്തോളം അധ്യാപനത്തിൽ തന്റെ മികവു പ്രകടിപ്പിക്കുന്നുവോ അതുപോലെ അദ്ദേഹം വാർത്തെടുക്കുന്ന കുട്ടിയും മികവുറ്റതായിരിക്കും. അധ്യാപനം എന്നത് അറിവു കൈമാറുന്ന ഒരു തൊഴിൽ മാത്രമല്ല; മറിച്ച് ഭാവിതലമുറയെ രൂപപ്പെടുത്തുന്ന മഹത്തായ ഒരു ദൗത്യം കൂടിയാണ്.*



# എ.എൽ. ജേക്കബ്ബ് ജനകീയതയുടെ വെള്ളിനക്ഷത്രം



ലൂയിസ് തണ്ണിക്കോട്ട്



***കൊച്ചിയുടെ സ്വന്തം എ.എൽ.ജേക്കബ് എന്ന ജേക്കബ്ബേട്ടൻ വിട ചൊല്ലിയിട്ട് സെപ്റ്റംബർ 20ന് 26 വർഷമാകുന്നു.***

ഓരോ കോൺഗ്രസ് പ്രവർത്തകനെയും പേരെടുത്ത് വിളിക്കുന്നത് കൊണ്ടായിരുന്നു അറക്കൽ ലിഗോറി ജേക്കബ് എന്ന എ.എൽ. ജേക്കബ്, ജാതിമതഭേദവെന്യേ പ്രായവ്യത്യാസമില്ലാതെ എല്ലാവരുടെയും ജേക്കബ്ബേട്ടൻ ആയത്.

ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ സാധാരണ മനുഷ്യരിൽ നിന്നും ജന പ്രതിനിധികൾ അകലം സൂക്ഷിച്ചിരുന്ന അക്കാലങ്ങളിൽ, ജേക്കബ്ബേട്ടൻ ജനങ്ങൾക്ക് എന്നും ഏതു നേരത്തും അവരുടെ സാന്നിധ്യമായിരുന്നു. ജനങ്ങളുടെ ഇടയിൽ ഒരാളായി പ്രവർത്തിച്ചുകൊണ്ടിരുന്ന ജേക്കബ്ബേട്ടന് 'മരണവും കല്യാണവും കൂടി വോട്ട് തേടുന്നയാൾ' എന്ന് ചിലരൊക്കെ അന്നാളുകളിൽ പരിഹസിച്ചിരുന്നെങ്കിലും, ആ ശൈലി അനുകരിച്ചു തുടരുന്ന നേതാക്കൾ പലരും ഇന്നും നമ്മുടെ ഇടയിൽ ഉണ്ടെന്നതും നമ്മൾ അറിയുന്ന യഥാർത്ഥ്യം. തന്റെ മണ്ഡലത്തിലെ ഏതൊരാൾക്കും, അത് ആശുപത്രിയിലായാലും പോലീസ് സ്റ്റേഷനിലായാലും, ഏത് പാതിര നേരത്തും ജേക്കബ്ബേട്ടൻ ഒപ്പം കൂടുമായിരുന്നു.

കൊച്ചി-തിരുക്കൊച്ചി സഭകളിൽ അംഗമായിരുന്ന ജേക്കബ്ബേട്ടൻ, 1948 മുതൽ 1987 വരെ കാലയളവിൽ ഏതാണ്ട് പത്തു പ്രാവശ്യം മത്സരിക്കുകയും ഏഴു പ്രാവശ്യം വിജയിക്കുകയും ചെയ്തിട്ടുണ്ട്. ഇരുപത്തി ഒന്നാമത്തെ വയസ്സിൽ കൽക്കട്ടയിലെത്തി ബിസിനസുകാരനായി മാറിയ ജേക്കബ്ബേട്ടൻ, 1932 കാലഘട്ടത്തിലാണ് കോൺഗ്രസ് പാർട്ടിയിൽ അംഗമായി ചേരുന്നത്. 1947-ൽ കേരളത്തിലേക്ക് മടങ്ങിയെത്തിയ ജേക്കബ്ബേട്ടൻ ക്വിറ്റ് ഇന്ത്യ പ്രക്ഷോഭത്തിൽ പങ്കെടുത്ത അറസ്റ്റ് വരിച്ച സ്വാതന്ത്ര്യസമര പോരാളിയാണ്.

വൈപ്പിൻ കരയിലെ വാടേൽ ഇടവകയിൽ അറക്കൽ കുടുംബത്തിൽ ജനിച്ച ജേക്കബ്ബേട്ടൻ, 1957 ലാണ് കേരള നിയമസഭയിലേക്ക് ആദ്യമായി തെരഞ്ഞെടുക്കപ്പെടുന്നത്. തുടർന്ന് 1960-70- 77-80-82 വർഷങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ അദ്ദേഹം എറണാകുളം മണ്ഡലത്തിൽ നിന്നും വിജയിച്ചു. 1965-67 വർഷങ്ങളിൽ മണ്ഡലം മാറി പള്ളുരുത്തിയിൽ മത്സരിച്ചപ്പോഴും, 1987-ൽ എറണാകുളത്തും അദ്ദേഹം പരാജയപ്പെട്ടു. 1987-ൽ പ്രൊഫ: സാനു മാഷിനോട് പതിനായിരത്തോളം വോട്ടിന് പരാജയപ്പെട്ടതോടെ ജേക്കബ്ബേട്ടൻ തന്റെ 77-ാം വയസ്സിൽ സജീവ രാഷ്ട്രീയത്തോട് വിടപറഞ്ഞു.

പി കെ വാസുദേവൻ നായരുടെ മന്ത്രിസഭയിൽ കൃഷി മന്ത്രിയായും കെ. കരുണാകരന്റെ മന്ത്രി സഭയിൽ കൃഷി, ഫിഷറീസ്, രജിസ്ട്രേഷൻ വകുപ്പുകളുടെ മന്ത്രിയായും സേവനമനുഷ്ഠിച്ചുള്ള ജേക്കബ്ബേട്ടൻ, വളരെയധികം കാലം എറണാകുളം ഡിസിസിയുടെ പ്രസിഡന്റുമായിരുന്നു. ***1921-ൽ സ്ഥാപിതമായ കെപിസിസിയുടെ നൂറ്റി അഞ്ച് വർഷത്തെ ചരിത്രത്തിൽ, ലത്തീൻ സമുദായത്തിൽ നിന്നും ഉണ്ടായ ഏക കെ.പി.സി.സി. പ്രസിഡണ്ട് എന്ന ചരിത്രവും ജേക്കബ്ബേട്ടന്റെ പേരിലാണ്.***

ജേക്കബ്ബേട്ടൻ കെ.പി.സി.സി. പ്രസിഡന്റായിരുന്ന കാലയളവിലാണ് എ.കെ. ആൻറണിയുടെ നേതൃത്വത്തിൽ ഇടതുപക്ഷത്തേക്ക് പോയ കോൺഗ്രസ് വിഭാഗം മാതൃ സംഘടനയിലേക്ക് തിരിച്ചു വരുന്നത്. ഈ തിരിച്ചുവരവിന് നേതൃത്വം കൊടുത്തതിൽ പ്രധാനി ജേക്കബ്ബേട്ടനായിരുന്നു. ആന്റണി കോൺഗ്രസ് ഇടതുപക്ഷത്തോട് കൂട്ടുകൂടിയപ്പോൾ 'ആ തൊഴുത്തിലേക്ക് ഞാനില്ല' എന്ന് പറഞ്ഞാണ് ജേക്കബ് ചേട്ടൻ അന്ന് തിരിച്ചുനടന്നത്.



അതുകൊണ്ടാണ് കോൺഗ്രസ് ലയനത്തിന് ജേക്കബ് ചേട്ടൻ മുന്നിൽ നിന്നതും, അതിന്റെ സന്തോഷത്തിനും ഓർമ്മയ്ക്കുമായി തന്റെ മകന്റെ കുട്ടിക്ക് 'ലയന' എന്ന് പേരിട്ടതും.

കേരള രാഷ്ട്രീയത്തിലെ പല വഴിത്തിരിവുകൾക്കും പാർട്ടിയിലെ കാരണവരായ ജേക്കബ്ബേട്ടൻ നിമിത്തമായിട്ടുണ്ട്. 1982-ലെ കരുണാകര മന്ത്രിസഭയിൽ ജേക്കബ്ബേട്ടനെപ്പോലെ മുതിർന്ന നേതാക്കൾ ഉണ്ടായിട്ടും, മന്ത്രിസഭയിൽ ലത്തീൻ സമുദായത്തെ അവഗണിച്ചത് വലിയ ചർച്ചയ്ക്ക് വഴിവച്ചു. ഈ അവഗണനയിൽ ആർച്ച് ബിഷപ്പ് ജോസഫ് കേളന്തറ ശക്തിയായി പ്രതിഷേധം രേഖപ്പെടുത്തി. കേരള ടൈംസിൽ മോൺ. വെളിപ്പറമ്പിൽ മുഖപ്രസംഗം എഴുതി. കേരള കൗമുദി പത്രം കേരള ടൈംസിലെ മുഖപ്രസംഗം പുന:പ്രസിദ്ധീകരിച്ചു. കെ.എൽ.സി.എ. രൂപതകളിൽ കൺവൻഷൻ വിളിച്ചുകൂട്ടി. ലത്തീൻ സമുദായത്തിന്റെ പ്രതിഷേധം കേരളമാകെ അലയടിച്ചു.

അങ്ങനെ 1982- ഓഗസ്റ്റ് 15-ന്, ഷെവഃ കെ.ജെ. ബർലി മാഷ് പ്രസിഡണ്ടായി ലത്തീൻ കത്തോലിക്കന്റെ രാഷ്ട്രീയ പാർട്ടി, ഇന്ത്യൻ ലേബർ കോൺഗ്രസ് (ILC) നിലവിൽ വന്നു. ലത്തീൻ സമുദായത്തിന്റെ മുറിവുണക്കാൻ ജേക്കബ് ചേട്ടനെ കെപിസിസി പ്രസിഡണ്ടായി അവരോധിച്ചുകൊണ്ടാണ് സമുദായത്തിന്റെ ഈ രോഷം ശാന്തമാക്കിയത്. ലത്തീൻ കത്തോലിക്കാ സമുദായ അംഗമായ ജേക്കബ്ബേട്ടന്റെ മന്ത്രിസഭ പങ്കാളിത്തമില്ലായ്മയുടെ രോഷമാണ് സമുദായത്തിന്റെ രാഷ്ട്രീയ പാർട്ടിയുടെ പിറവിക്ക് വിത്തുപാകിയത്, അതിന് ജേക്കബ്ബേട്ടൻ നിമിത്തമായി എന്നത് മറ്റൊരു ചരിത്ര സത്യം.

കോൺഗ്രസ് പാർട്ടിയിൽ സാധാരണ പ്രവർത്തകനായി കടന്നുവന്ന്, കെപിസിസി അധ്യക്ഷൻ വരെ എത്തിയ ജേക്കബ്ബേട്ടന്റെ നിയമസഭയിലെ 25 വർഷത്തെ പ്രവർത്തനത്തിന് രാഷ്ട്രപതിയുടെ ബഹുമതിയും, റോമിലെ പരിശുദ്ധ പാപ്പായിൽ നിന്നും 'ബെനെ മെരേന്തി' എന്ന പേപ്പൽ ബഹു മതിയും ലഭിച്ചിട്ടുണ്ട്. കൽക്കട്ടയിൽ വച്ച് സ്വാതന്ത്ര്യസമര പ്രസ്ഥാനവുമായി ബന്ധപ്പെട്ട സുഭാഷ് ചന്ദ്ര ബോസ് രവീന്ദ്രനാഥ ടാഗോർ എന്നിവരുമായിട്ടുള്ള അടുത്ത പരിചയം, സ്വാതന്ത്ര്യസമര പങ്കാളിത്തത്തിൽ തീഷ്ണത വർധിപ്പിക്കാൻ കാരണമായി.

കേരള, കൊച്ചി സർവ്വകലാശാലകളിലെ സെനറ്റിൽ അംഗമായിരുന്നിട്ടുള്ള ജേക്കബ്ബേട്ടൻ, കേരള സ്പോർട്സ് കൗൺസിൽ മെമ്പർ, കേരള സ്റ്റേറ്റ് വെയിറ്റ് ലിഫ്റ്റിംഗ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ്, എറണാകുളം ജിംനേഷ്യത്തിന്റെ സ്ഥാപക പ്രസിഡണ്ട് തുടങ്ങി, പൊതുജീവിതത്തിന്റെ വിവിധ മേഖലകളിൽ നേതൃത്വം നൽകിയിട്ടുണ്ട്.

എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ ഇടവകാംഗമായ ജേക്കബ്ബേട്ടന്റെ ഭാര്യ ഫിലോമിനയാണ്. ഈ ദമ്പതികൾക്ക് മക്കളായി അഞ്ച് ആണും മൂന്നു പെണ്ണും. മകൻ ലിനോ ജേക്കബ്ബും, മൂന്നാംതലമുറയിൽ മനു ജേക്കബ്ബും അറക്കൽ കുടുംബത്തിൽ നിന്നും സജീവ രാഷ്ട്രീയ നേതൃത്വത്തിലുണ്ട്. പൊതുപ്രവർത്തനങ്ങളിൽ ജനകീയതയുടെ വെള്ളിന ക്ഷത്രമായ എ.എൽ. ജേക്കബ് എന്ന ജേക്കബ്ബേട്ടന്റെ ഓർമ്മയ്ക്കു മുന്നിൽ സ്നേഹാഞ്ജലികൾ.



# രോഗം വരുന്നതിനു മുമ്പേ ഹൃദയസംരക്ഷണം

## ലോകഹൃദയദിനം – സെപ്തംബർ 29



ഡോ. ജോർജ് തയ്യിൽ




17.9 ദശലക്ഷം ആൾക്കാരെ വർഷംപ്രതി കൊന്നൊടുക്കിക്കൊണ്ട് ഹൃദയധമനി രോഗങ്ങൾ ലോകത്ത് ഏറ്റവും ഭീഷണയായി മാറുകയാണ്. ആഗോളമായി 31 ശതമാനം മരണവും ഹൃദ്രോഗങ്ങളെത്തുടർന്നു തന്നെ. ഇന്ത്യയിൽ ആകെയുള്ളതിന്റെ 28 ശതമാനം മരണവും ഹൃദയാഘാതം കൊണ്ടുതന്നെ. ഇന്ത്യയിൽ 2.8 ദശലക്ഷം പേർ പ്രതിവർഷം ഹൃദ്രോഗാനന്തരം മരണപ്പെടുന്നു. പാശ്ചാത്യരാജ്യങ്ങളിലുള്ളവരുമായി തുലനം ചെയ്താൽ ഇന്ത്യക്കാർക്ക് ഹൃദയാഘാതം പത്തു വർഷം മുമ്പേ ഉണ്ടാകുന്നു. 10 ശതമാനം ഹാർട്ട് അറ്റാക്കും 40 വയസ്സിനു താഴെയുള്ളവരിൽ ഉണ്ടാകുന്നു. ഹാർട്ട് അറ്റാക്ക് മൂലമുള്ള മരണസംഖ്യ ഇന്ത്യക്കാർക്ക് വിദേശിയുടേതിനേക്കാൾ ഏറെ കൂടിനിൽക്കുന്നു. കേരളത്തിന്റെ കാര്യമെടുത്താൽ ആകെയുള്ള മരണങ്ങളിൽ 21 ശതമാനവും ഹാർട്ട് അറ്റാക്കിനെ തുടർന്നു തന്നെ.

ഹൃദയാഘാതം പെട്ടെന്ന് ഉണ്ടാകുന്നതാണോ? രാവിലെ സന്തോഷത്തോടെ ഓഫീസിൽ പോകുന്ന ഒരാൾ പെട്ടെന്ന് നെഞ്ചുവേദനയുണ്ടായി ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിക്കപ്പെടുന്നു. കുടുംബത്തിനും സഹപ്രവർത്തകർക്കും അത് ഉൾക്കൊള്ളാനാവാത്ത ഒരു ദുരന്തമാണ്. എന്നാൽ ഹൃദയത്തിന്റെ ഉള്ളിലെ കഥ പലപ്പോഴും വർഷങ്ങൾക്ക് മുമ്പേ ആരംഭിച്ചിട്ടുണ്ടാവും. ഹൃദയധമനികളിൽ കൊളസ്ട്രോൾ നിക്ഷേപം രൂപപ്പെട്ട് വളർന്ന് വലുതായി ധമനിയുടെ ഉൾവ്യാസത്തെ പൂർണ്ണമായോ അർത്ഥപൂർണ്ണമായോ അടയ്ക്കുവാൻ വർഷങ്ങളെടുക്കും. ഉയർന്ന എൽ.ഡി.എൽ. കൊളസ്ട്രോൾ, രക്തസമ്മർദ്ദം, പ്രമേഹം, പുകവലി, അമിതവണ്ണം, വ്യായാമക്കുറവ്, സ്ട്രെസ്സ്, ജനിതക ഘടകങ്ങൾ എല്ലാം ഈ അതിസങ്കീർണ്ണ പ്രക്രിയയെ ഉദ്ദീപിപ്പിച്ചിട്ടുണ്ടാവാം. ആ ഉദ്ദീപന നിമിഷത്തിൽ ഹൃദയധമനിയിലെ പ്ലാക്ക് അഥവാ കൊഴുപ്പു നിക്ഷേപം പൊട്ടുന്നു. അവിടെ രക്തക്കട്ട ഉണ്ടാകുന്നു. തുടർന്ന് രക്തധമനി അടഞ്ഞ് ഹൃദയപേശികളിലേക്കുള്ള രക്തപര്യയനം ദുഷ്ക്കരമാകുന്നതോടെ ഹൃദയകോശങ്ങൾ ഒന്നൊന്നായി ചത്തൊടുങ്ങുന്നു. അപ്പോഴാണ് ഹാർട്ട് അറ്റാക്ക് ഉണ്ടാകുന്നത്.

ഹൃദയധമനിയിൽ ജനിതാവസ്ഥ ആരംഭിച്ചു കഴിഞ്ഞാൽ ഹാർട്ട് അറ്റാക്കിനു കാരണമാകുന്നതുവരെയുള്ള കാലഘട്ടം സുദീർഘമാണ്. ഈ തിരിച്ചറിവാണ് പ്രതിരോധ ഹൃദ്രോഗശാസ്ത്രത്തിന്റെ അടിത്തറ. 'എനിക്ക് യാതൊരു ലക്ഷണവുമില്ല' – അതുകൊണ്ട് മാത്രം സുരക്ഷിതനാണോ? അല്ല. ഉയർന്ന രക്തസമ്മർദ്ദം പലപ്പോഴും നിശബ്ദമാണ്, കൊളസ്ട്രോൾ ഉയർന്നാലും വേദനയുണ്ടാകണമെന്നില്ല. പ്രമേഹം വർഷങ്ങളോളം ലക്ഷങ്ങളില്ലാതെ തുടരാം. ഹൃദയധമനികളിൽ ജനിതാവസ്ഥ വർദ്ധിക്കുമ്പോൾ രോഗിക്ക് ഒന്നും അനുഭവപ്പെടണമെന്നില്ല. എന്നാൽ അപ്രതീക്ഷിതമായ ഒരു ദിവസമാണ്, ധമനികളിൽ വളർന്നുകൊണ്ടിരിക്കുന്ന ജരിതാവസ്ഥ ഹാർട്ട് അറ്റാക്കായി മാറുന്നത്.

'എനിക്ക് രോഗലക്ഷണമില്ല' എന്നത് എനിക്ക് രോഗസാധ്യതയില്ല എന്നല്ല. ഇതാണ് ***2026-ലെ ലോകഹൃദയദിന സന്ദേശം നമ്മെ ഉദ്ബോധിപ്പിക്കുന്നത്. 'ഹൃദ്രോഗം മറഞ്ഞിരിക്കാം; ഒരു ഹൃദയമിടിപ്പും അവഗണിക്കരുത്.'***

ഇന്ന് പ്രിവന്റീവ് കാർഡിയോളജി യുടെ പുതിയ യുഗം ആരംഭിച്ചിരിക്കുകയാണ്. ഇതുവരെയുണ്ടായിരുന്ന സമീപനം: രോഗം-ലക്ഷണം -പരിശോധന-ചികിത്സ എന്നായിരുന്നു. എന്നാൽ ഇന്ന് ആ സമീപനം മാറുകയാണ്. അപകടസാധ്യത-നേരത്തേയുള്ള കണ്ടെത്തൽ-പ്രതിരോധം-വ്യക്തിഗത ചികിത്സ-ജീവിതകാലം മുഴുവൻ ജീവിതശൈലിയുടെ കർശനമായ നിയന്ത്രണവും നിരീക്ഷണവും. ഒരേ പ്രായമുള്ള രണ്ടുപേർക്ക് ഒരേ ഹൃദ്രോഗ സാധ്യത ആവണമെന്നില്ല. ഒരാളുടെ എൽ.ഡി.എൽ കൊളസ്ട്രോൾ സാധാരണ പരിധിയിലായിരിക്കാം. പക്ഷേ ലൈപ്പോ പ്രോട്ടീൻ (F) ഉയർന്നിരിക്കാം. മറ്റൊരാൾക്ക് പാരമ്പര്യ പ്രവണത (55 വയസ്സിന് മുമ്പ് ഹാർട്ട് അറ്റാക്ക് ഉണ്ടായ പിതാവും, 60 വയസ്സിന് മുമ്പ് ഹൃദയാഘാതം സംഭവിച്ച മാതാവും ഉണ്ടായിരിക്കാം. വേറൊരാൾക്ക് പ്രമേഹം, അമിതവണ്ണം, വൃക്കരോഗം എന്നിവയുണ്ടാകാം. അപ്പോൾ ഒരു പരിശോധനയിലെ ഒരു സംഖ്യമാത്രം നോക്കി ഹൃദയത്തിന്റെ ഭാവി പ്രവചിക്കാനാവില്ല.

എൽ.ഡി.എൽ. കൊളസ്ട്രോൾ മാത്രം തിട്ടപ്പെടുത്തി ഹൃദ്രോഗ സാധ്യത വിലയിരുത്തുന്നതിനു പരി ഇന്ന് ഏറ്റവും പ്രധാനമായി ലൈപ്പോ പ്രോട്ടീൻ (എ), അപ്പോ-ബി എന്നീ സൂചകങ്ങളുടെ നിർണ്ണയവും പ്രസക്തമാകുന്നു. ജനിതകമായി ഹൃദ്രോഗത്തിനു കാരണമാകുന്ന ഘടകങ്ങളാണവ. കൊളസ്ട്രോൾ നോർമൽ ആയിട്ടും ഹാർട്ട് അറ്റാക്ക് ഉണ്ടാകുന്നതിന്റെ ഒരു പ്രധാന കാരണം ലൈപ്പോ പ്രോട്ടീൻ (എ), അപ്പോ -ബി എന്നീ സൂചകങ്ങളുടെ അതിപ്രസരമാണ്. അതുകൊണ്ട് 'എന്റെ കൊളസ്ട്രോൾ കൂടിയിട്ടില്ല' എന്നതുകൊണ്ട് മാത്രം ഹൃദയസുരക്ഷ ഉറപ്പാക്കാനാകില്ല.

കുടുംബപരമായ രോഗപ്രവണതയാണ് ഏറ്റവും ശക്തമായത്. അച്ഛന് 55 വയസ്സിന് താഴെയും അമ്മയ്ക്ക് 60 വയസ്സിന് താഴെയും ഹൃദയാഘാതം ഉണ്ടായിട്ടുണ്ടെങ്കിൽ മക്കൾക്ക് ഹൃദ്രോഗമുണ്ടാകാനുള്ള സാധ്യതയേറും. ഇക്കൂട്ടർ ആപത് ഘടകങ്ങൾ നിയന്ത്രിക്കുന്നതിൽ മറ്റുള്ളവരെക്കാൾ ഏറെ ശ്രദ്ധാലുക്കളായിരിക്കണം.

ഇന്ന് ചെറുപ്പക്കാരിൽ വരെ ഹൃദ്രോഗ സാധ്യത പടർന്നേറുകയാണ്. അപഥ്യമായ ജീവിത ശൈലിയും ഭക്ഷണങ്ങളും ഒടുങ്ങാത്ത സ്ട്രെസ്സും വ്യായാമക്കുറവും തന്നെ പ്രധാനകാരണം. ഇത്തരക്കാരിൽ സാധാരണ ആപത്ഘടകങ്ങൾ പ്രകടമായെന്നു വരില്ല. ഹൃദയധമനികളിലെ കാത്സ്യം അളവും അതിന്റെ കാഠിന്യവും തിട്ടപ്പെടുത്തുന്നതിലൂടെ ഹൃദ്രോഗ സാധ്യത വിലയിരുത്താം. എന്നാൽ കാൽസ്യം ഇല്ലാത്ത കൊഴുപ്പു നിക്ഷേപങ്ങൾ (പ്ലാക്ക്) ഉണ്ടെന്നോർക്കണം. ഇവ. സി.റ്റി. കൊറോണറി ആൻജിയോഗ്രാമിൽ കണ്ടെന്നു വരില്ല.

***വ്യായാമം ഹൃദയത്തിനുള്ള സൗജന്യ ഔഷധമാണ്. വ്യായാമത്തിന് പകരം വയ്ക്കാൻ ഒരു ഗുളിക ഇന്നും കണ്ടെത്തിയിട്ടില്ല. ദിവസേന 30 മുതൽ 45 മിനിട്ടു വരെ ചടുലമായ വ്യായമം ചെയ്യണം. നടത്തം, ഓട്ടം, നീന്തൽ, സൈക്ലിംഗ് തുടങ്ങി പേശികളെ ബലപ്പെടുത്തുന്ന ട്രെയിനിംഗുകൾ ചെയ്യാം. ഇവയെല്ലാം ഹൃദയത്തിന് നല്ലൊരു മരുന്നാണ്. ഏറ്റവും നല്ല ഔഷധമാണ് നിത്യേനയുള്ള വ്യായാമം.***

ദിവസേന 8 മണിക്കൂർ ഉറക്കം ആരോഗ്യജീവിതത്തിന്റെ ജീവനാഡിയാണ്. ഉറങ്ങുമ്പോഴാണ് പരിക്ഷീണമായ ശരീരം പുനരുദ്ധരിക്കുന്നതെന്ന് ഓർക്കണം. ശക്തമായ കൂർക്കംവലി, ഉറക്കത്തിൽ ശ്വാസം നിലയ്ക്കുന്നത്, പകൽ അമിതമായ ഉറക്കക്ഷീണം, അമിതവണ്ണം, നിയന്ത്രിക്കപ്പെടാത്ത രക്തസമ്മർദ്ദം തുടങ്ങിയവ ഉള്ളവർ കർശനമായും ഒബ്സ്ട്രക്റ്റീവ് സ്ലീപ്പ് അപ്പ്നിയ (ഒ.എസ്.എ.) ഉണ്ടോയെന്ന് പരിശോധിക്കണം. സ്ലീപ്പ് സ്റ്റഡി ചെയ്യണം.

ഒരു സ്റ്റെന്റ് ഇട്ടതുകൊണ്ട് ഹൃദയാരോഗ്യം സാധാരണ നിലയിലായി എന്ന് കരുതരുത്. നല്ല ആശുപത്രിയും നല്ല കാർഡിയോളജിസ്റ്റും കാത്ത്ലാബും ഉണ്ടെങ്കിൽ പിന്നെ ഒന്നും പേടിക്കാനില്ല എന്ന തെറ്റായ ധാരണ വച്ചുകൊണ്ടു നടക്കരുത്. ഹാർട്ട് അറ്റാക്ക് കഴിഞ്ഞ്, ആൻജിയോപ്ലാസ്റ്റി ചെയ്ത് വീട്ടിലെത്തുമ്പോൾ യഥാർത്ഥത്തിൽ മറ്റൊരു ചികിത്സ ആരഭിക്കുകയാണ് - ദ്വിതീയ പ്രതിരോധം. അതുവരെയുണ്ടായിരുന്ന എല്ലാ ദുശ്ശീലങ്ങളും അവസാനിപ്പിക്കണം. പുകവലി, മദ്യപാനം ഇവ വേണ്ടേ വേണ്ട. ഹൃദയസൗഹൃദമായ ഭക്ഷണം, സ്ഥിരമായ വ്യായാമ പദ്ധതി, കൃത്യമായ ഔഷധസേവ, ആപത്ഘടകങ്ങളുടെ പ്രമേഹം, പ്രഷർ, കൊളസ്ട്രോൾ, സ്ട്രെസ്സ്, വ്യായാമക്കുറവ് നിയന്ത്രണം ഇവയെല്ലാം ജീവിതകാലം മുഴുവൻ നടത്തേണ്ടതാണ്. സ്റ്റെന്റ് ഒരു ധമനി തുറക്കും; ഭക്ഷണക്രമീകരണം ഒരു ജീവിതം സംരക്ഷിക്കും.

കേരളത്തിലെ ഓരോ കുടുംബത്തിനും ഒരു സന്ദേശം-നമ്മുടെ ആരോഗ്യബോധം ഉയർത്തണം, പ്രതിരോധ ചികിത്സ കാര്യം മാത്രമല്ല; കുട്ടികളിൽ ആരോഗ്യകരമായ ഭക്ഷണം, ചടുലമായ വ്യായാമ പദ്ധതികൾ, പുകവലി, ലഹരി ഇവയുടെ ഉപയോഗം കർശനമായി നിർത്തുക, ഇരുപത് വയസ്സ് കഴിഞ്ഞാൽ ഹൃദ്രോഗത്തിന് വിനയാകുന്ന ആപത്ഘടകങ്ങളുടെ കർശനമായ നിയന്ത്രണം.

***ഒരു ഹൃദയമിടിപ്പും അവഗണിക്കരുത്. ഹൃദയാഘാതം വന്നാൽ രക്ഷിക്കുക എന്നത് വൈദ്യശാസ്ത്രത്തിന്റെ ഒരു വലിയ നേട്ടമാണ്. എന്നാൽ ഹൃദ്രോഗം വരാതിരിക്കാൻ ഒരാളെ സഹായിക്കുക - അതാണ് അതിനേക്കാൾ വലിയ വിജയം. രോഗം വരുന്നതുവരെ കാത്തിരിക്കരുത്. അപകടസാധ്യത നേരത്തേ തിരിച്ചറിയുക, ആവശ്യമായ പരിശോധനകൾ നടത്തുക, ജീവിതശൈലി മാറ്റുക, ആവശ്യമായ ചികിത്സ സ്വീകരിക്കുക, ഹൃദയത്തെ ജീവിതകാലം മുഴുവൻ സംരക്ഷിക്കുക.***

# മദർ തെരേസയ്ക്ക് മരണമില്ല

*സെപ്തംബർ 5 മദർ തെരേസയുടെ ചരമവാർഷികദിനം*




ഡോ. ജോസഫ്
കാരിക്കശ്ശേരി

*ഹൂഗ്ലിയുടെ തീരത്ത് നഗരം ഇന്നും ഉണരുന്നു,
പഴയ ചേരികളുടെ ചുമരിൽ പുതിയ സ്വപ്നങ്ങൾ
മുളയ്ക്കുന്നു.
സിറ്റി ഓഫ് ജോയ് കണ്ട ദുഃഖവീഥികളിലൂടെ
ഇന്നും ആയിരം കാലുകൾ ജീവിതം തേടി നടക്കുന്നു.
കൈയിൽ മൊബൈലും കണ്ണിൽ നഗരത്തിന്റെ വെളിച്ചവും,
എന്നിട്ടും ചില വയറുകളിൽ വിശപ്പിന്റെ ഇരുട്ട്;
കൂരിരുളിൽ ചോറും തിന്നു പുറത്തു കിടക്കുന്ന കുഞ്ഞുങ്ങൾ
തെരുവോരത്തെ തുറന്ന ശൗചാലയങ്ങൾ!
ആകാശത്തെ തൊടുന്ന കെട്ടിടങ്ങൾക്കു താഴെ
തറയിൽ കിടക്കുന്ന മനുഷ്യന്റെ നിശ്ശബ്ദ നിലവിളി.
ഒന്നുമില്ലായ്മയല്ല ദാരിദ്ര്യം
ഉണ്ടായിരുന്നതെല്ലാം നഷ്ടപ്പെടുന്നതാണ്.
ചേരിയിൽ പോലും മനുഷ്യത്വത്തിന് വിലയുണ്ട്;
അന്തസ്സ് കളയാത്തിടത്തോളം നാം പാവങ്ങളല്ല.
പാവങ്ങളുടെ കുടിലുകളിൽ ചിരി മങ്ങുന്നില്ല,
തകർന്ന ചുവരുകൾക്കുള്ളിലും അടുപ്പിന്റെ തീ കത്തുന്നു.
ഇരുട്ടിന്റെ ചാലിൽ അമ്മ തെരേസ
ഒരു പൂവായി നിശ്ശബ്ദം വിരിഞ്ഞു.
കണ്ണീരിനിടയിലും ചിരിക്കാൻ പഠിക്കുന്നവരുടെ
നാടായിരുന്നു അവൾ സ്വപ്നം കണ്ട ആനന്ദനഗരം.
പാവങ്ങൾക്ക് വേണ്ടിയല്ല
പാവങ്ങളോടൊപ്പം ജീവിച്ചവൾ അമ്മ.
ശരീരത്തിന് മരുന്നിടും മുൻപ്
ആത്മാവിനെ തൊട്ടവൾ മദർ തെരേസ.
വെള്ളവസ്ത്രത്തിൽ നീലാകാശം ചാർത്തി,
വാടിയ ഹൃദയത്തിൽ പ്രതീക്ഷ വിതറി,
തെരുവിൽ തളർന്നൊരു ജീവന്റെ അരികിൽ
താരാട്ടുപാട്ടായി രാത്രിയിൽ നിന്നു.
കൊൽക്കത്ത ഒരു നഗരമല്ല
വേദനയുടെ തീക്കടലും സ്നേഹത്തിന്റെ പ്രപഞ്ചവുമാണ്.
ആനന്ദനഗരത്തെ ഭൂപടത്തിൽ നിന്നടർത്തി,
ഹൃദയത്തിൽ വിലാസം കൊടുത്തവൾ തെരേസയമ്മ.
ഇന്ന് നഗരം വേഗത്തിൽ മുന്നോട്ട് പായുമ്പോഴും
അവളുടെ പാദമുദ്രകൾ പിന്നിൽ മായുന്നില്ല.
കൊൽക്കത്തയുടെ ഇരുളിൽ അവൾ കൊളുത്തിയ തിരിനാളം
ഇന്നും മനുഷ്യഹൃദയങ്ങളിൽ അണയാതെ കത്തുന്നു.
ദുഃഖത്തിന്റെ നഗരത്തെ ആനന്ദനഗരമാക്കിയത്
സമ്പത്തല്ല പങ്കിട്ട സ്നേഹത്തിന്റെ ഒരു തുള്ളി.
മനുഷ്യനെ സ്നേഹിച്ചിടത്താണ് യഥാർത്ഥ കൊൽക്കത്ത;
മനുഷ്യസ്നേഹത്തിന് മരണമില്ല.
മദർ തെരേസയ്ക്ക് മരണമില്ല;
മരണമുണ്ടെങ്കിൽ മരണമല്ലയോ മഹിതജീവിതം!*



*ഡൊമിനിക് ലാപ്പിയറിന്റെ City of Joy എന്ന നോവലിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് എഴുതിയ കവിത. കവിതയുടെ അവസാനത്തെ രണ്ട് വരികൾ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ മദർ തെരേസയെക്കുറിച്ചുള്ള കവിതയോട് കടപ്പാടുള്ളവയാണ്.

# മദർ തെരേസയുടെ ആത്മീയ പോരാട്ടങ്ങളും പ്രതീക്ഷയുടെ പ്രകാശവും



ഫാ. ജോബ് കുണ്ടോണി

പുറമേ നിഷ്കളങ്കമായ പുഞ്ചിരി, കണ്ണുകളിൽ വറ്റാത്ത കരുണ, ലോകത്തിലെ ഏറ്റവും നിരാലംബരായ മനുഷ്യരെപ്പോലും സ്വന്തം നെഞ്ചോട് ചേർത്തുപിടിച്ച സ്നേഹത്തിന്റെ വന്മരം കൊൽക്കത്തയിലെ തെരുവോരങ്ങളിൽ നിന്ന് വിശുദ്ധിയുടെ കൊടുമുടിയിലേക്ക് ഉയർന്ന മദർ തെരേസയെക്കുറിച്ചുള്ള ലോകത്തിന്റെ ചിത്രം ഇതാണ്. എന്നാൽ, ആ തിരുവസ്ത്രത്തിനുള്ളിൽ, പതിറ്റാണ്ടുകളോളം നിശബ്ദമായി കത്തിയെരിഞ്ഞ ഒരു വലിയ വേദനയുണ്ടായിരുന്നു. ബാഹ്യലോകം കണ്ട പ്രകാശത്തിന് പിന്നിൽ, ആത്മാവിനെ ഉലച്ചു കളഞ്ഞ വലിയൊരു 'ഇരുണ്ട രാത്രി' അവർ അനുഭവിക്കുന്നുണ്ടായിരുന്നു എന്നത് വളരെ വൈകിയാണ് ലോകം തിരിച്ചറിഞ്ഞത്.

മദറിന്റെ മരണശേഷമാണ് അവരുടെ ആത്മീയ പിതാക്കന്മാർക്കും സുഹൃത്തുക്കൾക്കും എഴുതിയ കത്തുകൾ പുറംലോകം കാണുന്നത്. ആ വരികളിൽ പ്രാർത്ഥനകളേക്കാൾ ഉപരി, ആഴമേറിയ വേദനയും വിതുമ്പലുകളുമായിരുന്നു ഉണ്ടായിരുന്നത്. 'എന്റെ ഉള്ളിൽ ഏതോ കഠിനമായ തണുപ്പുണ്ട്. ദൈവത്തിന്റെ സാന്നിധ്യം ഞാൻ അനുഭവിക്കുന്നില്ല. ദൈവം എന്നെ ഉപേക്ഷിച്ചതു പോലെ തോന്നുന്നു. എന്റെ പ്രാർത്ഥനകൾ ശൂന്യതയിലേക്ക് മാഞ്ഞുപോകുന്നു. എങ്കിലും, ഞാൻ അവിടുത്തെ സ്നേഹിക്കുന്നു...' താൻ ദൈവത്താൽ കൈവിട്ടവളാണോ എന്ന ചോദ്യം പതിറ്റാണ്ടുകളോളം ആ ഉള്ളിൽ വലിയൊരു മുറിവായി ശേഷിച്ചു.
എന്താണ് 'ആത്മാവിന്റെ ഇരുണ്ട രാത്രി'?

ക്രിസ്തീയ ആത്മീയതയിൽ, പ്രത്യേകിച്ച് കുരിശിന്റെ വിശുദ്ധ യോഹന്നാനെപ്പോലുള്ള ആത്മീയ ഗുരുക്കന്മാർ വിശദീകരിച്ചിട്ടുള്ള ഒന്നാണ് 'ആത്മാവിന്റെ ഇരുണ്ട രാത്രി'. ദൈവത്തിലേക്ക് പൂർണ്ണമായി അർപ്പണം ചെയ്ത ഒരു വ്യക്തിക്ക്, സ്വന്തം ഉള്ളിൽ ദൈവസാന്നിധ്യം ഒട്ടും അനുഭവിക്കാൻ കഴിയാതെ വരുന്ന വല്ലാത്തൊരു ഏകാന്തതയുടെയും ശൂന്യതയുടെയും ഘട്ടമാണിത്. ഇത് വിശ്വാസത്തിന്റെ കുറവല്ല, മറിച്ച് വിശ്വാസത്തിന്റെ ഏറ്റവും വലിയ പരീക്ഷണമാണ്.

1948-ൽ മിഷനറീസ് ഓഫ് ചാരിറ്റി സ്ഥാപിച്ച് കൊൽക്കത്തയിലെ ചേരികളിലേക്ക് ഇറങ്ങുമ്പോൾ മദറിന് ദൈവത്തിന്റെ വ്യക്തമായ വിളിയും സാന്നിധ്യവും അനുഭവപ്പെട്ടിരുന്നു. എന്നാൽ അതിനു ശേഷം, ഏതാണ്ട് അൻപതോളം വർഷങ്ങൾ, ദൈവത്തിന്റെ ആത്മീയമായ മൗനം അവർക്ക് നേരിടേണ്ടിവന്നു. താൻ ആർക്കുവേണ്ടിയാണോ ജീവിതം മാറ്റിവെച്ചത്, ആ ദൈവം തന്നെ കാണുന്നില്ലെന്ന തോന്നൽ ഏതൊരു മനുഷ്യനെയും തകർത്തുകളയാൻ പോന്നതായിരുന്നു.
ഇരുട്ടിൽ കത്തിയെരിഞ്ഞ കരുണ

***എന്നാൽ മദർ തെരേസയുടെ മഹത്വം നിലകൊള്ളുന്നത് അവർ ഈ ശൂന്യതയ്ക്ക് മുന്നിൽ കീഴടങ്ങിയില്ല എന്നതിലാണ്. ദൈവികമായ ആശ്വാസമോ അനുഭൂതിയോ ലഭിക്കാത്തപ്പോഴും അവർ സ്നേഹിക്കാനും സേവിക്കാനും മടിച്ചില്ല. ബാഹ്യമായി സന്തോഷത്തോടെ മറ്റുള്ളവരെ ശുശ്രൂഷിക്കുമ്പോഴും, ഉള്ളിൽ അനുഭവപ്പെട്ട ആത്മീയ വരൾച്ചയെ അവർ ദൈവത്തിനായുള്ള ആഗ്രഹത്തിന്റെ തെളിവായി കണ്ടു.***

തനിക്ക് അനുഭവപ്പെട്ട ആത്മീയ ശൂന്യതയെ, തെരുവിൽ ഉപേക്ഷിക്കപ്പെട്ട ലക്ഷക്കണക്കിന് അനാഥരുടെയും രോഗികളുടെയും വേദനയുമായി അവർ കൂട്ടിച്ചേർത്തു. വസ്ത്രമില്ലാത്തവന്റെ, വിശക്കുന്നവന്റെ, സ്നേഹിക്കപ്പെടാത്തവന്റെ ഉള്ളിലെ ശൂന്യതതന്നെയാണ് താനും അനുഭവിക്കുന്നത് എന്ന് അവർ തിരിച്ചറിഞ്ഞു. കുരിശിൽ കിടന്ന് 'എനിക്ക് ദാഹിക്കുന്നു' എന്ന് നിലവിളിച്ച ക്രിസ്തുവിന്റെ ദാഹം, തെരുവിലെ പാവപ്പെട്ട മനുഷ്യരുടെ രൂപത്തിലാണ് തന്റെ മുന്നിൽ നിൽക്കു ന്നതെന്ന് അവർ വിശ്വസിച്ചു. സ്വന്തം ആത്മാവിലുണ്ടായ ഇരുട്ടിനെ മറ്റുള്ളവരുടെ ജീവിതത്തിൽ വെളിച്ചം വീശാനുള്ള ഇന്ധനമാക്കി മാറ്റാൻ അവർക്ക് സാധിച്ചു.

***പ്രതീക്ഷയുടെ സന്ദേശം***

മദർ തെരേസയുടെ ഈ ആത്മീയ പോരാട്ടം ഇന്ന് നമുക്ക് നൽകുന്ന

സന്ദേശം വളരെ വലുതാണ്. പലപ്പോഴും ജീവിതത്തിൽ കഷ്ടപ്പാടുകളും നിരാശകളും വരുമ്പോൾ, ദൈവം നമ്മെ ഉപേക്ഷിച്ചു എന്ന് കരുതുന്നവരാണ് നമ്മൾ. എന്നാൽ, ആത്മീയത എന്നാൽ എല്ലാക്കാലത്തും സന്തോഷവും സമാധാനവും മാത്രം അനുഭവിക്കലല്ല; മറിച്ച്, പ്രകാശം കാണാത്തപ്പോഴും നന്മയുടെ വഴിയേ നടക്കാനുള്ള ധൈര്യമാണ് എന്ന് മദറിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

സ്വന്തം ആത്മാവിൽ ഇരുട്ട് നിറഞ്ഞപ്പോഴും, ലോകത്തിന് മുഴുവൻ പ്രതീക്ഷയുടെ പ്രകാശമായി മാറാൻ അവർക്ക് കഴിഞ്ഞു. ദൈവത്തിന്റെ സ്നേഹം തൊട്ടറിയാൻ കഴിയാതിരുന്നിട്ടും, ആ സ്നേഹത്തിന്റെ കാവലാളായി മാറി എന്നതാണ് മദർ തെരേസയെ ഒരു സാധാരണ ആത്മീയ പ്രവർത്തകയിൽ നിന്ന് ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ വിശുദ്ധരിലൊരാളായി മാറ്റിയത്.

നമ്മുടെ ജീവിതത്തിലും ചിലപ്പോൾ ഇരുണ്ട രാത്രികൾ ഉണ്ടാകാം. പ്രാർത്ഥനകൾക്ക് മറുപടി ലഭിക്കുന്നില്ലെന്ന് തോന്നും, പരിശ്രമങ്ങൾ ഫലം കാണുന്നില്ലെന്ന് തോന്നും, ഏകാന്തത നമ്മെ വേട്ടയാടും. എന്നാൽ ആ സമയത്തും സ്നേഹത്തിൽ ഉറച്ചുനിൽക്കാനും, നമ്മളാൽ കഴിയുന്ന കൊച്ചുനന്മകൾ മറ്റുള്ളവർക്കായി ചെയ്യാനും സാധിച്ചാൽ, അത് നമ്മുടെ ജീവിതത്തെ മാത്രമല്ല, ചുറ്റുമുള്ള ലോകത്തെയും മാറ്റിയെഴുതും.

***മദർ തെരേസ ഒരിക്കൽ കുറിച്ചതുപോലെ: 'നിങ്ങൾക്ക് ലോകത്തെ മുഴുവൻ സ്നേഹിക്കാൻ കഴിഞ്ഞില്ലെങ്കിലും സാരമില്ല, നിങ്ങളുടെ മുന്നിലുള്ള ഒരു വ്യക്തിയെയെങ്കിലും സ്നേഹിക്കുക. ഇരുട്ട് എത്ര കടുപ്പമുള്ളതാണെങ്കിലും, ഒരു കൊച്ചുമെഴുകുതിരിയാകാൻ നമുക്ക് സാധിക്കുമെങ്കിൽ, അത് ലോകത്തിലെ ഏറ്റവും വലിയ പ്രകാശമായി മാറും.'***

***വിശ്വാസം എന്നാൽ അനുഭവങ്ങളല്ല, മറിച്ച് സ്നേഹത്തിൽ അടിയുറച്ച നിലനിൽപ്പാണ് എന്ന വലിയ സത്യമാണ് മദറിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത്.***

കവിത

# ആവേ... മരിയ...

*ആത്മാവിനുള്ളിലെ*
*അനുതാപസാഗരം നീന്തി കടന്നു ഞാൻ വന്നു.*
*പ്രിയമുള്ളോരമ്മതൻ*
*നീട്ടിടും കൈകളിൽ*
*എന്നെ മറന്നു ഞാൻ നിന്നു..*
*വീണ്ടുമീ അൾത്താര മുന്നിൽ..*
*ആവേ.. മരിയാ...*
*ആവേ.. മരിയാ ...*
*വഴിതെറ്റി പോയിടും*
*കുഞ്ഞാടിനെ തേടി*
*അലയുമെൻ നാഥന്റെ അമ്മേ..*
*ഏഴയാമെന്നെയും*
*ഏറ്റെടുത്തിടുമോ*
*നിൻ കരതാരിലായെന്നും*
*വീണ്ടുമീ യാത്ര തന്നൊടുവിൽ..*

*ആവേ.. മരിയാ...*
*ആവേ  മരിയാ*

*നീർപ്പോള പോലുമീ*
*ജീവിത സത്യത്തിൽ*
*പൊരുളറിയാതെ ഞാൻ നിന്നു*
*കാറ്റിലലഞ്ഞിടും*
*പട്ടം കണക്കെ ഞാൻ*
*എങ്ങോ തിരഞ്ഞു നടന്നു*
*വീണ്ടുമീ കാരുണ്യ സവിധേ...*

*ആവേ...മരിയാ..*
*ആവേ... മരിയാ..*



**പ്രേമ സിറിൾ**



# ആരോഗ്യത്തിന്റെ അടിത്തറ നമ്മുടെ ഭക്ഷണത്തിൽ

**സെപ്റ്റംബർ 1മുതൽ 7 വരെ ദേശീയ പോഷക വാരമായി ആചരിക്കുകയാണ്**



**ഡോ. നവ്യ മേരി കുര്യൻ**
എൻഡോക്രൈനോളജിസ്റ്റ്
ലൂർദ്ദ് ഹോസ്പിറ്റൽ



"നാം കഴിക്കുന്ന ഭക്ഷണം തന്നെയാണ് നമ്മുടെ ശരീരത്തിന്റെ നിർമ്മാണ സാമഗ്രി". എന്നാൽ തിരക്കേറിയ ജീവിതത്തിൽ വിശപ്പടക്കാനും രുചിക്കുമായി ഭക്ഷണം തിരഞ്ഞെടുക്കുമ്പോൾ അതിന്റെ പോഷകമൂല്യം പലപ്പോഴും മറക്കുന്നു. അമിതവണ്ണം, പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ, ഹൃദ്രോഗം തുടങ്ങിയ ജീവിത ശൈലീരോഗങ്ങളുടെ പ്രതിരോധത്തിൽ ആരോഗ്യകരമായ ഭക്ഷണത്തിന് വലിയ പ്രാധാന്യമുണ്ട്.

ആരോഗ്യകരമായ ഭക്ഷണം എന്നത് ചോറും, കാർബോഹൈഡ്രേറ്റും പൂർണ്ണമായി ഒഴിവാക്കുന്നതോ പട്ടിണി കിടക്കുന്നതോ അല്ല. അളവ്, ഗുണം, വൈവിധ്യം, മിതത്വം എന്നിവയാണ് പ്രധാനം. നമ്മുടെ ഓരോ പ്രധാന ഭക്ഷണത്തിലും പകുതി പ്ലേറ്റ് പച്ചക്കറികൾ, കാൽ പ്ലേറ്റ് പ്രോട്ടീൻ, കാൽ പ്ലേറ്റ് കാർബോഹൈഡ്രേറ്റ് എന്ന ലളിതമായ രീതിയിലേക്ക് മാറാം. ചോറ്, ചപ്പാത്തി, ദോശ എന്നിവയുടെ അളവ് നിയന്ത്രിക്കുകയും സാധ്യമെങ്കിൽ തവിടുള്ള അരി, മില്ലറ്റുകൾ, മുഴുവൻ ധാന്യങ്ങൾ എന്നിവ ഉൾപ്പെടുത്തുകയും ചെയ്യാം. പയർ, പരിപ്പ്, കടല, തൈര്, പാല്, ചിക്കൻ, മീൻ, സോയ, പനീർ, മുട്ടയുടെ വെള്ള തുടങ്ങിയവ പ്രോട്ടീൻ സ്രോതസ്സുകളാണ്.

ദിവസവും പലതരം പച്ചക്കറികളും 1–2 സെർവിംഗ് പഴങ്ങളും ഉൾപ്പെടുത്താം. നട്ട്സ്, വിത്തുകൾ, എന്നിവ ചെറിയ അളവിൽ നല്ലൊരു ലഘുഭക്ഷണമാണ്. പഴച്ചാറിന് പകരം മുഴുവൻ പഴം കഴിക്കുന്നതാണ് നല്ലത്. WHO പ്രതിദിനം കുറഞ്ഞത് 400 ഗ്രാം പഴങ്ങളും പച്ചക്കറികളും ശുപാർശ ചെയ്യുന്നു.

***ഒരു ദിവസത്തെ ലളിതമായ മാതൃക:***

രാവിലെ പച്ചക്കറി ചേർത്ത ദോശ/ഇഡ്ഢലി + മുട്ട

ഉച്ചയ്ക്ക് നിയന്ത്രിത അളവിൽ ചോറ് + ധാരാളം പച്ചക്കറി + പരിപ്പ്

വൈകുന്നേരം ഏതെങ്കിലും ഒരു പഴം + കുറച്ച് നട്ട്സ്

രാത്രി ചപ്പാത്തി/ദോശ + പച്ചക്കറി + പ്രോട്ടീൻ

മധുരപാനീയങ്ങൾ, പാക്കറ്റ് സ്നാക്സുകൾ, ബേക്കറി പലഹാരങ്ങൾ, വറുത്ത ഭക്ഷണം, പ്രോസ്ഡ് മീറ്റ് എന്നിവ പരമാവധി കുറയ്ക്കണം. ഉപ്പ് ദിവസത്തിൽ 5 ഗ്രാമിൽ താഴെയും, അധിക പഞ്ചസാര പരിമിതമായും സൂക്ഷിക്കണം.

***ഡയറ്റ് എന്നത് കുറച്ചുകാലത്തേക്കുള്ള നിയന്ത്രണമല്ല; ജീവിതകാലം മുഴുവൻ പിന്തുടരാൻ കഴിയുന്ന ഭക്ഷണശീലമാണ്. നമ്മുടെ പ്ലേറ്റിലെ ഓരോ തിരഞ്ഞെടുപ്പും നാളത്തെ ആരോഗ്യത്തിലേക്കുള്ള ഒരു നിക്ഷേപമാണ്.***

# കുരിശിനെ പുൽകിയ ജീവിതങ്ങൾ

**സെപ്റ്റംബർ 14 കുരിശിന്റെ പുകഴ്ചയുടെ തിരുനാൾദിനം**






**ഫാ. ജോസ് തോമസ്**
Ocarm


ക്രൈസ്തവന്റെ ജീവിതത്തിൽ കുരിശ് ഒരു സാധാരണ പ്രതീകമല്ല. അത് ക്രിസ്തുവിന്റെ സ്നേഹത്തിന്റെ തീക്ഷ്ണമായ പ്രതീകമാണ്; ത്യാഗത്തിന്റെ പാഠപുസ്തകമാണ്; പാപത്തിൽനിന്ന് രക്ഷയിലേക്കുള്ള വഴിയാണ്. കുരിശിൽ തൂങ്ങിയ ക്രിസ്തുവിനെ നോക്കുമ്പോൾ ക്രൈസ്തവൻ കാണുന്നത് പരാജയപ്പെട്ട ഒരു മനുഷ്യനെയല്ല, മനുഷ്യരാശിയെ മുഴുവൻ രക്ഷിച്ച സ്നേഹത്തെയാണ്. സ്വയം ശൂന്യനാക്കി മനുഷ്യരക്ഷയ്ക്കായി തന്നെത്തന്നെ സമർപ്പിച്ച ദൈവപുത്രന്റെ സ്നേഹത്തിന്റെ തീക്ഷ്ണമായ പ്രകടനം. കുരിശിന്റെ രഹസ്യം രൂപപ്പെടുത്തിയ ജീവിതങ്ങളാണ് വിശുദ്ധരുടേത്. എല്ലാ വിശുദ്ധരും ഏറ്റു പ്രഖ്യാപിക്കുന്നതും കുരിശിന്റെ രഹസ്യമാണ്. യേശു പറഞ്ഞു: "എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ തന്നെത്തന്നെ പരിത്യജിച്ച്, തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ. (മത്താ 16,24). ശിഷ്യത്വത്തിന്റെ പ്രഥമവും പ്രധാനവുമായ ഈ പാഠം പ്രസംഗിക്കുകയല്ല ജീവിതത്തിൽ സ്വീകരിക്കുകയാണ് വിശുദ്ധർ ചെയ്തത്-കുരിശിനെ സ്നേഹത്തിന്റെ വഴിയാക്കിയ ജീവിതങ്ങൾ.

എന്താണ് യഥാർത്ഥത്തിൽ കുരിശിന്റെ രഹസ്യം? സ്വന്തം വേദനകളെ ദൈവത്തിന്റെ കരങ്ങളിൽ ഏൽപ്പിക്കുക, പരാജയങ്ങളിൽ വിശ്വാസം നഷ്ടപ്പെടാതിരിക്കുക, അനീതിക്കിടയിലും സ്നേഹം തിരഞ്ഞെടുക്കുക, ത്യാഗത്തിൽ സന്തോഷം കണ്ടെത്തുക. ഈ രഹസ്യം ജീവിതത്തിൽ പകർത്തി, അനുഭവിച്ച്, അടയാളവും സാക്ഷ്യവുമാക്കിയവരാണ് വിശുദ്ധർ. വിശുദ്ധരുടെ ജീവിതത്തിലൂടെയും, വാക്കുകളിലൂടെയും കുരിശിന്റെ സന്ദേശത്തിന്റെ ആഴങ്ങളിലേക്കുള്ള യാത്ര നമ്മുടെതന്നെ ജീവിതത്തെ ശുദ്ധീകരിക്കും.

### *സ്നേഹം + ക്ഷമ+ വിശുദ്ധീകരണം= കുരിശ്*

അമേരിക്കൻ ഭൂഖണ്ഡത്തിലെ ആദ്യവിശുദ്ധയായി സഭ ആദരിക്കുന്ന ലിമയിലെ വിശുദ്ധ റോസിന്റെ ജീവിതസന്ദേശം വളരെ ലളിതവും, ശക്തവുമാണ്. "സ്വർഗ്ഗത്തിൽ എത്താൻ കുരിശല്ലാതെ മറ്റൊരു ഗോവണിയും ഇല്ല." നാം

കഷ്ടപ്പാടുകളെ തേടണമെന്നല്ല; ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ, നമ്മുടെ ജീവിതത്തിന്റെ കുരിശുകളെ വിശ്വാസത്തോടും ക്ഷമയോടും കൂടി സ്വീകരിക്കണം. യേശുവിന്റെ കുരിശിനെ മനസ്സിലാക്കാനുള്ള പ്രധാനപ്പെട്ട വാക്ക് സ്നേഹം എന്നതാണ്. "ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.... എന്ന യോഹന്നാൻ സുവിശേഷത്തിന്റെ പ്രഖ്യാപനം, കാൽവരിയിൽ അതിന്റെ പൂർണ്ണതയിൽ എത്തുന്നു. ക്രിസ്തുവിന്റെ കൈകൾ കുരിശിൽ വിരിഞ്ഞത് മനുഷ്യനെ ആലിംഗനം ചെയ്യാനായിരുന്നു. അവന്റെ ഹൃദയം കുത്തിതുറക്കപ്പെട്ടത് മനുഷ്യന്റെ ഹൃദയത്തിലേക്കുള്ള സ്നേഹത്തിന്റെ വാതിൽ തുറക്കാനായിരുന്നു. ക്രിസ്തുവിനോടുള്ള സ്നേഹത്തിൽ സ്വന്തം ജീവൻ മറ്റൊരാൾക്കായി ത്യജിച്ച, നിസ്വാർത്ഥ സ്നേഹത്തിന്റേയും, ആത്മത്യാഗത്തിന്റെയും മഹത്തായ സാക്ഷിയായ പോളിഷ് വൈദികനായ, വി. മാക്സ്മില്യൻ കോൾബെ പറയുന്നു: "കുരിശ് സ്നേഹത്തിന്റെ പാഠശാലയാണ്." വാക്കുകളിൽ ഒതുങ്ങുന്ന ഒന്നല്ലത്. ക്ഷമിക്കുന്നു, സഹിക്കുന്നു, കാത്തിരിക്കുന്നു, സ്വയം ത്യജിക്കുന്നു. കഷ്ടപ്പാടുകൾ ഒഴിവാക്കുക എന്നത് വിജയത്തിന്റെ അടയാളമായി കണക്കാക്കപ്പെടുന്ന ഇക്കാലത്ത്, കുരിശിന്റെ വഴി പറയുന്നത് വ്യത്യസ്തമായ സത്യമാണ്. അത് സ്വർഗ്ഗത്തിലേക്കുള്ള പാതയും വിശുദ്ധീകരണവുമാണ്. ജീവിതത്തിൽ നമുക്ക് തിരഞ്ഞെടുക്കാൻ കഴിയാത്ത ചില കുരിശുകളുണ്ട്– രോഗം, പരാജയം, വേർപാട്, തെറ്റിദ്ധാരണ, ഏകാന്തത, സാമ്പത്തിക ബുദ്ധിമുട്ടുകൾ, നമ്മുടെ നിയന്ത്രണത്തിനു പുറത്തുള്ള സാഹചര്യങ്ങൾ. അത്തരം നിമിഷങ്ങളിൽ ക്രിസ്തു നമ്മോടു ചോദിക്കുന്നത്, ഈ കുരിശുമായി നീ എന്റെകൂടെ നടക്കുമോ? എന്നതാണ്.

***വി. തോമസ് അകിനാസ് കുരിശിനെ നിർവചിക്കുമ്പോൾ ഓർമ്മിപ്പിക്കുന്നു: "നിങ്ങൾ ക്ഷമ അന്വേഷിക്കുമ്പോൾ, കുരിശിനേക്കാൾ മികച്ച ഒരു മാതൃക നിങ്ങൾക്ക് കണ്ടെത്താനാവില്ല." ക്ഷമിക്കുക എന്നത് സംഭവിച്ചത് ശരിയായിരുന്നു എന്നു പറയുന്നതോ, വേദന ഉണ്ടായില്ല എന്ന് ഭാവിക്കുന്നതോ അല്ല, മറിച്ച്, എന്റെ ഹൃദയത്തെ വിദ്വേഷത്തിന്റെ തടവറയാക്കാൻ ഞാൻ അനുവദിക്കില്ല എന്ന ആത്മീയ തീരുമാനമാണ്. ക്ഷമയുടെ ഏറ്റവും വലിയ മാതൃക കാൽരിയിലാണ്. കുരിശ്- ക്ഷമയുടെ പാഠശാലയാണ്.***

***കുരിശിലേക്ക് നോക്കുമ്പോൾ***

ക്രിസ്തുവിലുള്ള വിശ്വാസത്തിന്റേയും, ധൈര്യത്തിന്റേയും പ്രതീകമായി ആദരിക്കപ്പെടുന്ന, യാത്രക്കാരുടെ മദ്ധ്യസ്ഥനായ വി. ക്രിസ്റ്റഫറിന്റെ മാനസാന്തര ഹൃദയമാണ്. അരോഗദൃഢഗാത്രനായ, ഒരു അജാനബാഹുവായിരുന്നു അയാൾ. റീപ്രോബസ് എന്നായിരുന്നു ആദ്യകാല പേര്. വളരെ ശക്തനായ അയാൾ ലോകത്തിലെ ഏറ്റവും ശക്തനായ രാജാവിനെ സേവിക്കാൻ ആഗ്രഹിച്ചു. അങ്ങനെ ശക്തനായ ഒരു രാജാവിന്റെ സേവകനായി. ആ രാജാവ് പിശാചിന്റെ പേരുകേട്ട് ഭയപ്പെടുന്നതു കണ്ട് പിശാചിനെ സേവിച്ചു. എന്നാൽ സാത്താൻ കുരിശുകണ്ട് ഭയന്നു വഴിമാറുന്നതു കണ്ട് ക്രിസ്റ്റഫർ ചോദിച്ചു: "നീ ആരെയാണ് ഇത്ര ഭയപ്പെടുന്നത്?" "ക്രിസ്തുവിനെ, അവന്റെ കുരിശിനെ." മറുപടി ലഭിച്ചു. ഒരു സാത്താൻ ആരാധകനെ അങ്ങനെ കുരിശ് വിശുദ്ധനായി രൂപാന്തരപ്പെടുത്തി. ആഴത്തിലുള്ള മാനസാന്തരത്തിലൂടെ ക്രിസ്തുവിനെ കണ്ടെത്തിയ മഹാനായ വി. അഗസ്റ്റിന്റെ ധ്യാനം അതീവ ഹൃദയസ്പർശിയാണ്. "ക്രിസ്തുവിന്റെ കുരിശിലേക്കും, മുറിവുകളിലേക്കും നോക്കുമ്പോൾ അവൻ നമ്മെ സ്നേഹത്തോടെ നോക്കുന്നതായി, അവന്റെ ഹൃദയം നമ്മുടെ രക്ഷയ്ക്കായി തുറന്നിരിക്കുന്നതായി നമുക്ക് അനുഭവപ്പെടും." ഫ്രാൻസിസ് അസീസിയുടെ പ്രാർത്ഥന എത്രയോ സുന്ദരം. "സാൻ ഡാമിയാനോ കുരിശിന്റെ മുൻപിൽ അദ്ദേഹം പ്രാർത്ഥിച്ചു: "പരമോന്നതനും, മഹത്വപൂർണ്ണനുമായ ദൈവമേ, എന്റെ ഹൃദയത്തിലെ ഇരുട്ടിനെ പ്രകാശിപ്പിക്കണമേ." ഫ്രാൻസിസ് ക്രൂശിതനെ നോക്കിയപ്പോൾ കണ്ടത് ഒരു പരാജിതനെയല്ല. സ്നേഹത്തിൽ തന്നെത്തന്നെ നൽകുന്ന ദൈവത്തെയാണ്. കുരിശിനെ ധ്യാനിച്ചുകൊണ്ടിരുന്ന ഒരാളുടെ ജീവിതം ഒടുവിൽ പീഡാനുഭവത്തിന്റെ അടയാളങ്ങൾ പതിപ്പിച്ച് ഉറപ്പിക്കുകപ്പെടുന്നു. കുരിശിനെ സ്നേഹത്തോടെ നോക്കുമ്പോൾ നമ്മുടെ ജീവിതം ക്രിസ്തുവിന്റെ രൂപത്തിലേക്ക് പരിണാമം പ്രാപിക്കും.

***കുരിശ് വിശുദ്ധരെ തകർത്തില്ല; കുരിശാണ് അവരെ രൂപപ്പെടുത്തിയത്. നമ്മുടെ കുരിശുകൾ അവനോടൊപ്പം സ്വീകരിക്കണം. ചിലത് നമുക്ക് മനസ്സിലാകും, എന്നാൽ ചില കുരിശുകൾ ഒരിക്കലും മനസ്സിലാകില്ല.***

എന്തുകൊണ്ടാണ് ഈ രോഗം? ഈ ഏകാന്തത? ഈ പരാജയം? എന്തുകൊണ്ടാണ് എന്റെ പ്രാർത്ഥനയ്ക്ക് ഇതുവരെ ഉത്തരം ലഭിക്കാത്തത്? എല്ലാ ചോദ്യങ്ങൾക്കും ഉടൻ ഉത്തരമുണ്ടാകണമെന്നില്ല. പക്ഷേ ഒരു ഉറപ്പുണ്ട്: നമ്മുടെ കുരിശിൽ, കുരിശിന്റെ വഴിയിൽ നാം ഒറ്റയ്ക്കല്ല. വി. അമ്മത്രേസ്യയുടെ മനോഹരമായ ചിന്ത ഇതു തന്നെയാണ്. ക്രിസ്തു കുരിശിന്റെ വഴിയിലൂടെ സഞ്ചരിച്ചു; ഇപ്പോൾ അവൻ നമ്മോടും, നമ്മുടെ സഹോദരങ്ങളോടും കൂടെ ഈ വഴിയിലൂടെ സഞ്ചരിക്കുന്നു.

കുരിശ് നമ്മോടു പറയുന്ന സന്ദേശമിതാണ്:

വേദനയ്ക്ക് അർത്ഥമുണ്ട്, ക്രിസ്തുവിനോട് ഒപ്പം ഏറ്റെടുക്കുന്ന വേദന സ്നേഹമായി മാറും.

ക്രിസ്തുവിനോടൊപ്പം കുരിശ് ചുമക്കുന്നവൻ, ക്രിസ്തുവിനോടൊപ്പം ഉയിർപ്പിന്റെ മഹത്വത്തിലും പങ്കുചേരും.

'നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും മേന്മ ഭാവിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ. അവനെപ്രതി ലോകം എനിക്കും, ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു" (ഗലാ 6,14).

# ആർച്ച് ബിഷപ്പ് ബെർണാർഡിൻ ബെച്ചിനെല്ലി

***വേർപിരിഞ്ഞിട്ട് 2026 സെപ്റ്റംബർ 25ന് 158 വർഷങ്ങൾ തികയുന്നു***






**ഡോ. കോശി മാത്യു ചെല്ലാത്ത്**

ആർച്ച്ബിഷപ്പ് ബെർണാർഡിൻ ബെച്ചിനെല്ലിയുടെ ഭരണകാല പ്രവർത്തനങ്ങൾ, വരാപ്പുഴ വികാരിയേറ്റിന്റെ ആധുനിക യുഗവളർച്ചയ്ക്ക് തുടക്കം കുറിച്ചു. വികാരിയേറ്റിന്റെ ഘടനയെ ചിട്ടപ്പെടുത്തുന്നതിനും വികാരിയേറ്റിനെ അതിന്റെ ആധുനിക രൂപത്തിലേക്ക് രൂപപ്പെടുത്തുന്നതിനും

ആർച്ച്ബിഷപ്പ് ബെർണാർഡിൻ അടിത്തറ പാകി. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാന പകുതിയിൽ വികാരിയേറ്റിലുണ്ടായ പുരോഗതി ആർച്ച്ബിഷപ്പ് ബെർണാർഡിൻ ബെച്ചിനെല്ലിയുടെ ദീർഘവീക്ഷണം കൊണ്ടാണ്.

1851-ൽ വരാപ്പുഴ വികാരി അപ്പോസ്തോലിക് ആയിരുന്ന ആർച്ച്ബിഷപ്പ് ലുഡോവിക്കോ മാർട്ടിനി റോമിലേക്ക് യാത്രയായപ്പോൾ, കൊല്ലം വികാരിയേറ്റിന്റെ വികാരി അപ്പസ്തോലിക്കയായിരുന്ന ബിഷപ്പ് ബെർണാർഡിൻ ബെച്ചിനെല്ലി 1853 മാർച്ച് 12-ൽ വരാപ്പുഴ വികാരിയാത്തിന്റെ പിന്തുടർച്ചാവ

കാശമുള്ള സഹായമെത്രാനായും, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായും നിയമിതനായി. പിന്നീട്, 1855 നവംബർ 5-ന് ആർച്ച്ബിഷപ്പ് ലുഡോവിക്കോ വരാപ്പുഴ വികാരി അപ്പോസ്തോലിക പദവി രാജിവച്ചതിനെ തുടർന്ന്, 1859 ജൂൺ 20 -ന് ബിഷപ്പ് ബെർണാർഡിൻ ബെച്ചിനെല്ലി വരാപ്പുഴ വികാരിയത്തിന്റെ വികാരി അപ്പസ്തോലിക്കയായി ചുമതലയേറ്റു.

ജ്യൂസെപ്പേ ബെച്ചിനെല്ലി (ആദ്യത്തെ പേര്) 1807 മാർച്ച് 15-ന് റോമിൽ ജനിച്ചു. പതിനാറാം വയസ്സിൽ അദ്ദേഹം നിഷ്പാദുക കർമ്മലീത്ത സഭയിൽ പ്രവേശിച്ചു. 1824 ഡിസംബർ 8-ന് റോമിലെ സാന്താ മരിയ ദല്ലാസ്കാല ആശ്രമത്തിൽ ആശ്രമജീവിതം ആരംഭിച്ചു. 1830-ൽ വൈദികനായി അഭിഷിക്തനായി. തുടർന്ന് 1833 നവംബർ 17-ന് അദ്ദേഹം വരാപ്പുഴയിൽ എത്തിച്ചേർന്നു. തന്റെ മുൻഗാമികളുടെ ഭരണകാലത്ത് എന്നപോലെ ആർച്ച്ബിഷപ്പ് ബെർണാർഡിൻ ബെച്ചിനെല്ലി തന്റെ കാലഘട്ടത്തിലും മതപരവും സാമൂഹികവുമായ നിരവധി ഭാവിവികസനങ്ങൾക്കു വഴിയൊരുക്കി.

### *വൈദികരുടെ വിദ്യാഭ്യാസ പരിശീലന നവീകരണം*

മലബാറിലെ വൈദികരുടെ വിദ്യാഭ്യാസ പരിശീലനത്തിന് ആർച്ച്ബിഷപ്പ് ബെർണാർഡിൻ ബെച്ചിനെല്ലി പ്രാധാന്യം നല്കി. വൈദിക രൂപീകരണ സമ്പ്രദായത്തിൽ സമൂലമായ മാറ്റമുണ്ടായി. ഏകദേശം 20 മൽപ്പാൻ സ്കൂളുകൾ നിർത്തലാക്കി. "മാൽപ്പാന' എന്ന സിറിയക് പദത്തിന്റെ അർത്ഥം മാസ്റ്റർ അല്ലെങ്കിൽ പ്രൊഫസർ എന്നാണ്. മലബാറിലെ വൈദികർക്കുള്ള ഒരു പ്രാഥമിക പരിശീലന കേന്ദ്രമാണ് മാൽപാൻ സ്കൂൾ. അവിടെ മൽപാൻ അഭിലാഷികൾക്ക് സിറിയക് വായിക്കാനും ആരാധനക്രമം, ധാർമ്മിക ദൈവശാസ്ത്രം എന്നിവയെക്കുറിച്ചുള്ള പ്രായോഗിക അറിവ് നേടാനും സാധിക്കുന്നു. എന്നാൽ അർത്ഥികൾക്ക് പലപ്പോഴും ആഴമായ ക്രിസ്തീയ വിശ്വാസം നഷ്ടപ്പെടുന്നു എന്നത് ഈ സ്കൂളിന്റെ പോരായ്മയാണ്. ആർച്ച് ബിഷപ്പ് ബെർണാർഡിനോ മാൽപാൻ സ്കൂളുകൾക്ക് പകരം അഞ്ച് സെമിനാരികൾ സ്ഥാപിച്ചു. വരാപ്പുഴയിൽ (ലാറ്റിൻകാർക്കും സിറിയൻകാർക്കും ഒരുമിച്ച്), എൽത്തുരുത്ത്, വാഴക്കുളം, മാന്നാനം, പുളിങ്കുന്ന് എന്നിവിടങ്ങളിൽ സിറിയൻകാർക്ക് മാത്രമായി നാല് സെമിനാരികൾ. ചില അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം വൈദിക പരിശീലനം നൽകുന്നതിന് പ്രയാസമാകുന്നു എന്ന കാരണത്താൽ വരാപ്പുഴയിലെ സെമിനാരി, പിന്നീട് 1866 ഓഗസ്റ്റ് 13-ന്, ആർച്ച്ബിഷപ്പ് ബെർണാർഡിൻ പുത്തൻപള്ളിയിലെ പുതിയ കെട്ടിടത്തിലേക്ക് മാറ്റി. മലബാറിലെ കത്തോലിക്ക സഭയുടെ ചരിത്രത്തിലെ ഒരു വലിയ നാഴികകല്ലായ പുത്തൻപള്ളിയിലെ സെന്റ് ജോസഫ് സെമിനാരി സ്ഥാപനമാണ്, പിന്നീട് ആലുവയിലെ ഇന്നത്തെ ഗംഭീരമായ പൊന്തിഫിക്കൽ സെമിനാരിയായി മാറിയത്.

### *ആധുനിക വിദ്യാഭ്യാസത്തിന്റെ തുടക്കം*

വരാപ്പുഴ വികാരിയത്തിൽ ആധുനിക മതേതര വിദ്യാഭ്യാസം ആരംഭിച്ചതിന്റെ ബഹുമതി ആർച്ച്ബിഷപ്പ് ബെർണാർഡിൻ ബെച്ചിനെല്ലിക്കുള്ളതാണ്. ക്രിസ്തുവിനായി ആത്മാക്കളെ നേടുകയും അവരുടെ ആത്മീയ ക്ഷേമത്തിനായി കരുതുകയും ചെയ്യുക എന്ന കടമ മറികടന്ന്, ലൗകിക വിദ്യാഭ്യാസത്തിനും സാമൂഹ്യ ഉന്നമനത്തിനും പുരോഗതിക്കും ശ്രദ്ധ ചെലുത്തേണ്ട ആവശ്യകത ആർച്ച്ബിഷപ്പ് ബെർണാർഡിൻ തിരിച്ചറിഞ്ഞു. രാജ്യത്ത് പ്രൊട്ടസ്റ്റന്റ് മതത്തിന്റെ ആവിർഭാവത്തോടെ വിശ്വാസം ശക്തിപ്പെടുത്തുന്നതിന് വിദ്യാഭ്യാസം ആവശ്യമാണെന്ന് മനസ്സിലാക്കി ആർച്ച്ബിഷപ്പ് ബെർണാർഡിൻ ബെച്ചിനെല്ലി 1857 -ൽ 'പള്ളിയോടൊപ്പം പള്ളിക്കൂടം' (എല്ലാ പള്ളി അങ്കണത്തിലും ഒരു സ്കൂൾ) എന്ന പേരിൽ ഒരു സർക്കുലർ കത്ത് പുറപ്പെടുവിച്ചു. ഈ സർക്കുലർ കത്തിൽ, എല്ലാ ഇടവക പുരോഹിതന്മാരും പ്രാദേശിക ആവശ്യങ്ങൾക്ക് അനുസരിച്ച് ഓരോ ഇടവകയിലും ഒന്നോ അതിലധികമോ സ്കൂളുകൾ സ്ഥാപിച്ച് മതേതര വിദ്യാഭ്യാസത്തിന് അടിത്തറയിടണമെന്ന് ആർച്ച്ബിഷപ്പ് ബെർണാർഡിൻ ആവശ്യപ്പെട്ടു. തൽഫലമായി, മലബാർ തീരത്ത് പള്ളിക്ക് സമീപം നിരവധി പ്രൈമറി സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു, അവിടെ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിച്ചു. ഈ സ്കൂളുകൾ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് സംഭാവന നല്കി.

ആർച്ച്ബിഷപ്പ് ബെർണാർഡിന്റെ മറ്റൊരു പ്രധാന സംരംഭം 'പിടിയരി' എന്നറിയപ്പെടുന്ന ദാനധർമ്മമാണ്. 'പിടിയരി' എന്ന മലയാള പദത്തിന്റെ അക്ഷരാർത്ഥത്തിൽ 'ഒരുപിടി അരി' എന്നാണ് അർത്ഥമാക്കുന്നത്. 1868 ഫെബ്രുവരി 6 ന് എഴുതിയ തന്റെ പാസ്റ്ററൽ കത്തിൽ, ആർച്ച്ബിഷപ്പ് ബെർണാർഡിൻ ബെച്ചിനെല്ലി വിശ്വാസികളെ ഒരുപിടി അരി ദാനധർമ്മമായി നൽകാൻ പ്രോത്സാഹിപ്പിച്ചു. അങ്ങനെ, ശേഖരിച്ച അരി ഞായറാഴ്ചകളിൽ ഇടവക പള്ളിയിൽ ലേലം ചെയ്തു. പണം പള്ളികൾ, സ്കൂളുകൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും ദരിദ്രരെ സഹായിക്കുന്നതിനുമായി 'ഇൻഫന്റ് ജീസസ് ചാരിറ്റബിൾ സൊസൈറ്റി' യിലേക്ക് അയയ്ക്കേണ്ടതായിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായ ആർച്ച്ബിഷപ്പ് ലിയോനാർഡ് മെല്ലാനോയും ഈ ദൗത്യം തുടർന്നു.

*മഹാമിഷനറി* എന്നറിയപ്പെട്ടിരുന്ന ഈ മെത്രാപ്പോലീത്ത 1868 സെപ്റ്റംബർ 5-ന് വരാപ്പുഴയിൽ വച്ച് നിര്യാതനായി.

# വരാപ്പുഴ അതിരൂപത 140-ൽ



ജോസഫ് മാനിഷാദ്
മട്ടയ്ക്കൽ
കൊങ്ങോർപ്പിള്ളി




കേരളത്തിലെ ആദ്യത്തെ അതിരൂപതയായ വരാപ്പുഴ അതിരൂപത, സെപ്തംബർ 01-ന് 140 വർഷം പിന്നിടുന്ന ഈ വേളയിൽ എങ്ങനെ കേരളത്തിലും ഭാരതത്തിലും ഏതൊക്കെ രൂപതകളും അതിരൂപതകളും ഉടലെടുത്തു എന്നതാണ് ഈ ലക്കം ചരിത്രവിളക്കിൽ പ്രതിപാദിക്കുന്നത്.

യേശുവിന്റെ ഉത്ഥാനശേഷം ശിഷ്യന്മാരിലൂടെ ജ്ഞാനസ്നാനം നേടിയ വിശ്വാസികൾ അതാതിടങ്ങളിൽ ആ പ്രദേശത്തെ സഭയായി ജീവിച്ചു. ആ പ്രാദേശികസഭകൾ വളർന്ന് പന്തലിച്ചപ്പോൾ ശുശ്രൂഷാസൗകര്യങ്ങൾക്കായി അവ വികാരിയത്തുകളും രൂപതകളുമായി വികാസം പ്രാപിച്ചു.

ക്രിസ്തുവർഷം 1329-ൽ ഇന്ത്യയിലെ ആദ്യത്തെ രൂപതയായി കൊല്ലം രൂപത സ്ഥാപിച്ചുവെങ്കിലും മെത്രാന്റെ രക്തസാക്ഷിത്വത്തോടെ പിന്തുടർച്ചയില്ലാതെ ആ രൂപത നിശ്ചലമായി.

പിന്നീട് പാദ്രൊവാദോ ഉടമ്പടിപ്രകാരം 1514-ൽ പോർച്ചുഗീസ് രാജാവും റോമിലെ പാപ്പായും ധാരണയിലെത്തിയതോടെ, ഇന്ത്യയിലെ ആദ്യത്തെ രൂപതയായി 1533-ൽ ഗോവയും അതിന്റെ സാമന്തരൂപതയായി 1557-ൽ കൊച്ചിയും സ്ഥാപിതമായി. പിന്നീട്, അങ്കമാലി-1599/കൊടുങ്ങല്ലൂർ-1600, മദുര*-1606, സാന്തോം മൈലാപ്പൂർ-1606 എന്നീ രൂപതകൾകൂടി പോർച്ചുഗീസ് സംവിധാനത്തിൽ ഇന്ത്യയിൽ സ്ഥാപിതമായി. എന്നാൽ, താമസിയാതെ പോർച്ചുഗീസുകാർക്ക് സാമ്പത്തിക-രാഷ്ട്രീയ ശക്തിചോരൽ സംഭവിച്ചു. അതോടെ, വിശ്വാസികളുടെ ആത്മീയവളർച്ചയ്ക്ക് പാദ്രൊവാദോ സംവിധാനത്തിനപ്പുറം റോമിന്റെ നേരിട്ടുള്ള സംവിധാനമായി പ്രൊപ്പഗാന്ത ഫീദേ 1622-ൽ രൂപീകരിച്ചു. അങ്ങനെ പാദ്രൊവാദോ രൂപതകൾക്ക് സമമായ വികാരിയത്തുകൾ റോമിന്റെ കീഴിൽ ഭാരതത്തിൽ സ്ഥാപിതമായി. 1637-ൽ ഗോവയിൽനിന്നും ബീജാപ്പൂർ വികാരിയത്ത് ഇത് 1669-ൽ ഗ്രേറ്റ് മുഗൾ എന്ന പേരിലായി. 1642-ൽ സാന്തോം മൈലാപ്പൂർ രൂപതയിൽനിന്നും ഫോർട്ട് സെന്റ് ജോർജ്ജ്/ മദ്രാസ് എന്നതായിരുന്നു, റോം രൂപീകരിച്ച രണ്ടാമത്തെ വികാരിയത്ത്.

റോം സ്ഥാപിച്ച മൂന്നാമത്തെ വികാരിയത്താണ് മലബാർ വികാരിയത്ത്. കൂനൻകുരിശ് ശപഥം നടന്നതിന്റെ പിന്നാലെ കേരളസഭയിലെ ശിഥിലീകരണം തടയാനായി ഈ വികാരിയത്ത് കൊച്ചിയിൽനിന്നും 1659-ൽ സ്ഥാപിച്ച ചരിത്രമൊക്കെ നമുക്കറിയാം. സ്ഥാപിതമായതിന്റെ അമ്പതാം വർഷം 1709-ൽ ഈ വികാരിയത്തിന്റെ പേര് വരാപ്പുഴ വികാരിയത്ത് എന്നാക്കി. തുടർന്ന്,

ധാരാളം വികാരിയത്തുകൾ ഇന്ത്യയിൽ റോം ആരംഭിച്ചു. ചൈന, നേപ്പാൾ, ബംഗ്ലാദേശ്, ഭൂട്ടാൻ, പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ശ്രീലങ്ക എന്നീ രാജ്യങ്ങൾക്കായി വികാരിയത്തുകൾ ഇന്ത്യയിൽ സ്ഥാപിച്ചു.

കൊച്ചി രൂപതയിൽനിന്നും മലബാറിലെ എല്ലാ റീത്തുകാർക്കുമായി 1599-ൽ സ്ഥാപിച്ച അങ്കമാലി രൂപത 1600-ൽ കൊടുങ്ങല്ലൂർ (ക്രാങ്കനൂർ) എന്ന് പേര് മാററി. മദുര, സാന്തോം മൈലാപ്പൂർ എന്നീ രൂപതകളും കൊച്ചിയിൽനിന്നുതന്നെ രൂപംകൊണ്ടതാണ്. 1773-ൽ ഈ മദുര മിഷൻ നിറുത്തലാക്കുകയും 1776-ൽ കർണ്ണാട്ടിക് മിഷൻ / പോണ്ടിച്ചേരി എന്ന പേരിൽ പുനരാരംഭിക്കുകയും ചെയ്തു. 1834-ൽ വീണ്ടും കൊച്ചി രൂപത വിഭജിച്ച് സിലോൺ വികാരിയത്ത് രൂപീകരിച്ചു. എന്നാൽ, താമസിയാതെ 1838 -ൽ കൊച്ചിയും കൊടുങ്ങല്ലൂരും എന്നന്നേക്കുമായി വരാപ്പുഴയിൽ ലയിപ്പിച്ചു. അങ്ങനെ കന്യാകുമാരി മുനമ്പു മുതൽ മംഗലാപുരം വടക്ക് ബൈന്ദൂർവരെ 800 കിലോമീറ്റർ വരാപ്പുഴയുടെ പരിധിയിലായി. 1845-ൽ കൊല്ലം പ്രൊവികാരിയത്ത് സ്ഥാപിതമാകുന്നതുവരെ കേരളത്തിൽ വരാപ്പുഴ വികാരിയത്ത് മാത്രമേ ഉണ്ടായിരുന്നുള്ളൂ.

*ഹയരാർക്കി സ്ഥാപനം*

1886 ജനുവരിയിൽ പാദ്രോവാദോ സംവിധാനവുമായുള്ള അഭിപ്രായ വ്യത്യാസങ്ങൾ ചർച്ച ചെയ്യാൻ റോം മുൻകൈയെടുത്തു. ജൂണിൽ ലെയോ പതിമൂന്നാം പാപ്പാ പോർച്ചുഗലുമായി കരാർ ഒപ്പുവച്ചുകൊണ്ട്, കൊച്ചി രൂപത വീണ്ടും സംസ്ഥാപിക്കുകയും ഗോവയുടെ സാമന്തരൂപതയാക്കുകയും ചെയ്തു. അതോടെ, ഭാരതത്തിൽ ഹയരാർക്കി സ്ഥാപിക്കാനുള്ള നടപടി തുടങ്ങുകയും 1886 സെപ്തംബർ ഒന്നിന് വികാരിയത്തുകളെ രൂപതകളും അതിരൂപതകളുമായി ഉയർത്തുകയും ചെയ്തു

.

*തുടർച്ച*

ഹയരാർക്കി സ്ഥാപനത്തിന്റെ തുടർച്ചയെന്നോണം പിറ്റേ വർഷവും ഇന്ത്യയിൽ ഏതാനും രൂപതകളുണ്ടായതു കൂടാതെ, സുറിയാനിക്കാർക്കായി രണ്ട് വികാരിയത്തുകൾ (തൃശൂർ, കോട്ടയം) വരാപ്പുഴയിൽനിന്നും സ്ഥാപിതമാകുകയും ചെയ്തു. അങ്ങനെ, 1900-ന് മുമ്പ് പേരുമാറിയും വിഭജിച്ചും 31 രൂപതകൾ ഇന്ത്യയിലുണ്ടായിരുന്നു.

1900 മുതൽ 2000 വരെയുള്ള 100 വർഷത്തിനിടയിൽ, ഈ രൂപതകളെ പേരുമാറ്റിയും പുതിയതായി രൂപീകരിച്ചും ചിലത് നിറുത്തലാക്കിയും 186 തവണ മാറ്റം വരുത്തിയപ്പോൾ ഇന്ത്യയിൽ 142 രൂപതകൾ അക്കാലഘട്ടത്തിൽ ഉണ്ടായിരുന്നു.

ഇപ്പോൾ ഇന്ത്യയിൽ 174 കത്തോലിക്കാരൂപതകളുണ്ട്.


132 ലത്തീൻ രൂപതകൾ - അതിൽ 24 എണ്ണം അതിരൂപതകളാണ്.

31 സീറോ മലബാർ രൂപതകൾ - ഈയിടെ അതിരൂപതാ പദവിയിലേക്കുയർത്തപ്പെട്ടവ ഉൾപ്പെടെ 9 അതിരൂപതകൾ. അതിൽ കോട്ടയം അതിരൂപതയ്ക്കുമാത്രം സാമന്തരൂപതകളില്ല.

11 സീറോ മലങ്കര രൂപതകൾ - അതിൽ രണ്ട് അതിരൂപതകൾ.

*പേരിന്റെ പഴമ*

ആദ്യ പാദ്രോവാദോ രൂപതയായ ഗോവ 98 വർഷമായിട്ട് ഗോവ-ദാമൻ എന്നാണറിയപ്പെടുന്നത്. കൊച്ചി 1838 മുതൽ 1886 വരെ 48 വർഷം വരാപ്പുഴയിൽ ലയിപ്പിച്ചിരുന്നു. പേരിന്റെ പഴമയുടെ കാര്യത്തിൽ വരാപ്പുഴ അതിരൂപതയാണ് ഒരേ പേരിൽ തുടർച്ചയുള്ള നിലക്കാത്ത ഏറ്റവും പഴക്കമുള്ള ഇന്ത്യയിലെ രൂപത. 317 വർഷമായി വരാപ്പുഴ എന്ന പേരിൽ തുടരുന്നു. രണ്ടാം സ്ഥാനത്തുള്ള ബോംബെ 206 വർഷം ആയുള്ളൂ ആ പേരിലായിട്ട്.



ചിന്താജാലകം

# അമ്മ പ്രാർത്ഥനയാകുന്നു



*ഫാ. ബോബി ജോസ് കട്ടിക്കാട്ട്*

*'എന്നെ മറന്നേക്കൂ'*
*പൂത്തിരിക്കുന്നു*
*പക്ഷേ, നാമൊന്നായിരുന്ന*
*ആ പഴയ ദിനങ്ങൾ*
*എനിക്കു മറക്കാനാവുന്നില്ല.*
*(ഹൈക്കു)*

ഏതു പാതിരാവിലും ഒരു കാൽപെരുമാറ്റം കേട്ടാൽ മേരി ഞെട്ടിയുണരും. അവനായി വിളമ്പിയ അത്താഴം ആലിപ്പഴത്തേക്കാൾ തണുത്തു. ആരുടെയെങ്കിലും അമരങ്ങളിൽ അവൻ തളർന്നുറങ്ങുന്നുണ്ടാവും. അമ്മ കുഞ്ഞിനെ ഓർക്കുന്നതു പോലെ, കുഞ്ഞുങ്ങൾ അമ്മയെ ഓർക്കുന്നുണ്ടാവുമോ?

ഉവ്വ്, ഓർക്കുന്നുണ്ട്. ഓർമ തലച്ചോറിൽ കോറിയിട്ടിട്ടുള്ള രേഖാചിത്രങ്ങൾ മാത്രമല്ല, ഒരാളെ പൊതിഞ്ഞുനിൽക്കുന്ന ഒരു അദൃശ്യസ്നേഹവലയവുമാണ്. ബുദ്ധികൊണ്ട് അതിനെ വിവേചിച്ച് എടുക്കണമെന്നുപോലുമില്ല. എന്നിട്ടും ചില നേരങ്ങളിൽ അതിന് മൂർത്തഭാവങ്ങളുണ്ടാവുന്നു. ഹർഷത്താൽ നിങ്ങളുടെ മിഴി നിറയുന്നു. ഓർമ ഒരു ഇരമ്പലോടെ യേശുവിനെ തൊട്ട് ഒഴുകിപ്പോയ ചില മുഹൂർത്തങ്ങൾ ഏതൊക്കെയായിരിക്കും?

അതിൽ ചിലത്...

തെറ്റിൽ കുരുക്കപ്പെട്ട സ്ത്രീയെ നോക്കിയിരിക്കുമ്പോഴാണതു സംഭവിച്ചത്. മുഖപടത്തിലൂടെ അവളുടെ സജലമിഴികൾ കണ്ടു. യേശു നീതിമാനായ ആ തച്ചനെ ഓർമിച്ചു. അത്തരമൊരു വിശേഷണം അപ്പനില്ലായിരുന്നുവെങ്കിൽ ഇതെന്റെ അമ്മയുടെ വിധിതന്നെ. വിവാഹേതര ബന്ധത്തിന്റെ ഉദരഫലം പേറുന്നവളെ കല്ലെറിഞ്ഞുകൊന്നേ തീരൂ. ഇവൾക്ക് കരുണ നൽകുന്നതുവഴി താൻ തന്റെ മാതൃപാദങ്ങളെ പ്രണമിക്കുകയാണെന്ന് യേശു അറിഞ്ഞു. മേരിക്കുവേണ്ടി കരുതിവച്ച ഒരു വിളിയുണ്ട്, 'സ്ത്രീയേ'! ആദരണീയയായവൾ എന്നാണ് ആ പദത്തിന്റെ ധ്വനി, തമിഴരുടെ അമ്മാ പോലെ. എല്ലാവർക്കും നീ ഇടറിപ്പോയവൾ. എനിക്കാവട്ടെ വിമലയിൽ വിമല. കാറ്റിൽ സൗമ്യമായ പിച്ചകസുഗന്ധം.

മറ്റൊരിക്കൽ അവൻ ദേവാലയത്തിൽ ഇരിക്കുകയായിരുന്നു. ധനികർ പൊൻനാണയങ്ങളിടുന്ന കാണിക്കവഞ്ചിയിൽ ആരും കാണരുതെന്ന പ്രാർത്ഥനയോടെ രണ്ടു ചെറുതുട്ടുകൾ ഇടുന്നതു കണ്ടു. യേശു മേരിയെ ഓർമിച്ചു. മേരി എന്ന ദരിദ്രയായ വിധവ പരാതികളില്ലാതെ, സ്നേഹാദരവുകളോടെ, തന്റെ ഒരേയൊരു സ്വത്ത് ദൈവത്തിന്റെ ശ്രീഭണ്ഡാരത്തിൽ നിക്ഷേപിച്ചു. താനായിരുന്നു അവൾ ചുരുട്ടിപ്പിടിച്ച കൈവെള്ളയിലെ ചെറുനാണയം. അപ്പോൾ മേരിയെ കുന്തിരിക്കം മണത്തു.

ഏകപുത്രന്റെ മൃതശരീരത്തെ അനുഗമിച്ച് നിലവിളിച്ചെത്തുന്ന വിധവയായ അമ്മ യേശുവിനെ നടുക്കിയിട്ടുണ്ടാവും. അതും മറിയം തന്നെ; ജോസഫിനെ നഷ്ടപ്പെട്ട്, ഇനി പുത്രനെ കൈവിടേണ്ടിവരുന്ന മറിയം. മരിച്ചവർക്കു വിശ്രമിക്കാൻ വേണ്ടി മാത്രമാണോ ദൈവം സ്ത്രീകൾക്ക് മടിത്തട്ട് നൽകിയിരിക്കുന്നത്! അമ്മേ, തിരുത്തി എഴുതാനാവാത്ത വഴികളാണ് എന്റേത്. എങ്കിലും നിന്റെ പുത്രന്റെ ഗതികളെ മാറ്റാനാവും: 'യുവാവേ, എഴുന്നേൽക്കുക.' ആ സ്ത്രീ അപ്പോൾ നേരത്തേക്കാൾ ഉറക്കെ നിലവിളിക്കുന്നു. ഖേദത്തിനും ഹർഷത്തിനും സ്ത്രീക്ക് കണ്ണീരുവേണം. അവൾ ഒഴിഞ്ഞുമാറിയ വാൾ നിന്റെ ദിശയിലേക്കാണിപ്പോൾ സഞ്ചരിക്കുന്നത്. എല്ലാ അമ്മമാരുടേയും സങ്കടങ്ങൾ തീർക്കുന്ന ഒരാൾക്ക് സ്വന്തം അമ്മയെ രക്ഷിക്കാനാവാത്തതെന്തുകൊണ്ട്?

ഒടുവിൽ ദൈവം കൈവിട്ടു എന്ന നിലവിളി. പെട്ടെന്ന് മകന്റെ സ്മൃതിയിലും അധരങ്ങളിലും അമ്മ പ്രാർത്ഥിച്ച പ്രാർത്ഥന കൂട്ടായി എത്തി: 'നിന്റെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാനർപ്പിക്കുന്നു.' പിന്നെ മിഴി പൂട്ടി. അത് ഏതൊരു യഹൂദസ്ത്രീയും മക്കളെ പഠിപ്പിക്കുന്ന ആദ്യപ്രാർത്ഥനയാണ്. കുട്ടി കുറച്ച് ഹരിച്ചെടുക്കുമ്പോൾ ഒടുവിൽ മുലപ്പാലിനോടൊപ്പം അമ്മ ഉരുവിട്ട പ്രാർത്ഥ നകളേ കൂടെയുണ്ടാവൂ. അവസാനം അമ്മ പ്രാർത്ഥനയാകുന്നു.

പാചക ദീപ്തി

# ചിക്കൻ ഹവായിയൻ സാലഡ്



ടോണി ജോസഫ് ജോൺ



ചിക്കൻ തയ്യാറാക്കാൻ:-

ചിക്കൻ Boneless - 250 g
കുരുമുളക് പൊടി ½ tsp
ഉപ്പ് ആവശ്യത്തിന്
വെളുത്തുള്ളി പേസ്റ്റ് ½ tsp
ലെമൺ ജ്യൂസ് 1 tsp
എണ്ണ 1 tsp

സാലഡ് തയ്യാറാക്കാൻ:-

പൈനാപ്പിൾ - 1 cup, ചെറിയ കഷ്ണങ്ങൾ
ആപ്പിൾ - 1 ചെറിയത്, കഷ്ണങ്ങൾ
സ്വീറ്റ് കോൺ - ½ cup
ക്യാരറ്റ് - ¼ cup, ചെറിയ കഷ്ണങ്ങൾ
ക്യൂകംബർ - ½ cup
ലെറ്റൂസ് - 1-2 cups, അരിഞ്ഞത്
ക്യാപ്സിക്കം - ¼ cup
കശുവണ്ടി -

ഡ്രസ്സിങ് തയ്യാറാക്കാൻ:-

മയോണൈസ് - 3 tbsp
ഫ്രഷ് ക്രീം - 2 tbsp
പൈനാപ്പിൾ ജ്യൂസ് - 1-2 tbsp
തേൻ - 1 tsp
കുരുമുളക് പൊടി - ¼ tsp
ഉപ്പ് - ഒരു നുള്ള്

തയ്യാറാക്കുന്ന വിധം:-

* ചിക്കനിൽ ഉപ്പ്, കുരുമുളക് പൊടി, വെളുത്തുള്ളി പേസ്റ്റ്, ലെമൺ ജ്യൂസ് എന്നിവ പുരട്ടി 15 മിനിറ്റ് വെക്കുക.

* ഒരു പാനിൽ 1 ്വേ എണ്ണ ചൂടാക്കി ചിക്കൻ നന്നായി വേവിക്കുക. തണുത്ത ശേഷം ചെറിയ കഷ്ണങ്ങളാക്കുക.

* ഒരു വലിയ ബൗളിൽ ലെറ്റുസ്, പൈനാപ്പിൾ, ആപ്പിൾ, സ്വീറ്റ് കോൺ, ക്യാരറ്റ്, ക്യൂകംബർ, ക്യാപ്സിക്കം എന്നിവ ചേർക്കുക. ഇതിലേക്ക് വേവിച്ച ചിക്കൻ ചേർക്കുക.

* വേറെ ഒരു ബൗളിൽ മയോണൈസ്, ഫ്രഷ് ക്രീം , പൈനാപ്പിൾ ജ്യൂസ് , തേൻ, കുരുമുളക് പൊടി, ഉപ്പ് എന്നിവ നന്നായി യോജിപ്പിക്കുക.

* ഡ്രസ്സിങ് സാലഡഡിലേക്ക് ഒഴിച്ച് പതുക്കെ യോജിപ്പിച്ചു എടുക്കുക. ശേഷം വറുത്ത കശുവണ്ടി ചേർക്കുക.

* 20 - 30 മിനിറ്റ് ഫ്രിഡ്ജിൽ വെച്ച ശേഷം കഴിച്ചാൽ നല്ല രുചി ഉണ്ടാകും.

*വരാപ്പുഴ ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപ്പറമ്പിലിനെ  വത്തിക്കാനിലെ സുവിശേഷവൽകരണ ഡിക്കാസ്റ്ററിയിലെ അംഗമായി ലെയോ പതിനാലാമൻ പാപ്പ വീണ്ടും നിയമിച്ചു*

വരാപ്പുഴ അതിരൂപത മെട്രോപോളിറ്റൻ ആർച്ച് ബിഷപ്പ്  ഡോ. ജോസഫ് കളത്തിപറമ്പിലിനെ വത്തിക്കാനിലെ സുവിശേഷവൽകരണ ഡിക്കാസ്ട്രിയിലെ അംഗമായി വീണ്ടും ലെയോ പതിനാലാമൻ പാപ്പാ നിയമിച്ചു. അഞ്ചുവർഷത്തെ കാലാവധിയിലേക്കാണ് പുതിയ നിയമനം. പാപ്പായുടെ നിയമന ഉത്തരവ് വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയേത്രോ പരോളിൻ ആർച്ച് ബിഷപ്പിനെ അറിയിച്ചു. പ്രഥമ സുവിശേഷവൽകരണത്തിന്റെയും പുതിയ പ്രാദേശിക സഭകളുടെയും വിഭാഗത്തിലേക്കാണ് പാപ്പ ആർച്ച്ബിഷപ്പിനെ നിയമിച്ചിരിക്കുന്നത്. ആഗോള സഭയുടെ സുവിശേഷവൽകരണ ദൗത്യത്തിലും മിഷൻ പ്രവർത്തനങ്ങളിലും അദ്ദേഹം തുടർന്നും പ്രധാന പങ്ക് വഹിക്കും. 2020 നവംബറിലാണ് ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് പാപ്പ ആർച്ച് ബിഷപ്പ് ഡോ. ജോസഫ് കളത്തിപറമ്പിലിനെ ഡിക്കാസ്ട്രിയിൽ ആദ്യമായി നിയമിച്ചത്. സുവിശേഷ വൽകരണം, സഭയുടെ നയതന്ത്രം, കാനോൻ നിയമം എന്നിവയിലുള്ള ആർച്ച്ബിഷപ്പിന്റെ അഗാധ പരിജ്ഞാനം കണക്കിലെടുത്താണ് ഈ പുതിയ നിയമനം. വത്തിക്കാനിലെ സെൻറ് പോൾസ് പൊന്തിഫിക്കൽ കോളജിന്റെ വൈസ് റെക്ടർ, പിന്നീട് കോഴിക്കോട് രൂപതയുടെ രണ്ടാമത്തെ തദ്ദേശീയ മെത്രാൻ തുടർന്ന് വത്തിക്കാനിലെ പ്രവാസികൾക്കും കുടിയേറ്റക്കാർക്കും ആയിട്ടുള്ള ഡിക്കാസ്ട്രിയിലെ സെക്രട്ടറി എന്നീ പദവികൾ വഹിച്ച ഡോ. ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് ഇപ്പോൾ സുവിശേഷവത്ക രണ ഡിക്കാസ്ട്രിയിൽ അംഗമായി രണ്ടാമതും നിയമി ക്കപ്പെട്ടിരിക്കുകയാണ്.

*സ്ത്രീകളെ സ്വയം പര്യാപ്തരാക്കുകയാണ് സർക്കാർ ലക്ഷ്യം മുഖ്യമന്ത്രി വി.ഡി. സതീശൻ*

എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിക്ക് പിന്നോക്ക വിഭാഗ വികസന കോർപ്പ റേഷൻ സമഗ്ര 2026 സ്വയംതൊഴിൽ വായ്പ മുഖ്യ മന്ത്രി വി.ഡി. സതീശൻ കൈമാറുന്നു. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സമഗ്ര 2026 സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിക്ക് സ്വയംതൊഴിൽ വായ്പ മുഖ്യമന്ത്രി വി.ഡി. സതീശൻ നൽകി.

ചരിത്രത്തിലാദ്യമായി നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 540 പദ്ധതികളുടെ സ്ഥിതി അറിയുന്നതിന് പോർട്ടൽ സർക്കാർ നടപ്പിലാക്കിയെന്നും, പിന്നോക്ക വിഭാഗത്തിന് കോർപ്പറേഷൻ വഴി വിവിധ പദ്ധതികൾ നടപ്പിലാക്കുമെന്നും മുഖ്യമന്ത്രി വി.ഡി. സതീശൻ പറ ഞ്ഞു.

സംസ്ഥാന പിന്നോക്ക വിഭാഗമായ വികസന കോർപറേഷൻ സർക്കാരിന്റെ നൂറുദിന കർമ്മപരിപാടി യുടെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ ക്ഷേമ പദ്ധതി യായ സമഗ്ര 2026 ന്റെ സംസ്ഥാന തല ഉദ്ഘാടനം പള്ളുരുത്തിയിൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. മന്ത്രി കെ.എ. തുളസി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിക്ക് ആദ്യ ഗഡു ഫണ്ട് മുഖ്യമന്ത്രി നൽകുകയുണ്ടായി.

# വാർത്തകൾ

NEWS

## *അഭിനന്ദനങ്ങൾ*



കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യ (CHAI) കേരള ചാപ്റ്ററിന്റെ വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട റവ. ഫാ. വിമൽ ഫ്രാൻസിസിന് അഭിനന്ദനങ്ങൾ. അടുത്ത മൂന്ന് വർഷത്തേക്കാണ് ഈ നിയമനം. നിലവിൽ ലൂർദ് ഇൻസ്റ്റിറ്റ്യൂഷൻസിന്റെ ഡയറക്ടറായി സേവനമനുഷ്ഠിച്ചു വരികയാണ് അദ്ദേഹം.

*എയ്ഞ്ചൽസ് മീറ്റ്*

വരാപ്പുഴ അതിരൂപത വിശ്വാസപരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഭിന്നശേഷിക്കാരായ കുട്ടികളുടെ സംഗമവും കലാപരിപാടികളും എയ്ഞ്ചൽസ് മീറ്റ് വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ബിഷപ് ഡോ. ആന്റണി വാലുങ്കൽ ഉദ്ഘാടനം ചെയ്തു. ആഗസ്റ്റ് 8-ന് പെരുമാനൂർ സെന്റ് ജോർജ് ഇടവക പാരീഷ് ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ അതിരൂപത യിലെ വിവിധ ഇടവകകളിൽ നിന്നുള്ള നിരവധി കുട്ടികളും മാതാപിതാക്കളും സംബന്ധിച്ചു.

*ലൂർദ് ആശുപത്രിയിൽ കാർഡിയോതൊറാസിക് ശസ്ത്രക്രിയയിൽ ചരിത്രനേട്ടം: 100 ക്ലിനിക്കൽ ദിവസങ്ങളിൽ 100-ലധികം ശസ്ത്രക്രിയകൾ, 100% വിജയനിരക്ക്*

കൊച്ചി: ലൂർദ്സ് ആശുപത്രിയുടെ കാർഡിയോതൊറാസിക് സർജറി വിഭാഗം വെറും 100 ക്ലിനിക്കൽ ദിവസങ്ങൾക്കുള്ളിൽ 100-ലധികം ഹൃദയ ശസ്ത്രക്രിയകൾ 100% വിജയനിരക്കോടെ പൂർത്തിയാക്കി ശ്രദ്ധേയമായ നേട്ടം കൈവരിച്ചു. ഈ



# വാർത്തകൾ

NEWS

നേട്ടത്തിന്റെ ഭാഗമായി സംഘടിപ്പിച്ച ആഘോഷ പരിപാടിയിൽ ലൂർദ്സ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് ഡയറക്ടർ ഫാ. വിമൽ ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. കൃത്യത, വൈദഗ്ധ്യം, കൂട്ടായ പ്രവർത്തനം, രോഗികേന്ദ്രീകൃത പരിചരണം എന്നിവയിൽ കാർഡിയോതൊറാസിക് സർജറി വിഭാഗം പുലർത്തുന്ന ഉയർന്ന നിലവാരത്തിന്റെ തെളിവാണ് ഈ നേട്ടമെന്നും കാർഡിയോതൊറാസിക് സർജൻ ഡോ. ജോസഫ് തോമസിന്റെയും, കാർഡിയാക് അനസ്തേഷിയോളജിസ്റ്റുമാരായ ഡോ. ആനന്ദ് മാത്യു മാമന്റെയും, ഡോ. ടോം തോമസിന്റെയും, നഴ്സിംഗ് വിഭാഗം ഉൾപ്പെടെയുള്ള മുഴുവൻ മൾട്ടിഡിസിപ്ലിനറി കാർഡിയാക് കെയർ ടീമിന്റെയും അർപ്പണബോധവും നൈപുണ്യവും ഏകോപിത പ്രവർത്തനവുമാണ് ഈ വിജയത്തിന് പിന്നിലെ ശക്തിയായതെന്നും അദ്ദേഹം പറഞ്ഞു.വൈപ്പിൻ എം.എൽ.എ ശ്രീ. ടോണി ചമ്മിണി ഉദ്ഘാടനം ചെയ്തു. ലൂർദ് ആശുപത്രി മെഡിക്കൽ ഡയറക്ടർ ഡോ. പോൾ പുത്തൂരാൻ അനുമോദന പ്രഭാഷണം നടത്തി.

കാർഡിയോതൊറാസിക് സർജൻ ഡോ. ജോസഫ് തോമസ്, കാർഡിയാക് അനസ്തേഷിയോളജിസ്റ്റ് ഡോ. ആനന്ദ് മാത്യു മാമൻ എന്നിവർ നേട്ടത്തെ കുറിച്ച് സംസാരിച്ചു. ചടങ്ങിൽ ആശുപത്രി മാനേജ്മെന്റ് അംഗങ്ങൾ, ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ജീവനക്കാർ എന്നിവർ പങ്കെടുത്തു. ഓപ്പൺ ഹാർട്ട് സർജറി കഴിഞ്ഞ രോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സാന്നിധ്യം ചടങ്ങിന് മിഴിവേകി. വോൾഗാ മരിയ എസ്, സാന്ദ്ര ഫിലിപ്പ് എന്നിവർ സംസാരിച്ചു.









*ലൂർദ് കോളേജ് ഓഫ് നഴ്സിംഗ് : സിദ്ദി സദൻ ‘ ന്റെ ആശിർവാദകർമവും , ഉദ്ഘാടനവും ഭാരതത്തിന്റെ മുൻ നുൺഷ്യോ മോസ്റ്റ് റവ . ഡോ. പെഡ്രോ ലോപ്പസ് ക്വിന്റാനോ നിർവഹിക്കുന്നു.മുൻ ആർച്ച്ബിഷപ് ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ സമീപം*

*2004 മാർച്ച് 25*

## ആർച്ച്ബിഷപ്പ്സ് 'സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

**സ്നേഹഭവനം പദ്ധതിയിലേക്ക് സംഭാവന നല്കിയവർ (16.5.2026)**

1.മഞ്ഞുമ്മൽ സി.ആർ.സി - 5000 രൂപ

2.OPERA സാന്താ മരിയ ഡെല്ല ലൂസി, ചെട്ടിഭാഗം - 5000 രൂപ

3.സെന്റ്. അംബ്രോസ് ചർച്ച്, എടവനക്കാട് - 5000 രൂപ

4.മൗണ്ട് കാർമ്മൽ ചർച്ച്, ചാത്യാത്ത് - 20000 രൂപ

5.സെന്റ് മേരി മാഗ്ദലിൻ ചർച്ച്, മൂത്തേടം - 10001 രൂപ

6.ജുവാൻ ജ്യോതി ആശ്രമം, അയിരൂർ- 5000 രൂപ

7.സെന്റ്. തെരേസാസ് മൊണാസ്ട്രി, ബാനർജി റോഡ്, എറണാകുളം - 10000 രൂപ

8.കപ്പുച്ചിൻ ആശ്രമം - 10000 രൂപ

9.സെന്റ് ഫിലോമിനാസ് ചർച്ച്, കൂനമ്മാവ് - 15000 രൂപ

10.സെന്റ്. ആൻസ് ചർച്ച്, തോട്ടക്കാട്ടുകര - 15000 രൂപ

11.ബിന്നി, വല്ലാർപാടം - 4000 രൂപ

12.സെന്റ്. ജൂഡ് ചർച്ച്, കുരീക്കാട് - 15000 രൂപ

13.ട്യ. എസ്തർ ചർച്ച് ഓഫ് ഔവ്വർ ലേഡി ഓഫ് ഫാത്തിമ ഇളംകുളം- 15000 രൂപ

14.സഞ്ജു വർഗീസ് & ഷാരോൺ പീറ്റർ, സെന്റ്. ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ- 20000 രൂപ

15.പാരീഷ് പ്രീസ്റ്റ്, വരാപ്പുഴ ബസലിക്ക - 10000 രൂപ

16.പാരീഷ് പ്രീസ്റ്റ്, മാമംഗലം - 10000 രൂപ

17.നിത്യസഹായമാതാ ചർച്ച്, ഉദയംപേരൂർ - 12500 രൂപ

**വരാപ്പുഴ അതിരൂപത ജൂബിലി സ്മാരകമായ സെന്റ് ജോസഫ് മാലിപ്പുറം ദൈവാലയ നിർമാണത്തിന് സംഭാവന നൽകിയവർ**

**1. സെന്റ് ജോസഫ് യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 5,200 രൂപ**

**2. ഹോളി സ്പിരിറ്റ് യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 4400 രൂപ**

**3. സെന്റ് റാഫേൽ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 6800 രൂപ**

**4. സെന്റ് ഗബ്രിയേൽ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 5000 രൂപ**

**5. ലീല ബാബു, എറണാകുളം - 30,000 രൂപ**


**6. ഫാ. ആന്റണി ഫാഷ്ബിൻ - 1,00,000 രൂപ**

**7. സെന്റ് ആഞ്ചലീന യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 4500 രൂപ**

ബൈബിൾ
വിചിന്തനം

# വരങ്ങളുടെ പുഴ, വരാപ്പുഴ

**വി. മത്തായി 5:14-16**



ഡോ. വിൻസെന്റ്
വാര്യത്ത്



അമ്മയോടുള്ള വലിയ സ്നേഹത്താൽ അമ്മ വീടിന്റെ ചരിത്രം ഏറെ താൽപര്യത്തോടെ പഠിച്ചെടുക്കാൻ ശ്രമിക്കുന്ന കുഞ്ഞിനെപ്പോലെ, വരാപ്പുഴ അതിരൂപത എന്ന അമ്മയെ കുറച്ചുകൂടി മനസ്സിലാക്കാൻ ശ്രമിക്കുന്നത് വളരെ നന്നായിരിക്കും. വരാപ്പുഴ വികാരിയത്ത്, അതിരൂപതയായി ഉയർത്തപ്പെട്ടതിന്റെ 140-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ, വരാപ്പുഴ അതിരൂപത എന്ന അമ്മ മരത്തെ കൂടുതൽ അറിയാൻ ഇന്നത്തെ വിചിന്തനത്തിലൂടെ നമുക്ക് ശ്രമിക്കാം
.

***1.രൂപതകളുടെ മാതാവ്***

എന്തുകൊണ്ട് വരാപ്പുഴ അതിരൂപതയെ രൂപതകളുടെ മാതാവ് എന്നുവിളിക്കുന്നു?
1657-ലാണ് ഈ മഹാരൂപത കർമ്മലീത്ത സന്യാസിമാരാൽ തുടക്കമിടപ്പെടുന്നത്. 1659-ൽ ഔദ്യോഗികമായി മലബാർ വികാരിയത്ത് എന്ന് ഇത് നാമകരണം ചെയ്യപ്പെട്ടു. 1709-ൽ വരാപ്പുഴ വികാരിയത്ത് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. 1886-ൽ ലെയോ പതിമൂന്നാമൻ പാപ്പയുടെ ഹുമാനെ സാലൂത്തിസ് ഓക്ടർ എന്ന ചാക്രിക ലേഖനത്തിലൂടെ വരാപ്പുഴ അതിരൂപതയായി സംസ്ഥാപിക്കപ്പെട്ടു. ആസ്ഥാനം വരാപ്പുഴ തന്നെയായിരുന്നു. പിന്നീട് 1904-ലാണ് ബർണാഡ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ ആസ്ഥാനം എറണാകുളത്തേക്ക് മാറ്റിയത്. ഇന്ത്യയിലെ ഒട്ടുമിക്ക രൂപതകളുടെയും മാതൃസ്ഥാനത്ത് വരാപ്പുഴ അതിരൂപത ചരിത്രപരമായി ഉണ്ട്. അതുകൊണ്ടു തന്നെ മറ്റെല്ലാ രൂപതകളും സ്നേഹവും ആദരവും കലർന്ന അടുപ്പവും വരാപ്പുഴ അതിരൂപതയോട് കാണിക്കാറുണ്ട്.

***2.ആത്മീയതയുടെ ഈറ്റില്ലം***

കേരളത്തിൽ ആത്മീയതയുടെ ഈറ്റില്ലമായി വരാപ്പുഴ അതിരൂപത എക്കാലവും പ്രവർത്തിച്ചിരുന്നു. ആത്മീയ നവോത്ഥാനത്തിലേക്ക് ഏവരെയും നയിക്കുന്നതിനും സാമൂഹിക, വിദ്യാഭ്യാസപരമായ പരിവർത്തനത്തിലൂടെ ആളുകളെ വളർത്തുന്നതിനും നമ്മെ നയിച്ചിരുന്ന കർമ്മലീത്ത മിഷനറിമാർ കൃത്യമായി, വ്യക്തമായി പദ്ധതികൾ ഒരുക്കിയിരുന്നു.

***3.നവോത്ഥാന നായകത്വം***

'പള്ളിക്കൊപ്പം പള്ളിക്കൂടം' എന്ന മുദ്രാവാക്യം ആദ്യം മുഴങ്ങിയത് വരാപ്പുഴ അതിരൂപതയിലാണ്. ആ പ്രയോഗം ബെർണ്ണഡിൻ ബെച്ചിനെല്ലി പിതാവിന്റേതായിരുന്നു. 'പിടിയരി പ്രസ്ഥാനം' ഇവിടെയാണ് തുടങ്ങിയത്. അത് പാവപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി എത്രമാത്രം സഹായകമായി എന്ന് നമുക്ക് പിന്നീട് വരുന്ന വിചിന്തനങ്ങളിൽ ചർച്ച ചെയ്യാം. കേരളത്തിലെ ആദ്യത്തെ മിഷൻ ഹോസ്പിറ്റൽ വരാപ്പുഴ അതിരൂപതയിൽ കർമ്മലീത്ത മിഷനറിമാർ 1887-ൽ മഞ്ഞുമ്മലിൽ സ്ഥാപിച്ച സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ആയിരുന്നു. സ്ത്രീകൾക്ക് വേണ്ടിയുള്ള ആദ്യത്തെ സ്കൂളും ബോർഡിങ്ങും തുടങ്ങിവെച്ചത് 1866-ൽ വാഴ്ത്തപ്പെട്ട മദർ ഏലീശ്വയാണ്. ഭാരതത്തിലെ

ആദ്യത്തെ കത്തോലിക്കാ സന്ന്യാസിനി സി.റ്റി.സി. സ്ഥാപക മദർ ഏലീശ്വാ വാകയിൽ ആയിരുന്നു. മദർ സ്ഥാപിച്ച സന്ന്യാസസഭ വിഭാഗമായ സി.റ്റി.സി. ഇന്ത്യയിലെ ആദ്യ കത്തോലിക്കാ വനിതാ സന്ന്യാസ സഭയാണ്. ഈ സന്ന്യാസ സഭയിൽനിന്നും വേർപിരിഞ്ഞുപോയ സി.എം.സി. സന്ന്യാസ വിഭാഗത്തിലെ അംഗമായിരുന്നു വിശുദ്ധ എവുപ്രാസ്യമ്മ. വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ 1861 ജൂൺ എട്ടു മുതൽ വരാപ്പുഴ അതിരൂപതയുടെ വികാരി ജനറലായി പ്രവർത്തിച്ചിരുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെ 1932 -ൽ വരാപ്പുഴ മെത്രാസന മന്ദിരത്തിൽ വന്നു താമസിച്ചിട്ടുണ്ട്. വിശുദ്ധ മദർ തെരേസയും ഈ അതിരൂപതയെ സാന്നിദ്ധ്യത്താൽ സമ്പന്നമാക്കിയിട്ടുണ്ട്. വിശുദ്ധ ജോൺപോൾ രണ്ടാമനും ഈ അതിഭദ്രാസന മന്ദിരത്തിൽ താമസിച്ച് ഏറെ സമയം ചെലവഴിച്ചിട്ടുണ്ട്.

*4.വി. യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥം*

വരാപ്പുഴ അതിരൂപതയുടെ പ്രത്യേക മദ്ധ്യസ്ഥൻ സെന്റ് ജോസഫ് ആണ്. 1888 ഏപ്രിൽ ഒന്നു മുതൽ ആണ് അതിരൂപതയുടെ പ്രത്യേക മദ്ധ്യസ്ഥനായി യൗസേപ്പിതാവ് പ്രഖ്യാപിക്കപ്പെടുന്നത്. അതിരൂപതയിലെ വളരെയേറെ സ്ഥാപനങ്ങളും വിശുദ്ധ യൗസേപ്പിതാവിന്റെ നാമധേയത്തിൽ തന്നെയാണ്. അതിരൂപതയെ നയിച്ച മെത്രാപ്പോലീത്തമാരിൽ ഭൂരിഭാഗം പേരും ജോസഫ് നാമധാരികളാണ്.

*5.വരങ്ങളുടെ പുഴ*

വരാപ്പുഴ എന്ന പേരിന്റെ അർത്ഥം അനുഗ്രഹങ്ങളുടെ പുഴ എന്നുതന്നെയാണ്. അക്ഷരാർത്ഥത്തിൽ ദൈവകൃപയുടെ പുഴയായി വരാപ്പുഴ അതിരൂപത മുന്നേറിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഭാഗമായി മാറിയതിൽ നമ്മൾ സന്തോഷിക്കണം, അഭിമാനിക്കണം. വേരാപോലീസ് എന്ന ലാറ്റിൻ പദത്തിൽ നിന്നും വരാപ്പുഴ എന്ന പദം ഉണ്ടായി എന്നൊരു ധാരണ ചിലർക്കുണ്ട്. ചരിത്രപരമായി അത് ശരിയല്ല. എങ്കിലും ആ പദത്തിന്റെ അർത്ഥം ഉൾക്കൊള്ളാവുന്നതാണ്. വേരാ പോലീസ് എന്ന പ്രയോഗത്തിന് അർത്ഥം സത്യത്തിന്റെ പട്ടണം എന്നാണ്. സത്യത്തിന്റെയും നീതിയുടെയും നന്മയുടെയും ഒരിടമായി നമ്മുടെ അതിരൂപത എന്നും നിലകൊള്ളണം. ഓരോ അതിരൂപതാംഗവും സത്യത്തിന്റെയും നീതിയുടെയും നന്മയുടെയും പ്രതീകമായി ചലിക്കുന്നതിനെക്കുറിച്ച് നമുക്ക് ചിന്തിക്കാം. അതിനുവേണ്ടി ഹൃദയം ഒരുക്കാം. വചന സാക്ഷികളായി, ലോകത്തിന്റെ പ്രകാശവും ഉപ്പുമായി നമുക്കും മാറാം.

***ചർച്ച***

***വായിച്ചു കേട്ട ചരിത്ര വിശേഷങ്ങൾ 10 ചോദ്യങ്ങളെങ്കിലുമുള്ള ക്വിസ് ആയി അവതരിപ്പിക്കുക.***

***2027-ൽ ബി.സി.സി. (BCC) നടത്തുന്ന ലത്തീൻ ചരിത്രക്വിസ് മത്സരത്തിനായുള്ള ചോദ്യങ്ങൾ, ഈ മാസം മുതൽ പ്രസിദ്ധീകരിക്കുന്ന 'വിചിന്തനങ്ങൾ' എന്ന ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നതാണ്. മത്സരാർത്ഥികൾ ഇത് ശ്രദ്ധിക്കുമല്ലോ.***

---

**എക്സോഡസ്സ് മീറ്റിംഗ്**

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2026 സെപ്റ്റംബർ 27 ന് ആശീർഭവനിൽ

---

**ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന സെപ്റ്റംബർ മാസത്തെ പരിപാടികൾ:**

– വിവാഹ ഒരുക്ക കോഴ്സ് സെപ്റ്റംബർ 4,5,6 & 18,19,20

മാതൃവേദി കൂട്ടായ്മ : വിനോദയാത്ര (Pepper Island)

അൽമാന (വിധവ ) കൂട്ടായ്മ : സെപ്റ്റംബർ - 12th ഉച്ചയ്ക്ക് 3.30 ന്

-ഏകസ്ഥ കൂട്ടായ്മ : സെപ്റ്റംബർ 17th രാവിലെ 10 .00 ന്

– Pro-Life കൂട്ടായ്മ : സെപ്റ്റംബർ - 12th

ആശിർഭവനിൽ 5.30 pm നടത്തപ്പെടുന്നു





സാബു നെടുനിലത്ത്

# കനിവ് (പിയേത്താ)

*മൈക്കലാഞ്ചലോ കൈയൊപ്പ് ചാർത്തിയ*
*വെണ്ണക്കൽ ശില്പമാണ് പിയേത്താ.*
*ദുഃഖത്തിന്റെ സൂര്യശിലയായ്ത്തീർന്ന ഒരമ്മ തന്റെ മടിത്തട്ടിൽ*
*മകന്റെ ആറിത്തണുത്ത തിരുഗാത്രം*
*വാത്സല്യാർദ്രം താങ്ങിക്കടത്തിയ കാഴ്ച.*
*പിയേത്താ ഒരു ശില്പം മാത്രമല്ല.*
*അനുനിമിഷം സൃഷ്ടിക്കപ്പെടുന്ന പരമാർഥമാണത്.*
*ആത്മബലിയാകുന്നവരുടെ ഉയിർത്തെഴുന്നേല്പ്*
*കാത്തിരിക്കുന്ന വ്യാകുലങ്ങളിൽ വിരിയുന്ന ശില്പം.*
*ആഴക്കടലിൽ മറഞ്ഞുപോയവരുടെ ഉടലും കാത്തിരിക്കുന്നവർ.*
*മഴപ്പെയ്ത്തിൽ മാഞ്ഞുപോയ വീടിന്റെ സ്ഥാനം തേടുന്നവർ.*
*അറസ്റ്റിതനായ നിരപരാധന്റെ ജഡമേറ്റുവാങ്ങുന്നവർ.*
*കാട്ടുജന്തുക്കലിയിൽ ഒടുങ്ങിയവരെ തിരയുന്നവർ.*
*നാളെയെന്തെന്നറിയാതെ രോഗാതുരൻ പൈതലിന്റെ ചാരെ ഇരിക്കുന്നവർ.*
*നഷ്ടമായ പഠന, ജോലി, വിധിയോർത്ത് ഉയിരിന്റെ അരങ്ങ് വിട്ടവർ.*
*എണ്ണിയാലൊടുങ്ങാത്ത നൊമ്പര ശില്പങ്ങൾക്ക്*
*മുഖങ്ങളും ക്ഷതങ്ങളും സന്ദർഭങ്ങളും പലതെങ്കിലും ഭാവം ഒന്നുതന്നെ.*
*മുറിവുകൾ മായ്ക്കാനാവില്ല, കൈവിട്ടുപോയത് എത്തിപ്പിടിക്കാനുമാവില്ല.*
*പരിതാപം വീണവർക്കുവേണ്ടിയുള്ള രോദനം മാത്രമാണെങ്കിൽ*
*അപരനുമായുള്ള തന്മയീഭാവശക്തിയത്രെ അഭികാമ്യം.*
*ദുഃഖത്തിന്റെ നുകവും തോളിലേറ്റി നടക്കുക. ദർശന സുഖത്തിനല്ല,*
*നാടും വീടും ദൈവാലയം കണക്കേ പരിശുദ്ധമാകാൻ.*
*ഉയിർത്തെഴുന്നേല്ക്കാൻ ഊർജം തേടുന്ന*
*പിയേത്താ കേവലം ശിലയായിട്ടല്ല.*
*ആർദ്രഭാവമായി ഹൃദയങ്ങളെ തൊട്ടുണർത്തിയെങ്കിൽ!*
*മനുഷ്യന്റെ കനിവിൻ മടിയിൽ ഉയിർപ്പും കാത്തിരിക്കുന്ന*
*അനേകം ജീവച്ഛവങ്ങളുണ്ടെന്നോർക്കാം.*
*കവി ഒ.എൻ.വി. കുറുപ്പ് മനംനൊന്ത് പാടുന്നു:*
*മൃതിയാശ്ലേഷിച്ചാലും, പിന്നെയും മാതാവിന്റെ*
*മടിയിലുയിർ തേടിയണയും തൃപ്പുത്രനം...*

*(മൈക്കിലാഞ്ചലോ മാപ്പ്)*



ജീവദീപ്തിയിലെ പരസ്യങ്ങൾക്കും
വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം
ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004

# അംബികാപുരം പരിശുദ്ധ വ്യാകുലമാതാവിന്റെ

# കൊമ്പ്രേര്യ തിരുനാൾ

**2026 സെപ്റ്റംബർ 16 മുതൽ
സെപ്റ്റംബർ 20വരെ**



**പരിശുദ്ധ വ്യാകുലമാതാവേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!**

നവനാൾ നൊവേന ദിനങ്ങൾ : സെപ്റ്റംബർ 02 - സെപ്റ്റംബർ 10

## കലൂർ പൊറ്റക്കുഴി
## ചെറുപുഷ്പ
## ദൈവാലയത്തിൽ



# ശതാബ്ദി തിരുനാൾ

**നൊവേന ദിനങ്ങൾ**
സെപ്റ്റംബർ 21 മുതൽ
29 വരെ

**തിരുനാൾ ദിനങ്ങൾ**
സെപ്റ്റംബർ 30 മുതൽ
ഒക്ടോബർ 4 വരെ

**എട്ടാമിടം**
ഒക്ടോബർ 9, 10, 11



### സെപ്റ്റംബർ 30

വൈകിട്ട് 5.30: കൊടികയറ്റം
തുടർന്ന് ആഘോഷമായ
പൊന്തിഫിക്കൽ ദിവ്യബലി
**ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**
അതിരൂപത മെത്രാപ്പോലീത്ത

### ഒക്ടോബർ 4 : തിരുനാൾ ദിനം

രാവിലെ 9.00:
ആഘോഷമായ പൊന്തിഫിക്കൽ ദിവ്യബലി
മുഖ്യകാർമികൻ
**ഡോ. ഫ്രാൻസിസ് കല്ലറക്കൽ**
**ബിഷപ്പ് എമിരിറ്റസ്**

ആശംസകളോടെ

ഫാ. പാട്രിക് ഇലവുങ്കൽ
വികാരി

ഫാ. അലൻ ആന്റണി
ഫാ. അനു ജോസഫ്
സഹവികാരിമാർ

തിരുനാൾ പ്രസുദേന്തിമാർ
(നടുവില വീട്ടിൽ കുടുംബയോഗം)